VOL NO: 05 | ISSUE 06
www.nerpatham.com
mail@nerpatham.com

2021 FEBRUARY 06 | ₹12

# നേർപഥം

വാരിക



# ഇസ്‌ലാം സ്ത്രീ അനന്തരാവകാശം

ഇസ്‌ലാം വിമർശകരുടെ ഏറ്റവും വലിയ പ്രചാരണായുധങ്ങളിൽ ഒന്നാണ് സ്ത്രീകളുടെ അനന്തരാവകാശ സ്വത്തുമായി ബന്ധപ്പെട്ട ഇസ്‌ലാമിക നിയമങ്ങൾ. ഗഹനമായ പഠനത്തിന്റെയൊ മനനത്തിന്റെയൊ അടിസ്ഥാനത്തിലല്ല ഈ വിമർശനങ്ങളൊന്നും തന്നെ എന്നത് അവരുടെ വാദങ്ങളെ വിശകലനം ചെയ്താൽ ബോധ്യമാവും. ഇസ്‌ലാമിന്റെ അനന്തരാവകാശ നിയമങ്ങളെ കുറിച്ച മൗലികമായ പഠനം.

- വഞ്ചനയുടെ ഓൺലൈൻ കാലം

ബ്രഹ്മചര്യം പ്രകൃതിവിരുദ്ധം
അന്യരുടെ ജീവനെടുക്കുന്ന മദ്യപന്മാർ
ബിദ്അത്തിന്റെ ഇനങ്ങളും അവയുടെ വിധികളും

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

# 0212

**നേർപഥം**
വാരിക

2021 ഫെബ്രുവരി 06
1442 ജുമാദൽ ആഖിറ 24
പുസ്തകം 05 /ലക്കം 06

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo



Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly








## ഇസ്‌ലാം സ്ത്രീ അനന്തരാവകാശം
ശബീബ് സ്വലാഹി
10

05
**മുഖമൊഴി**
അന്യരുടെ ജീവനെടുക്കുന്ന മദ്യപന്മാർ
എഡിറ്റർ

06
**ചരിത്രപഥം**
പ്രബോധനരംഗത്ത്
ഹുസൈൻ സലഫി, ഷാർജ

16
**ക്വുർആൻ ദർശനം**
അൽവാഖിഅ (സംഭവം)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

18
**വിവർത്തനം**
ബിദ്അത്തിന്റെ ഇനങ്ങളും അവയുടെ വിധികളും
ഡോ. സ്വാലിഹ് ബിൻ ഫൗസാൻ

24
**ലേഖനം**
ബ്രഹ്മചര്യം പ്രകൃതിവിരുദ്ധം
അബൂഅമീൻ

26
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

31
**ലേഖനം**
വഞ്ചനയുടെ ഓൺലൈൻ കാലം
നബീൽ പയ്യോളി

34
**ജാലകം**
പോസിറ്റീവ്
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

ചലനങ്ങൾ

# മലബാർ കലാപത്തിന്റെ നേർവായന

കോഴിക്കോട്: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ 2021 ഏപ്രിൽ 1,2,3,4 തീയതികളിൽ സംഘടിപ്പിക്കുന്ന ഓൺലൈൻ കോൺഫറൻസിന്റെ മുന്നോടിയായി വിസ്ഡം യൂത്ത് പ്രക്ഷേപണം ചെയ്ത Wisdom Archives എന്ന പ്രോഗ്രാമിന്റെ ഒന്നാമത്തെ ചാപ്റ്റർ മലബാർ സമരത്തിന്റെ നേർവായനക്ക് നല്ലൊരു ആമുഖമായി. ഇതിലെ രണ്ടാമത്തെ ചാപ്റ്റർ പണിപ്പുരയിലാണ്.

1921ലെ സ്വാതന്ത്ര്യസമര പോരാട്ടത്തെ രണ്ട് സമുദായങ്ങൾ തമ്മിലുള്ള വർഗീയലഹളയായി ചിത്രീകരിക്കാനുള്ള ഗൂഢശ്രമത്തിന്റെ അടിവേരറുക്കുന്നതായിരുന്നു പ്രോഗ്രാം. പ്രമുഖ ചരിത്രകാരന്മാരുടെ നിരീക്ഷണങ്ങളും ആധികാരിക ചരിത്രരേഖകളുടെ നേർചിത്രവും പോരാട്ട ഭൂമികളിലൂടെയുള്ള യാത്രാദൃശ്യങ്ങളും സ്വാതന്ത്ര്യസമര ചരിത്രത്തിലെ അപൂർവ വീഡിയോകളും കോർത്തിണക്കിയ പ്രോഗ്രാം പ്രേക്ഷകർക്ക് വിരസതയില്ലാതെ വിജ്ഞാനം നുകരാൻ അവസരമൊരുക്കി.

പ്രമുഖ ചരിത്രകാരൻ കെ.കെ.എൻ കുറുപ്പ്, കാലിക്കറ്റ് സർവകലാശാല ചരിത്ര വിഭാഗം പ്രൊഫസർ ഡോ. ശിവദാസ്, വിസ്ഡം ഓർഗനൈസേഷൻ വൈസ് പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, സുഫ്‌യാൻ അബ്ദുസ്സലാം, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, ഡോ. പി.ഒ. ഉമർ ഫാറൂഖ് എന്നിവർ പ്രോഗ്രാമിന്റെ ഭാഗമായി. 'നിർഭയ ജീവിതം, സുരക്ഷിത സമൂഹം' എന്ന, സമ്മേളന പ്രമേയത്തിലെ രണ്ടാം ഭാഗമായ 'സുരക്ഷിത സമൂഹം' എന്ന ആശയത്തെ മുൻനിർത്തിക്കൊണ്ടാണ് ഈ പ്രോഗ്രാം സംഘടിപ്പിച്ചത്.

ഒരു സമൂഹത്തെ തുടച്ചുനീക്കാൻ അവരുടെ ചരിത്രം തന്നെ ഇല്ലാതാക്കിയാൽ മതിയെന്ന ഫാസിസ്റ്റ് തന്ത്രം ആസൂത്രിതമായി നടപ്പിലാക്കുന്ന ഈ കാലത്ത് ചരിത്രത്തെ സംരക്ഷിക്കുക എന്നത് സുരക്ഷിത സമൂഹത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണ്.

എല്ലാ വിഭാഗം ആളുകളും ഒന്നിച്ചുനിന്ന് നേടിയെടുത്തതാണ് നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം. എന്നാൽ ഇന്ന് നാം കാണുന്നത് ചരിത്രത്തെ അപനിർമിച്ച് രാജ്യത്തിലെ ചില ജനവിഭാഗങ്ങളെ പാർശ്വവത്കരിക്കുകയും രാജ്യത്തിന്റെ കണ്ണിലെ കരടായി അവരെ കാണുകയും ചെയ്യുന്ന പ്രവണതയാണ്. കോർപ്പറേറ്റുകളെ കൂട്ടുപിടിച്ച് ഭരണകൂടം നടത്തുന്ന വർഗീയ വിഭജനത്തിനെതിരെ ബൗദ്ധികമായ ചെറുത്തുനിൽപ്പ് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

## ബഹ്‌റൈൻ പരിപാടിയോടെ പ്രവാസി സംഗമങ്ങൾക്ക് തുടക്കമായി

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 1,2,3,4 തീയതികളിൽ നടക്കുന്ന ഓൺലൈൻ കോൺഫറൻസിന്റെ മുന്നോടിയായി ജി.സി.സി രാഷ്ട്രങ്ങളിൽ ആസൂത്രണം ചെയ്ത പ്രവാസി സംഗമങ്ങൾക്ക് ജനുവരി 29ന് ബഹ്‌റൈനിൽ സംഘടിപ്പിച്ച പ്രവാസി സംഗമത്തോടെ തുടക്കമായി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി സംഗമം ഉദ്ഘാടനം ചെയ്തു. 'നിർഭയ ജീവിതം, സുരക്ഷിത സമൂഹം' എന്ന സമ്മേളന പ്രമേയം വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി താജുദ്ദീൻ സ്വലാഹി അവതരിപ്പിച്ചു. തൃശൂർ ജില്ല വിസ്ഡം യൂത്ത് വിംഗ് വൈസ് പ്രസിഡന്റ് ശാഫി സ്വബാഹി പ്രഭാഷണം നിർവഹിച്ചു. അൽഹിദായ സെന്റർ മലയാളം വിംഗ് പ്രസിഡന്റ് ടി.പി.അബ്ദുൽ അസീസ് ആധ്യക്ഷ്യം വഹിച്ചു. ജനറൽ സെക്രട്ടറി അബ്ദുൽ ഗഫൂർ പാടൂർ ആമുഖ സംസാരം നടത്തി.

ബഹ്‌റൈൻ കേരളീയ സംഘടനയുടെ കാര്യദർശിയും പ്രവാസി ഭാരതീയ സമ്മാൻ ജേതാവുമായ പി.വി രാധാകൃഷ്ണ പിള്ള, ഫ്രന്റ്‌സ് സോഷ്യൽ അസോസിയേഷൻ പ്രസിഡന്റ് ജമാൽ നദ്‌വി, കേരള പ്രവാസി കമ്മീഷൻ മെമ്പറും ലോക കേരളസഭ അംഗവുമായ സുബൈർ കണ്ണൂർ, കെ.എം.സി.സി ബഹ്‌റൈൻ വൈസ് പ്രസിഡന്റ് ശംസുദ്ദീൻ വെള്ളിക്കുളങ്ങര എന്നിവർ ആശംസ നേർന്നു. അൽഹിദായ സെന്റർ ഭാരവാഹികളായ യാഖൂബ് ഈസ, അബ്ദുല്ലത്വീഫ് സി.എം, അബ്ദുല്ലത്വീഫ് ചാലിയം എന്നിവർ പരിപാടി നിയന്ത്രിച്ചു.

മുഖമൊഴി

# അന്യരുടെ ജീവനെടുക്കുന്ന മദ്യപന്മാർ

കാൽനട യാത്രികനെയും വാഹനങ്ങളെയും ഇടിച്ചശേഷം ഒരു കാർ നിർത്താതെ പോകുന്നു. അപകടമുണ്ടാക്കിയശേഷം അമിതവേഗത്തിൽ പാഞ്ഞുപോയ കാറിനെ പിടികൂടാൻ നാട്ടുകാരുടെ നിർദേശപ്രകാരം ബൈക്കിൽ രണ്ടു യുവാക്കൾ പിന്തുടരുന്നു. ഈ കാർ വീണ്ടും മറ്റൊരു കാറിലും പിക്കപ്പ് വാനിലും ഈ യുവാക്കൾ സഞ്ചരിച്ച വാനിലും ഇടിക്കുകയും ബൈക്കിലുണ്ടായിരുന്ന യുവാക്കളിൽ ഒരാൾ മരണപ്പെടുകയും ചെയ്യുന്നു. പാലക്കാട് ജില്ലയിലാണ് സംഭവം നടന്നത്.

കാർ ഓടിച്ചിരുന്നയാൾ മദ്യലഹരിയിലായിരുന്നെന്ന് കസ്റ്റഡിയിലെടുത്ത പോലീസ് സ്ഥിരീകരിച്ചിട്ടുണ്ട്. കൊഴിഞ്ഞാമ്പാറയിലെ ബാറിൽനിന്ന് ഇറങ്ങിയ ഇയാൾ കാർ എടുത്തശേഷം അവിടെ പാർക്ക് ചെയ്തിരുന്ന ബൈക്കുകളിൽ ഇടിച്ച ശേഷമാണ് നടന്നുപോകുകയായിരുന്ന ഒരാളെ ഇടിച്ചുതെറിപ്പിച്ച് കടന്നുകളഞ്ഞത്.

ഐടിഐയിലെ പഠനം പൂർത്തിയാക്കി തുടർപഠനം കാത്തിരിക്കുന്ന ഇരുപത്തിരണ്ടുകാരനായ ഒരു യുവാവിന്റെ ജീവനാണ് നഷ്ടമായിരിക്കുന്നത്. അവന്റെ കുടുംബത്തിന്റെ സ്വപ്നങ്ങളാണ് തല്ലിത്തകർക്കപ്പെട്ടിരിക്കുന്നത്.

ആരെയാണ് നാം പ്രതിസ്ഥാനത്തു നിർത്തേണ്ടത്? അപകടമുണ്ടാക്കി ലക്കുംലഗാനുമില്ലാതെ പാഞ്ഞുപോയ കാറിനെ പിടികൂടാൻ യുവാക്കളോട് ആവശ്യപ്പെട്ട നാട്ടുകാരും ബൈക്കിൽ കാറിനെ പിന്തുടർന്നുപോയ യുവാക്കളും ചെയ്തത് തെറ്റാണെന്ന് ആരും പറയില്ല. അപകടമുണ്ടാക്കി നിർത്താതെ രക്ഷപ്പെടാൻ ശ്രമിക്കുന്ന വാഹനങ്ങൾക്കു പിന്നാലെ പായാനും ഫോണിലൂടെ മറ്റുള്ളവരെ വിവരമറിയിച്ച് വഴിയിൽ തടയാൻ ആവശ്യപ്പെടാനും പോലീസിൽ വിവരമറിയിക്കാനുമൊക്കെ എല്ലാ നാട്ടിലും ആളുകളുണ്ടാകാറുണ്ട്. അത് ആവശ്യവുമാണ്. ഇവരെയൊന്നും പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയില്ല.

ഈ കേസിൽ മദ്യമാണ് വില്ലൻ. എന്നാൽ മദ്യത്തെ പ്രതിയാക്കാനും അറസ്റ്റുചെയ്യാനും സാധ്യമല്ലല്ലോ. മദ്യപിച്ച് കാറോടിച്ചവനാണ് യഥാർഥ പ്രതി. എന്നാൽ അയാൾ മാത്രമാണോ പ്രതി? മദ്യക്കച്ചവടത്തെ വൻ വരുമാന മാർഗമായി കാണുന്ന സർക്കാർ ഇതിൽ പ്രതിയല്ലേ? മദ്യലഹരിയിൽ വാഹനമോടിക്കാൻ പാടില്ല എന്ന നിയമമുണ്ടല്ലോ എന്നാകും ന്യായീകരണം. മനുഷ്യന്റെ സ്വബോധത്തെയും ആരോഗ്യത്തെയും നശിപ്പിക്കുന്ന, ഒട്ടേറെ ദൂഷ്യങ്ങളുള്ള വസ്തുക്കൾ വിൽപന നടത്തുക എന്നത് ഒരു ഭരണകൂടത്തിന് യോജിച്ചതാണോ?

വാറ്റുചാരായമാണെങ്കിലും നാടൻ കള്ളാണെങ്കിലും വിദേശമദ്യമാണെങ്കിലും അവകൊണ്ട് സർക്കാരിനും നടത്തിപ്പുകാർക്കും സാമ്പത്തിക നേട്ടമുണ്ടാകുന്നു എന്നല്ലാതെ വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹത്തിനും എന്തു നേട്ടമാണു ലഭിക്കുന്നത്; കോട്ടങ്ങളല്ലാതെ? മദ്യലഹരിയിൽ എന്തെല്ലാം തോന്ന്യാസങ്ങളാണ് നാട്ടിൽ നടക്കുന്നത്! ദിനേന എത്രയെത്ര അപകടങ്ങൾ സംഭവിക്കുന്നു! എത്രയെത്ര സ്ത്രീകളും കുഞ്ഞുങ്ങളും പീഡിപ്പിക്കപ്പെടുന്നു, കുടുംബ ബന്ധങ്ങൾ ശിഥിലമാക്കപ്പെടുന്നു. മദ്യം വിറ്റ് പണംകൊയ്യുന്ന സർക്കാരിന് ഇതിന്റെ ഉത്തരാദിത്തത്തിൽനിന്ന് രക്ഷപ്പെടാൻ സാധിക്കുമോ? കഞ്ചാവും ബ്രൗൺഷുഗറും അടക്കമുള്ള ലഹരിമരുന്നുകൾ ഉപയോഗിക്കുന്നതും വിൽപന നടത്തുന്നതും നിരോധിച്ചതുപോലെ എന്തുകൊണ്ട് എല്ലാതരം മദ്യങ്ങളും നിരോധിച്ചുകൂടാ?

ലഹരിവസ്തുക്കൾ വരുത്തിവയ്ക്കുന്ന സാമൂഹ്യവിപത്തിന്റെ വ്യാപ്തി അറിയാത്തവരല്ല പ്രബുദ്ധകേരളക്കാർ. എന്നിട്ടും നമ്മുടെ നാട്ടിൽ മദ്യപന്മാരുടെ എണ്ണം കൂടിക്കൊണ്ടേയിരിക്കുന്നു. സ്വദേശ, വിദേശ മദ്യഷാപ്പുകളും നാടൻ കള്ളുഷാപ്പുകളും നമ്മുടെ സർക്കാരിന്റെ ആശീർവാദത്തോടെ ആളുകളെ ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുന്നു. 'ദീപസ്തംഭം മഹാശ്ചര്യം, നമുക്കു കിട്ടണം പണം!'

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

മുഹമ്മദ് നബി ﷺ 8



# പ്രബോധനരംഗത്ത്

## രഹസ്യപ്രബോധനം

'ഹേ, പുതച്ചു മൂടിയവനേ' എന്ന് തുടങ്ങുന്ന സൂറത്തുൽ മുദ്ദസ്സിറിലെ ആദ്യസൂക്തങ്ങൾ ഇറങ്ങിയ പശ്ചാത്തലം നാം മനസ്സിലാക്കുകയുണ്ടായി. പേടിച്ച് മൂടിപ്പുതച്ച് കിടക്കുന്ന മുഹമ്മദ് നബി ﷺയോട് അല്ലാഹു എഴുന്നേൽക്കുവാനും ജനങ്ങൾക്ക് താക്കീത് നൽകുവാനും മറ്റും കൽപിച്ചു.

മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ നിർദേശപ്രകാരം ജനങ്ങളെ നേർമാർഗത്തിലേക്ക് ക്ഷണിച്ചു. പ്രവാചകന്റെ പ്രബോധം ആദ്യനാളുകളിൽ രഹസ്യമായിട്ടായിരുന്നു നടന്നിരുന്നത്. താൻ പ്രവാചകനായി തെരഞ്ഞെടുക്കപ്പെട്ട വിവരവും തനിക്ക് നൽകപ്പെട്ടിട്ടുള്ള സന്ദേശങ്ങളും കഅ്ബയുടെ അടുത്തുചെന്ന് പരസ്യമായി പ്രഖ്യാപിക്കലായിരുന്നില്ല അവിടുന്ന് ആദ്യം ചെയ്തത്. വ്യക്തമായ പദ്ധതിയുടെ അടിസ്ഥാനത്തിലായിരുന്നു നബി ﷺ പ്രബോധനം ചെയ്തത് എന്നർഥം. ഈ പദ്ധതി നബി ﷺ സ്വയം ഉണ്ടാക്കുന്നതായിരുന്നില്ല. മറിച്ച്, അല്ലാഹുവിന്റെ നിർദേശത്താലായിരുന്നു അവിടുന്ന് അപ്രകാരമെല്ലാം ചെയ്തിരുന്നത്.

'ഹേ, പുതച്ചു മൂടിയവനേ' എന്ന് തുടങ്ങുന്ന വചനങ്ങൾ ഇറങ്ങിയതിനുശേഷം തന്റെ വീട്ടിലുള്ളവരെയും തന്റെ ഏറ്റവും അടുത്ത കൂട്ടുകാരെയും വിശ്വസ്തരും തന്നോട് അടുത്ത് ഇടപഴകുന്നവരുമായവരെയും ആദ്യമായി ഈ സന്ദേശം അറിയിച്ചു. മൂന്ന് കൊല്ലത്തോളം ഇപ്രകാരം രഹസ്യമായിട്ടായിരുന്നു നബിﷺ പ്രബോധനം നടത്തിയത് എന്നാണ് ചരിത്രത്തിൽനിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്.

നബിﷺയുടെ പ്രബോധനത്താൽ ഇസ്‌ലാമിലേക്ക് ആദ്യമായി പ്രവേശിച്ചത് അവിടുത്തെ പ്രിയപത്നി ഖദീജ رضي الله عنها തന്നെയായിരുന്നു. ശേഷം തന്റെ വീട്ടിൽ ദത്തുപുത്രനായി വളർന്ന സയ്ദുബ്നു ഹാരിഥും رضي الله عنه നബിﷺയിൽ വിശ്വസിച്ചവരിൽ മുൻപന്തിയിലുള്ളവരാണ്. അതുപോലെ നബിയുടെ സംരക്ഷണത്തിൽ വളർന്ന പിതൃവ്യപുത്രൻ അലിرضي الله عنهയും നബിﷺയിൽ ആദ്യമേ വിശ്വസിച്ചു. അന്ന് അദ്ദേഹത്തിന് പത്ത് വയസ്സ് മാത്രമെ പ്രായമുണ്ടായിരുന്നുള്ളൂ. നബിയുടെ പിതൃവ്യൻ അബൂത്വാലിബ് വലിയ ഒരു സമ്പന്നനായിരുന്നില്ല. അദ്ദേഹത്തിന് ധാരാളം മക്കളും ഉണ്ടായിരുന്നു. അബൂത്വാലിബിന് ജീവിത പ്രാരാബ്ധം അങ്ങേയറ്റം ഉള്ളതിനാൽ എല്ലാവരെയും പോറ്റുക എന്നത് പ്രയാസമായിരുന്നു. ഈ പ്രയാസം കണ്ട നബിﷺ അലിرضي الله عنهയുടെ സംരക്ഷണ ചുമതല ഏറ്റെടുക്കുകയും അവിടുത്തെ ഭവനത്തിൽ വളർത്തുകയുമാണ് ചെയ്തത്. ചുരുക്കത്തിൽ, നബിയുടെ വീട്ടിൽ ഉണ്ടായിരുന്ന ഭാര്യ ഖദീജ رضي الله عنها, മക്കളായ സൈനബ്, റുക്വിയ്യ, ഉമ്മുകുൽസൂം, ഫാത്വിമ رضي الله عنها തുങ്ങിയവരും, ദത്തുപുത്രൻ സയ്ദ് رضي الله عنه, വളർത്തുപുത്രൻ അലി رضي الله عنه തുടങ്ങിയവരും ആദ്യമേ നബിയിൽ വിശ്വസിച്ചു. തന്റെ ഉറ്റസുഹൃത്തായ അബൂബക്റും رضي الله عنه തുടക്കത്തിൽ ഇസ്‌ലാം ആശ്ലേഷിച്ചവരുടെ കൂട്ടത്തിലാണ്. അബൂബക്റിرضي الله عنهനെ നബിﷺ ഇപ്രകാരം പുകഴ്ത്തിയത് കാണാവുന്നതാണ്:

അബുദ്ദർദാഅ്رضي الله عنهവിൽ നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ഞാൻ നബിﷺയുടെ അടുത്ത് ഇരിക്കുകയായിരുന്നു. അപ്പോൾ അബൂബക്ർ തന്റെ കാൽമുട്ട് വെളിവാകുന്നത് വരെ തന്റെ വസ്ത്രത്തിന്റെ അറ്റം പിടിച്ചുകൊണ്ട് (അവിടേക്ക്) മുന്നിട്ടു... അപ്പോൾ നബിﷺ പറഞ്ഞു: 'തീർച്ചയായും അല്ലാഹു നിങ്ങളിലേക്ക് എന്നെ നിയോഗിക്കുകയുണ്ടായി. അപ്പോൾ നിങ്ങൾ പറഞ്ഞു: നീ കളവാണ് പറയുന്നത്. (അതേ സമയം) അബൂബക്ർ പറഞ്ഞു; 'നബി പറയുന്നത് സത്യമാകുന്നു.' അദ്ദേഹം തന്റെ ശരീരംകൊണ്ടും സമ്പത്തുകൊണ്ടും എന്നെ ആശ്വസിപ്പിക്കുകയും ചെയ്തു. എന്നിട്ട് എനിക്കുവേണ്ടി എന്റെ കൂട്ടുകാരനെ നിങ്ങൾ ഒഴിവാക്കുകയാണോ?' രണ്ടു തവണ നബിﷺ ഇങ്ങനെ ചോദിക്കുകയുണ്ടായി."

അബൂബക്ർرضي الله عنه ഇസ്‌ലാമിലേക്ക് വന്നതോടെ അദ്ദേഹത്തിന്റെ കുടുംബവും ഇസ്‌ലാം സ്വീകരിച്ചു. ആഇശرضي الله عنها തന്റെ മാതാപിതാക്കളെ കുറിച്ച് പറയുന്നത് ഇപ്രകാരം നമുക്ക് കാണാൻ സാധിക്കും:

"(ഓർമവെച്ച നാൾ മുതൽ) എന്റെ മാതാപിതാക്കളെ ഈ ദീൻ അനുസരിച്ച് ജീവിക്കുന്നവരായിട്ടല്ലാതെ എനിക്ക് അറിയില്ല. ഏതൊരു ദിവസത്തിന്റെയും രണ്ടറ്റത്ത് (അഥവാ) രാവിലെയും വൈകുന്നേരവും അല്ലാഹുവിന്റെ റസൂൽﷺ ഞങ്ങളുടെ അടുത്ത് വന്നു പോകാത്ത ഒരു ദിവസവും ഉണ്ടായിരുന്നില്ല. പിന്നീട് അബൂബക്റിന് (അത്) വെളിവായി. അങ്ങനെ അദ്ദേഹം തന്റെ വീടിന്റെ മുറ്റത്ത് ഒരു പള്ളി നിർമിച്ചു. അതിൽ അദ്ദേഹം നമസ്കരിക്കുകയും ക്വുർആൻ പാരായണം ചെയ്യുകയും ചെയ്യുമായിരുന്നു. അപ്പോൾ മുശ്‌രിക്കുകളുടെ ഭാര്യമാരും കുട്ടികളും അദ്ദേഹത്തിന്റെ കാര്യത്തിൽ ആശ്ചര്യപ്പെടുന്നവരായിക്കൊണ്ട് അദ്ദേഹത്തെ നോക്കിനിൽക്കും. അബൂബക്ർرضي الله عنه കൂടുതൽ കരയുന്ന ഒരാളായിരുന്നു. അദ്ദേഹത്തിന് ക്വുർആൻ പാരായണം തുടങ്ങിയാൽ തന്റെ കണ്ണുകളെ നിയന്ത്രിക്കാൻ സാധിക്കുമായിരുന്നില്ല. മുശ്‌രിക്കുകളിൽ പെട്ട ക്വുറയ്ശി പ്രമാണിമാരെ ഇത് ഭയപ്പെടുത്തി" (ബുഖാരി).

തന്റെ ചെറുപ്രായം മുതൽ തന്നെ ഉപ്പയെയും ഉമ്മയെയും കാണുന്നത് ഇസ്‌ലാം അനുസരിച്ച് ജീവിക്കുന്നവരായിട്ടായിരുന്നു എന്നാണല്ലോ ഈ വചനത്തിലൂടെ ആഇശرضي الله عنها നമ്മെ അറിയിക്കുന്നത്.

> **നബിﷺ അല്ലാഹുവിന്റെ നിർദേശപ്രകാരം ജനങ്ങളെ നേർമാർഗത്തിലേക്ക് ക്ഷണിച്ചു. പ്രവാചകന്റെ പ്രബോധം ആദ്യനാളുകളിൽ രഹസ്യമായിട്ടായിരുന്നു നടന്നിരുന്നത്. താൻ പ്രവാചകനായി തെരഞ്ഞെടുക്കപ്പെട്ട വിവരവും തനിക്ക് നൽകപ്പെട്ടിട്ടുള്ള സന്ദേശങ്ങളും കഅ്ബയുടെ അടുത്തുചെന്ന് പരസ്യമായി പ്രഖ്യാപിക്കലായിരുന്നില്ല അവിടുന്ന് ആദ്യം ചെയ്തത്. വ്യക്തമായ പദ്ധതിയുടെ അടിസ്ഥാനത്തിലായിരുന്നു നബിﷺ പ്രബോധനം ചെയ്തത് എന്നർഥം.**

**അബൂബക്ർ ﷺ**
**പ്രബോധന മാർഗത്തിൽ**

താൻ മനസ്സിലാക്കിയ സത്യം തന്റെ കൂട്ടുകാരനെ പോലെ അദ്ദേഹവും ആളുകളെ അറിയിച്ചിരുന്നു. നബിﷺയെ മാതൃകയാക്കി ജനങ്ങൾക്കിടയിൽ സ്വകാര്യമായി അദ്ദേഹം നടത്തിയ പ്രബോധനത്തിലൂടെ ധാരാളം ആളുകൾ ഇസ്‌ലാമിലേക്ക് വന്നിട്ടുണ്ട്. ഉസ്മാനുബ്നു അഫ്ഫാൻﷺ, സഅ്ദുബ്നു അബീവക്വാസ്ﷺ തുടങ്ങിയ സ്വഹാബിമാർ അവരിൽപെട്ടവരാണ്.

നബിﷺക്ക് പ്രവാചകത്വം ലഭിച്ചതിന് ശേഷമുള്ള ആദ്യകാലഘട്ടത്തിൽ ഇസ്‌ലാമിലേക്ക് കടന്നുവന്നവരിൽ അപൂർവം ചിലരേ ഉണ്ടായിരുന്നുള്ളൂ. അതിൽപെട്ട ആളാണ് സഅ്ദുബ്നു അബീവക്വാസ്ﷺ. അദ്ദേഹത്തിന് ഇസ്‌ലാം സ്വീകരിച്ചതിന്റെ പേരിൽ ധാരാളം വിഷമം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഈ മതം ഉപേക്ഷിക്കുന്നില്ലെങ്കിൽ ഞാൻ നിന്റെ മുമ്പിൽകിടന്ന് മരിക്കുന്നതാണ് എന്നൊക്കെ പറഞ്ഞ് മാതാവ് അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ ശ്രമിച്ചിരുന്നു.

അവന്റെ മതത്തിൽ അവിശ്വസിക്കുന്നതുവരെ സഅ്ദിനോട് ഒരിക്കലും സംസാരിക്കുകയോ ഭക്ഷണം കഴിക്കുകയോ വെള്ളം കുടിക്കുകയോ ചെയ്യില്ലെന്ന് സഅ്ദിന്റെ ഉമ്മ ശപഥം ചെയ്യുകയുണ്ടായി. അവർ പറഞ്ഞു: 'മാതാപിതാക്കളെ കൊണ്ട് അല്ലാഹു നിനക്ക് ഉപദേശം നൽകുന്നുണ്ടെന്ന് നീ വാദിക്കുന്നുവല്ലോ. ഞാൻ നിന്റെ ഉമ്മയാണ്, ഇതുകൊണ്ട് ഞാൻ നിന്നോട് കൽപിക്കുന്നു.' (അദ്ദേഹം) പറഞ്ഞു: 'അവർ മൂന്നുദിവസം (അങ്ങനെ) കഴിച്ചുകൂട്ടി. അവരെ പ്രയാസം മൂടുന്നതുവരെ.'

നബിﷺയിൽ വിശ്വസിച്ച സഅ്ദിﷺന്റെ ജീവിതത്തിലെ വിശ്വാസ-ആചാര രംഗത്തെല്ലാം കണ്ടുതുടങ്ങിയ മാറ്റങ്ങളിൽനിന്ന് സഅ്ദിനെ മുഹമ്മദിന്റെ മതം സ്വാധീനിച്ചിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ മാതാവിന് മനസ്സിലായി. അതിൽനിന്ന് പിന്തിരിപ്പിക്കാൻ ആവുന്നതെല്ലാം അവർ ചെയ്തു. അങ്ങനെയാണ് ഈ നിരാഹാരം അവർ തുടങ്ങിയത്. എന്നാൽ മഹാനായ സഅ്ദിനെ മാതാവിന്റെ ശപഥങ്ങളൊന്നും സ്വാധീനിച്ചില്ല. യാതൊരു പതർച്ചയും സംഭവിക്കാതെ അല്ലാഹുവിന്റെ ദീനിൽ അദ്ദേഹം ഉറച്ചുനിൽക്കാൻ തീരുമാനിച്ചു. മകൻ വിശ്വസിച്ചിട്ടുള്ള ഈ മാർഗത്തിൽനിന്ന് പിന്മാറില്ലെന്ന് മാതാവിനും ബോധ്യമായി. അവസാനം സത്യമാർഗത്തിൽനിന്ന് മകനെ പിന്തിരിപ്പിക്കാൻ നടത്തിയ മുഴുവൻ വേലകളും ആ മാതാവ് അവസാനിപ്പിക്കുകയാണ് ചെയ്തത്. അങ്ങനെ അവർ ഭക്ഷണം കഴിക്കാനും വെള്ളംകുടിക്കാനുമെല്ലാം തുടങ്ങി.

അബൂബക്റിﷺന്റെ പ്രബോധനത്താൽ ഇസ്‌ലാമിലേക്ക് ആദ്യനാളുകളിൽതന്നെ വന്ന മഹാന്മാരായിരുന്നു ഉസ്മാനുബ്നു അഫ്ഫാൻ, അബ്ദുർറഹ്മാനുബ്നു ഔഫ്, ത്വൽഹതുബ്നു ഉബയ്ദില്ലാഹ്, സുബയ്റുബ്നുൽ അവ്വാംﷺ തുടങ്ങിയവർ.

ബിലാൽ, ഖബ്ബാബ്ബ്നുൽഅറത്, അബൂ ഉബയ്ദതുൽ ജർറാഹ്, അമ്മാറുബ്നു യാസിർ, അബൂസലമ, അർക്വമുബ്നു അബിൽ അർക്വം, സുമയ്യ, സ്വുഹയ്ബ്, മിക്ദാദ്, ഉസ്മാനുബ്നു മള്ഊൻ, ഉബയ്ദതുബ്നുൽ ഹാരിഥ്, സഈദുബ്നു സയ്ദ്, ഫാത്വിമ, അസ്മാഅ് ബിൻത് അബീബക്ർ, ജഅ്ഫറുബ്നു അബീത്വാലിബ്ﷺ... തുടങ്ങിയവരെല്ലാം ആദ്യനാളുകളിൽ ഇസ്‌ലാമിലേക്ക് കടന്നുവന്നരിൽ പെട്ടവരാണ്. രഹസ്യസ്വഭാവത്തോടെയായിരുന്നു ഇവർ ഇസ്‌ലാമിലേക്ക് പ്രവേശിച്ചത്.

ഇസ്‌ലാമിലേക്ക് ആദ്യമായി മുൻകടന്നുവന്ന ഈ സ്വഹാബിമാർക്ക് നബിﷺ അല്ലാഹുവിന്റെ ദീൻ പഠിപ്പിക്കണമല്ലോ. ആരും ശ്രദ്ധിക്കപ്പെടാത്ത സ്ഥലത്ത് അതിനായി അദ്ദേഹം ഇവരെ ഒരുമിച്ചുകൂട്ടും. നബിﷺയുടെ വീട് അതിന് പറ്റിയ വിശാലതയോ സൗകര്യമോ ഉള്ളതായിരുന്നില്ല. അബൂബക്റിﷺന്റെ വീടും അതിന് പറ്റില്ല. കാരണം, അദ്ദേഹം നബിﷺയുടെ ഉറ്റ ചങ്ങാതിയാണ്. മക്കക്കാർ അത് ശ്രദ്ധിക്കാൻ കാരണമാകും. കഅ്ബയുടെ പരിസരത്ത് എവിടെയാ

> **അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ ഓർമപ്പെടുത്തി അവന്റെ കഴിവിനെ പറ്റിയും മഹത്ത്വത്തെ പറ്റിയും പരിചയപ്പെടുത്തി അല്ലാഹു മാത്രമാണ് ആരാധനക്ക് അർഹൻ എന്ന ഏകദൈവ വിശ്വാസത്തിന്റെ കാതൽ അവരുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്ന വിധത്തിലായിരുന്നു ആദ്യകാലത്തെ ക്വുർആൻ വചനങ്ങൾ. അതുപോലെ, മരണത്തോടെ ജീവിതം അവസാനിക്കുന്നില്ലെന്നും മരണത്തിന് ശേഷമാണ് യഥാർഥ ജീവിതം തുടങ്ങുന്നതെന്നും അറിയിക്കുന്നതായിരുന്നു ആദ്യകാലത്തെ ക്വുർആൻ വചനങ്ങൾ.**

യിരുന്നാലും മറ്റുള്ളവരാൽ ശ്രദ്ധിക്കപ്പെടുമായിരുന്നു. അതിനാൽ അതിന് പറ്റിയ ഒരു ഇടം കണ്ടെത്തി. ആരുടെയും ശ്രദ്ധയിൽ പെടാത്ത, ക്വുറയ്ശി ഗോത്രത്തിൽ പെടാത്ത, മഖ്സൂം ഗോത്രക്കാരനായ അർക്വമി﷜ന്റെ വീടായിരുന്നു നബി ﷺ തെരഞ്ഞെടുത്തത്. വളരെ സ്വകാര്യമായി നബിയും വിശ്വാസികളും അവിടെ ഒരുമിച്ച് കൂടുമായിരുന്നു. ഇസ്‌ലാമിന്റെ സന്ദേശങ്ങൾ ജനങ്ങളിലേക്ക് പ്രചരിപ്പിക്കുന്നതിനും പ്രസരിപ്പിക്കുന്നതിനുമായി ആദ്യമായി രൂപംകൊണ്ട പാഠശാല ദാറുൽ അർക്വം (അർക്വമിന്റെ വീട്) ആയിരുന്നു. ഈ കാലത്ത് ഇസ്‌ലാമിലേക്ക് വരാൻ കൊതിച്ച ആളുകളോട് നബി ﷺ കൂടെയുള്ള ആളുകളുടെ എണ്ണക്കുറവെല്ലാം പറഞ്ഞ് ബോധ്യപ്പെടുത്തിയിരുന്നു എന്നെല്ലാം ചരിത്രത്തിൽ കാണാവുന്നതാണ്.

ദാറുൽ അർക്വമിൽവച്ച് നബി ﷺ അല്ലാഹു ഇറക്കിക്കൊടുക്കുന്ന ക്വുർആൻ സൂക്തങ്ങൾ വിശ്വാസികൾക്ക് ഓതിക്കൊടുക്കുമായിരുന്നു. ആദ്യമായി ഇറങ്ങുന്ന വചനങ്ങൾ ആ സന്ദർഭത്തിൽതന്നെ നബി ﷺ യിൽനിന്ന് കേൾക്കാൻ ഭാഗ്യംലഭിച്ച മഹാന്മാരായിരുന്നു ഈ സ്വഹാബിമാർ. നബി ﷺ ഓതിക്കൊടുക്കുന്ന സൂക്തങ്ങൾ അവർ ശ്രദ്ധിച്ച് ഭവ്യതയോടെ കേൾക്കുകയും അതിൽനിന്ന് ഉദ്ബോധനം സ്വീകരിക്കുകയും അതുമുഖേന അവരുടെ ജീവിതത്തെ സംസ്കരിച്ചെടുക്കുകയും ചെയ്തു.

ആദ്യകാലത്ത് പരസ്യമായി ജനങ്ങളോട് ഈ സന്ദേശം പ്രഖ്യാപിക്കുവാൻ അല്ലാഹു കൽപിച്ചിരുന്നില്ല. അതിനാൽതന്നെ വളരെ സ്വകാര്യമായിക്കൊണ്ടായിരുന്നു അവിടുത്തെ ഓരോ കാൽവയ്പും. തന്റെ കൂടെ വിശ്വാസദൃഢതയുള്ള കുറച്ചുപേർ ഉണ്ടാകുന്നതിനായി നബി ﷺ പ്രവർത്തിച്ചു.

ആദ്യകാലത്ത് അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന, അന്ത്യദിനത്തെ ഓർമപ്പെടുത്തുന്ന, നബി ﷺ യുടേത് അടക്കം മുൻകാല പ്രവാചകന്മാരുടെ ചരിത്രവും അവരുടെ രിസാലത്തിനെ അറിയിക്കുന്നതുമായ സൂക്തങ്ങളായിരുന്നു അവതീർണമായിരുന്നത്.

അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ ഓർമപ്പെടുത്തി, അവന്റെ കഴിവിനെ പറ്റിയും മഹത്ത്വത്തെ പറ്റിയും പരിചയപ്പെടുത്തി, അല്ലാഹു മാത്രമാണ് ആരാധനക്ക് അർഹൻ എന്ന ഏകദൈവ വിശ്വാസത്തിന്റെ കാതൽ അവരുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്ന വിധത്തിലായിരുന്നു ആദ്യകാലത്തെ ക്വുർആൻ വചനങ്ങൾ. അതുപോലെ, മരണത്തോടെ ജീവിതം അവസാനിക്കുന്നില്ലെന്നും മരണത്തിന് ശേഷമാണ് യഥാർഥ ജീവിതം തുടങ്ങുന്നതെന്നും അറിയിക്കുന്നതായിരുന്നു ആദ്യകാലത്തെ ക്വുർആൻ വചനങ്ങൾ. പ്രവാചകന്മാർ ആരാണെന്നും അവരിൽ വിശ്വസിക്കേണ്ടതിന്റെ പ്രാധാന്യവും അവർ കാണിക്കുന്ന പ്രകാശത്തെ സ്വീകരിച്ച ആളുകളെ ജനങ്ങൾ എങ്ങനെയാണ് സ്വീകരിച്ചിരുന്നതെന്നും മുൻകാല പ്രവാചകന്മാരുടെ ചരിത്രങ്ങളിലൂടെ ഓർമപ്പെടുത്തി വിശ്വാസം വർധിപ്പിക്കുന്നതായിരുന്നു ആദ്യകാലത്ത് അവതീർണമായ ക്വുർആൻ വചനങ്ങൾ.

ഇപ്രകാരം ഇറങ്ങിയ ക്വുർആനിലെ വചനങ്ങളിൽനിന്ന് തൗഹീദ് അവരുടെ ഹൃദയത്തിൽ പാറപോലെ ഉറച്ചു. പ്രവാചകന്മാരുടെ ചരിത്രങ്ങളിൽനിന്ന് പാഠം ഉൾക്കൊണ്ട അവർക്ക് മക്കക്കാരുടെ എതിർപ്പിൽ ക്ഷമിക്കാനും സഹിക്കാനും സാധിച്ചു. പരലോക ജീവിതത്തിൽ വിജയിക്കുന്നതിന് വേണ്ടി അവരുടെ സ്വഭാവത്തെ അല്ലാഹുവിന് ഇഷ്ടമുള്ളതാക്കി മാറ്റുന്നതിനും അവർക്ക് സാധിച്ചു.

ഏതാണ്ട് മൂന്നു കൊല്ലം നീണ്ടുനിന്ന രഹസ്യപ്രബോധന കാലത്ത് പതറാത്ത, ഉറച്ച വിശ്വാസമുള്ള, എന്തും സഹനത്തോടെ നേരിടാൻ ധൈര്യമുള്ള, സൽസ്വഭാവികളായ, മാതൃകായോഗ്യരായ നാൽപതോളം ആളുകളെ നബി ﷺ വാർത്തെടുത്തു.

മുഹമ്മദ് നബി ﷺ യുടെ നേതൃത്വത്തിൽ മക്കയിൽ എന്തൊക്കെയോ നടക്കുന്നുണ്ടെന്ന് ചിലരെല്ലാം അറിഞ്ഞിരുന്നു. അവർ അത് അത്ര കാര്യമാക്കിയിരുന്നില്ല. കാരണം, ബഹുദൈവാരാധനയിൽനിന്ന് മാറിനിന്ന് ഏകദൈവാരാധകരായി ഇബ്റാഹീം നബി ﷺ യുടെ മില്ലത്തിൽ ജീവിച്ച ഉമയ്യതുബ്നു അബിസ്വൽത്, ക്വുസ്സ്ബ്നു സാഇദ, അംറുബ്നു നുഫയ്ൽ﷜ തുടങ്ങിയവരെ പോലുള്ള ഒറ്റപ്പെട്ട ആളുകൾ അങ്ങിങ്ങായി ഉണ്ടായിരുന്നു. അക്കാലത്ത് ഇവർ ജനങ്ങളിൽ പ്രബോധനം ചെയ്യാത്തതിനാൽ നാട്ടിൽ പ്രശ്നമുണ്ടായിരുന്നില്ല. ഇതുപോലെതന്നെ മുഹമ്മദ് നബി ﷺ യും സ്വഹാബിമാരും ജനങ്ങൾക്കിടയിൽ പ്രബോധനം നടത്താതെ അവർ മനസ്സിലാക്കിയതുപോലെ ജീവിച്ചുകൊള്ളുമെന്നാണ് അവർ വിചാരിച്ചത്. കാരണം ആരും അവരുടെ ഇസ്‌ലാം ആശ്ലേഷണം പരസ്യമാക്കിയിരുന്നില്ല. അതിന് നബി ﷺ അവരോട് കൽപിക്കുകയും ചെയ്തിരുന്നില്ല. ഇങ്ങനെ പരസ്യമാക്കാത്തതിനാലാണ് ക്വുറയ്ശികൾ അന്ന് ഇവരുടെ കാര്യം പരിഗണിക്കാതിരുന്നത്. (തുടരും)

ശബീബ് സ്വലാഹി
ktmstgi@gmail.com



# ഇസ്‌ലാം സ്ത്രീ അനന്തരാവകാശം

**ഇസ്‌ലാം വിമർശകരുടെ ഏറ്റവും വലിയ പ്രചാരണായുധങ്ങളിൽ ഒന്നാണ് സ്ത്രീകളുടെ അനന്തരാവകാശ സ്വത്തുമായി ബന്ധപ്പെട്ട ഇസ്‌ലാമിക നിയമങ്ങൾ. ഗഹനമായ പഠനത്തിന്റെയൊ മനനത്തിന്റെയൊ അടിസ്ഥാനത്തിലല്ല ഈ വിമർശനങ്ങളൊന്നും തന്നെ എന്നത് അവരുടെ വാദങ്ങളെ വിശകലനം ചെയ്താൽ ബോധ്യമാവും. ഇസ്‌ലാമിന്റെ അനന്തരാവകാശ നിയമങ്ങളെ കുറിച്ച മൗലികമായ പഠനം.**

ഇസ്‌ലാം ലോകരക്ഷിതാവായ അല്ലാഹുവിൽനിന്നുള്ള മതമാണ്. അതുകൊണ്ടുതന്നെ ഇസ്‌ലാം മുന്നോട്ടുവയ്ക്കുന്ന വിധിവിലക്കുകളെല്ലാം അന്യൂനവും സമ്പൂർണവുമാണ്. ഇസ്‌ലാമിനെയും അതിന്റെ വിധിവിലക്കുകളെയും ചോദ്യം ചെയ്യാനും വിമർശിക്കാനും കടന്നുവന്നവരെല്ലാം അതിന്റെ ദൈവികതയുടെ മുന്നിൽ പരാജയപ്പെടുന്ന കാഴ്ചയാണ് എക്കാലത്തും കണ്ടിട്ടുള്ളത്. വിമർശകരുടെ ജൽപനങ്ങൾക്ക് മുന്നിൽ ഇസ്‌ലാം എന്നും പ്രശോഭിതമാവുക മാത്രമാണ് ചെയ്തിട്ടുള്ളത്. അത് അപ്രകാരം ഇനിയും തുടരുകയും ചെയ്യും.

“അവർ അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണുദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു” (ക്വുർആൻ 61:8).

അത്തരം വിമർശനങ്ങളിലുൾപെടുന്ന ഒന്നാണ് ഇസ്‌ലാമിലെ അനന്തരവകാശ നിയമങ്ങളുമായി ബന്ധപ്പെട്ടത്; പ്രത്യേകിച്ചും സ്ത്രീകളുടെ സ്വത്തവകാശവുമായി ബന്ധപ്പെട്ട ഇസ്‌ലാമിക നിയമങ്ങൾ. ഇസ്‌ലാമിനെതിരിൽ ഉന്നയിക്കപ്പെടാറുള്ള മറ്റു വിമർശനങ്ങളെ പോലെത്തന്നെ കഴമ്പില്ലാത്ത വിമർശനം മാത്രമാണിതെന്ന് പ്രസ്തുത വിഷയം വസ്തുനിഷ്ഠമായി പഠിക്കാൻ ശ്രമിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടുന്നതാണ്.

എന്നാൽ വിമർശകർ ഉന്നയിക്കുന്ന ആരോപണങ്ങൾ വിശ്വസിച്ച്, ഇസ്‌ലാമിനെ തെറ്റുധരിച്ച പലരെയും നമുക്ക് കാണാൻ സാധിക്കും. ഇസ്‌ലാം സ്ത്രീക്ക് നൽകുന്ന പരിഗണനയെ മനസ്സിലാക്കാതെ തെറ്റുധാരണകളിൽ അകപ്പെട്ടവരും ബോധപൂർവം ആശയക്കുഴപ്പങ്ങൾ പടച്ചുവിടുന്നവരും സമൂഹത്തിലുണ്ടെന്നത് ഒരു യാഥാർഥ്യവുമാണ്.

സ്ത്രീക്ക് പുരുഷന്റെ പകുതി അനന്തരസ്വത്ത് മാത്രമാണ് ഇസ്‌ലാം നൽകുന്നത് എന്നാണ് വിമർശകർ ഉന്നയിക്കുന്ന പ്രധാന ആരോപണം. ഇത് തികച്ചും വസ്തുതാവിരുദ്ധമാണ്. ഇസ്‌ലാമിക അനന്തരാവകാശ നിയമത്തിൽ അനന്തരാവകാശികളുടെ ഓഹരികൾക്കിടയിലെ ഏറ്റവ്യത്യാസത്തിന്റെ മാനദണ്ഡം സ്ത്രീ പുരുഷ വേർതിരിവല്ല എന്നതാണ് വസ്തുത. അനന്തരാവകാശത്തിൽ ചില സന്ദർഭങ്ങളിൽ സ്ത്രീയുടെയും പുരുഷന്റെയും ഓഹരികൾക്കിടയിൽ വരുന്ന ഏറ്റവ്യത്യാസത്തെ സ്ത്രീകൾക്കുള്ള പരിഗണനക്കുറവായി കാണുകയാണ് ചിലർ ചെയ്യുന്നത്. ഇസ്‌ലാമിലെ അനന്തരാവകാശ നിയമങ്ങൾ ആത്മാർഥമായി പഠിക്കാൻ ശ്രമിക്കുന്ന ഏതൊരാൾക്കും അനന്തരവകാശത്തിലെ വേർതിരിവിന്റെ അടിസ്ഥാന പാഠങ്ങൾ മനസ്സിലാക്കാൻ സാധിക്കും.

ഇസ്‌ലാമിൽ അനന്തരാവകാശികളുടെ ഓഹരികൾ പ്രധാനമായും മൂന്ന് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് വിഭജിച്ചിരിക്കുന്നത്. അവ നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം:

ഒന്ന്) മരണപ്പെട്ട വ്യക്തിക്കും അനന്തരാവകാശികൾക്കുമിടയിലെ ബന്ധത്തിന്റെ അടുപ്പം.

രണ്ട്) തലമുറകൾക്കിടയിൽ അനന്തരാവകാശിക്കുള്ള സ്ഥാനം.

മൂന്ന്) ഇസ്‌ലാമിക നിയമസംഹിത വ്യക്തികളിൽ നിർബന്ധമാക്കുന്ന സാമ്പത്തിക ബാധ്യതയും ഉത്തരവാദിത്തവും.

ഇനി ഇവ ഓരോന്നും സംക്ഷിപ്തമായി നമുക്ക് മനസ്സിലാക്കാം:

## ഒന്ന്) മരണപ്പെട്ട വ്യക്തിക്കും അനന്തരാവകാശികൾക്കുമിടയിലെ ബന്ധത്തിന്റെ അടുപ്പം:

ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ അനന്തരവകാശികൾക്കിടയിലുള്ള ബന്ധത്തിന്റെ അടുപ്പം വർധിക്കുന്നതിനനുസരിച്ച് അവർക്കിടയിലെ ഓഹരിയിലും വർധനവുണ്ടാവും. അപ്രകാരം ബന്ധം അകലുന്നതിനനുസൃതമായി ഓഹരിയിൽ കുറവും സംഭവിക്കും. അനന്തരാവകാശികൾക്കിടയിലെ ലിംഗവ്യത്യാസം ഇവിടെ പരിഗണിക്കപ്പെടുകയില്ല. അതിനൊരു ഉദാഹരണം കാണുക: ഒരാൾ മരണപ്പെട്ടു. ഉമ്മയും ഉപ്പയുമൊത്ത രണ്ട് സഹോദരികളും ഉപ്പയൊത്ത രണ്ട് സഹോദരന്മാരുമാണ് അയാൾക്കുള്ള അനന്തരവകാശികൾ. അദ്ദേഹത്തിന്റെ സ്വത്ത് മൊത്തം ആറായി ഭാഗിച്ച് രണ്ട് ഓഹരികൾ വീതം സഹോദരിമാർക്കും ഓരോ ഓഹരി വീതം സഹോദരന്മാർക്കും നൽകപ്പെടും. ആറ് ഓഹരിയിൽ നാല് ഓഹരി സഹോദരിമാർക്കും രണ്ട് ഓഹരി സഹോദരന്മാർക്കുമെന്ന് ചുരുക്കം.



| അനന്തരവകാശികൾ | എണ്ണം | അവകാശം | 3 | 6 |
|---|---|---|---|---|
| ഉമ്മയും ഉപ്പയുമൊത്ത സഹോദരിമാർ | 2 | ⅔ | 2 | 4 |
| ഉപ്പയൊത്ത സഹോദരന്മാർ | 2 | ബാക്കി | 1 | 2 |

ഇവിടെ സ്ത്രീകൾക്കുള്ളതിന്റെ പകുതി മാത്രമാണ് പുരുഷൻമാർക്ക് ലഭിക്കുന്നത്. അതിനുള്ള കാരണം മരണപ്പെട്ട വ്യക്തിയിലേക്ക് ഉമ്മയിലൂടെയും ഉപ്പയിലൂടെയും സഹോദരിമാരുടെ ബന്ധം സ്ഥാപിക്കപ്പെടുമ്പോൾ ഉപ്പയിലൂടെ മാത്രമാണ് സഹോദരൻമാരുടെ ബന്ധം സ്ഥാപിക്കപ്പെടുന്നത്. വിമർകർ ഉന്നയിക്കുന്നതുപോലെയാണ് കാര്യമെങ്കിൽ ആറ് ഓഹരിയിൽ നാല് ഓഹരി സഹോദരന്മാർക്കും രണ്ട് ഓഹരി മാത്രം സഹോദരിമാർക്കും നൽകപ്പെടുമായിരുന്നു. ഇത്തരത്തിലുള്ള ധാരാളം ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും.

### രണ്ട്) തലമുറകൾക്കിടയിൽ അനന്തരാവകാശിക്കുള്ള സ്ഥാനം അടിസ്ഥാനപ്പെടുത്തി:

സ്വാഭാവികമായും ജീവിതത്തിലേക്ക് കാലെടുത്തുവച്ചിട്ടുള്ള, ജീവിതഭാരങ്ങൾ വഹിക്കേണ്ടതായി വരുന്ന പുതുതലമുറയുടെ ഓഹരികൾ മുതിർന്ന തലമുറയുടേതിനെക്കാൾ കൂടുതലായിരിക്കും. ഇവിടെയും അനന്തരാവകാശികൾക്കിടയിലെ സ്ത്രീപുരുഷ വ്യത്യാസമല്ല പരിഗണിക്കുന്നത്. ഉദാഹരണം കാണുക: ഒരാൾ മരിക്കുമ്പോൾ അയാൾക്ക് അനന്തരാവകാശികളായുള്ളത് പിതാവും ഒരു മകനുമാണെന്ന് കരുതുക. അയാളുടെ സ്വത്ത് മൊത്തം ആറ് ഓഹരിയായി തിരിച്ച് അതിൽ ഒരു ഓഹരി പിതാവിനും ബാക്കിയുള്ള അഞ്ച് ഓഹരി ആ മകനുമാണ്.

| അനന്തരവകാശികൾ | അവകാശം | 6 |
|---|---|---|
| പിതാവ് | ⅙ | 1 |
| മകൻ | ബാക്കി | 5 |

പിതാവും മകനും പുരുഷന്മാരാണെന്നത് അവർക്കിടയിൽ സ്വത്ത് തുല്യമായി വീതിക്കപ്പെടാൻ കാരണമായില്ല. ചിന്തിക്കുന്ന ഏതൊരാൾക്കും ഇതിന്റെ പിന്നിലെ, അല്ലാഹുവിന്റെ ഉന്നതമായ യുക്തി കണ്ടെത്താൻ സാധിക്കും.

ഒരു ഉദാഹരണം കൂടി കാണുക: ഒരാളുടെ സ്വത്തിന് അവകാശികളായുള്ളത് ഭർത്താവും ഒരു മകളും മാത്രമാണെന്ന് കരുതുക. സ്വത്ത് നാല് ഓഹരിയായി ഭാഗിച്ച് ഒരു ഓഹരി ഭർത്താവിനും മൂന്ന് ഓഹരി മകൾക്കും നൽകപ്പെടും.

| അനന്തരവകാശികൾ | അവകാശം | 4 |
|---|---|---|
| ഭർത്താവ് | ¼ | 1 |
| മകൾ | ½ + ബാക്കി | 2+1 |

ഇവിടെയും സ്ത്രീപുരുഷ വേർതിരിവെന്നത് മാനദണ്ഡമല്ലെന്ന് സുവ്യക്തമാണ്. വിമർശകർ പറയുന്നതുപോലെയാണ് കാര്യമെങ്കിൽ സ്വത്ത് മൂന്ന് ഓഹരിയാക്കി രണ്ട് ഓഹരി ഭർത്താവിനും ഒരു ഓഹരി മകൾക്കുമാണ് നൽകപ്പെടേണ്ടത്.

### മൂന്ന്) ഇസ്‌ലാമിക നിയമസംഹിത വ്യക്തികളിൽ നിർബന്ധമാക്കുന്ന സാമ്പത്തിക ബാധ്യതയും ഉത്തരവാദിത്തവും അടിസ്ഥാനപ്പെടുത്തി:

ഇസ്‌ലാമിക അനന്തരാവകാശ നിയമത്തിൽ സ്ത്രീപുരുഷ വേർതിരിവ് തോന്നിയേക്കാവുന്ന ഒരേയൊരു മാനദണ്ഡം ഇതുമാത്രമാണ്. എന്നാൽ ഇതിൽപോലും സ്ത്രീകളോട് അതിക്രമം കാണിക്കുകയോ അവരുടെ അവകാശങ്ങളിൽ കുറവുവരുത്തുകയോ ചെയ്യുന്നില്ല. ആൺമക്കളെയും പെൺമക്കളെയും പോലെ അനന്തരാവകാശികൾ ബന്ധത്തിന്റെ കാര്യത്തിൽ തുല്യരാവുകയും അവർ ഒരേ തലമുറയിൽ പെട്ടവരാകുകയും ചെയ്താൽ അവർക്കിടയിൽ അനന്തരസ്വത്ത് വീതിക്കുന്നതിലെ ഏറ്റവ്യത്യാസത്തിന്റെ മാനദണ്ഡം അവരുടെ സാമ്പത്തിക ബാധ്യതയും ഉത്തരവാദിത്തവും അടിസ്ഥാനപ്പെടുത്തിയായിരിക്കും. അതുകൊണ്ടാണ് അനന്തരസ്വത്ത് വീതിക്കുന്നതിലെ പൊതുഅടിസ്ഥാനമായി സ്ത്രീപുരുഷ വ്യത്യാസം ക്വുർആൻ പരാമർശിക്കാതിരുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

കുടുംബത്തെ പോറ്റേണ്ട ബാധ്യതയും ഉത്തരവാദിത്തവും പുരുഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവർക്ക് ഇത്തരത്തിലുള്ള ഒരു ബാധ്യതയും ഇസ്‌ലാം നൽകിയിട്ടില്ല. അതിനാൽ തന്നെ തനിക്ക് ലഭിക്കുന്ന ഏ

തുതരം സമ്പത്തും തന്റെ സ്വകാര്യ ആവശ്യങ്ങൾക്ക് മാത്രം വേണമെങ്കിൽ ഉപയോഗിച്ചാൽ മതി. കാരണം സഹോദരി എന്ന നിലയ്ക്ക് അവളുടെ സംരക്ഷണോത്തരവദിത്തവുംബാധ്യതയുംഅവളുടെസഹോദരനും, ഭാര്യ എന്ന നിലയ്ക്ക് അവളുടെയും അവളുടെ മക്കളുടെയും സംരക്ഷണോത്തരവാദിത്തവും ബാധ്യതയും അവളുടെ ഭർത്താവിനുമാണുള്ളത്. തദടിസ്ഥാനത്തിൽ നോക്കുമ്പോൾ തന്റെ ഇരട്ടി അനന്തരാവകാശമായി ലഭിച്ചിട്ടുള്ള സഹോദരനെക്കാൾ വലിയ പരിഗണനയാണ് ഇസ്‌ലാം അവൾക്ക് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാണ്. സാമ്പത്തിക ഉത്തരവാദിത്തം അവളിൽ ഏൽപിക്കപ്പെടാതിരുന്നിട്ടും സ്ത്രീയെന്ന നിലയിലുള്ള അവളുടെ ദൗർബല്യം അംഗീകരിച്ചുകൊണ്ടും പ്രയാസഘട്ടങ്ങളിൽ ജീവിതത്തിന് സുരക്ഷിതത്വം നൽകുന്നതിനുമാണ് അല്ലാഹു അവൾക്ക് ഈ ഓഹരി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ഇത് പലർക്കും ബോധ്യപ്പെടാതിരിക്കുന്നതാണ് പ്രശ്നം. ബോധ്യപ്പെട്ടിട്ടും മനഃപൂർവം ദുഷ്പ്രചാരണം നടത്തുന്നവരെ തിരുത്താനാവില്ല.

അനന്തരസ്വത്തിന്റെ വിതരണത്തിലെ ഭാഗികമായ ഈ ഏറ്റവ്യത്യാസത്തെ സ്ത്രീകളോടുള്ള അവഗണനയായി കാണുന്ന, മതമുള്ളവരും ഇല്ലാത്തവരുമായ ആളുകൾ ഇസ്‌ലാമിലെ അനന്തരാവകാശത്തിലെ വ്യത്യസ്ത അവസ്ഥകളെ ശരിയായി മനസ്സിലാക്കേണ്ടതുണ്ട്.

സ്ത്രീപുരുഷ വേർതിരിവിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാമിക സ്വത്തവകാശനിയമത്തെ നാലായി വേർതിരിക്കാം:

1. പുരുഷന് സ്ത്രീയുടെ ഇരട്ടി ഓഹരി ലഭിക്കുന്ന അവസ്ഥകൾ (നാല് സന്ദർഭങ്ങളിൽ മാത്രമാണ് അത്തരം അവസ്ഥകൾ ഉള്ളത്).

2. പുരുഷന് തുല്യമായ ഓഹരി സ്ത്രീക്കും ലഭിക്കുന്ന അവസ്ഥ. (ഒന്നാമത്തെ അവസ്ഥയെക്കാൾ ഇരട്ടിയിലധികം രണ്ടാമത്തെ അവസ്ഥയാണുള്ളത്).

3. സ്ത്രീക്ക് പുരുഷനെക്കാൾ കൂടുതൽ ഓഹരി ലഭിക്കുന്ന അവസ്ഥ (ഇത് പത്തിലേറെ സന്ദർഭങ്ങളിലുണ്ട്).

4. സ്ത്രീക്ക് ഓഹരി ലഭിക്കുകയും അതേസമയം തുല്യസ്ഥാനത്തുള്ള പുരുഷന് അനന്തരാവകാശം ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥ.

അതായത് സ്ത്രീക്ക് പുരുഷന്ന് തുല്യമോ അതിനെക്കാൾ കൂടുതലോ ആയ ഓഹരി ലഭിക്കുന്ന മുപ്പതിലേറെ സന്ദർഭങ്ങൾ ഇസ്‌ലാമിക അനന്തരാവകാശ നിയമത്തിലുണ്ട്. അതേസമയം പുരുഷനെക്കാൾ കുറവ് ഓഹരി അവൾക്ക് ലഭിക്കുന്ന നാല് സന്ദർഭങ്ങൾ മാത്രമാണുള്ളത്. അവയിൽ പ്രധാനപ്പെട്ടവ ഉദാഹരണസഹിതം നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം:

## പുരുഷന് സ്ത്രീയുടെ ഇരട്ടി ഓഹരി ലഭിക്കുന്ന അവസ്ഥകൾ

ഇസ്‌ലാമിക നിയമസംഹിത വ്യക്തികളിൽ നിർബന്ധമാക്കുന്ന സാമ്പത്തിക ബാധ്യതയും ഉത്തരവാദിത്തവും അടിസ്ഥാനപ്പെടുത്തിയാണ് പുരുഷന് സ്ത്രീയുടെ ഇരട്ടി ഓഹരി ലഭിക്കുന്ന അവസ്ഥകൾ ഉള്ളത് എന്നും അവ നാല് അവസരങ്ങളിൽ മാത്രമാണുള്ളതെന്നും നമ്മൾ മുമ്പ് മനസ്സിലാക്കി. പുരുഷനെക്കൊണ്ട് സ്ത്രീ ശിഷ്ടം ഓഹരിക്കാരാവുക എന്ന ഗണത്തിലാണ് ഇവയിലെ രണ്ട് അവസ്ഥകൾ ഉൾപ്പെടുക. ഇവിടെ മാത്രമാണ് ഒരു പുരുഷന് രണ്ട്സ്ത്രീകൾക്കുള്ള ഓഹരിയാണുള്ളത് എന്ന തത്ത്വം ബാധകമാകുന്നത്.

എന്നാൽ ബാക്കി രണ്ട് അവസ്ഥകൾ ഈ പൊതുതത്ത്വത്തിനുള്ളിൽ വരുന്നതല്ല. ഓരോന്നും ഉദാഹരണങ്ങളിലൂടെ നമുക്ക് കൂടുതൽ മനസ്സിലാക്കാം.

പുരുഷനെക്കൊണ്ട് സ്ത്രീ ശിഷ്ടം ഓഹരിക്കാരിയാകുന്ന അവസ്ഥ. (ഒരു പുരുഷന് രണ്ട് സ്ത്രീകൾക്കുള്ള ഓഹരിയാണുള്ളത് എന്ന തത്ത്വം ബാധകമാകുന്നത്).

1. ഒരാൾ മരണപ്പെടുമ്പോൾ അനന്തരവകാശികളായുള്ള മകനും മകളുമാകുക. മക്കളെന്ന ഗണത്തിൽ മകന്റെ മകളും മകന്റെ മകനും ഉൾപ്പെടും.

അല്ലാഹുപറയുന്നു: “നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങളോട് ‘വസ്വിയ്യത്ത്’ ചെയ്യുന്നു: ആണിന് രണ്ടു പെണ്ണിന്റെ ഓഹരിക്ക് തുല്യമായതുണ്ട്.”

‘ആണിന് രണ്ടു പെണ്ണിന്റെ ഓഹരിക്ക് തുല്യമായതുണ്ട്’ എന്ന തത്ത്വത്തെ പൊതുവൽകരിച്ചു കാണിക്കാനാണ് വിമർശകർ സാധാരണയായി ശ്രമിക്കാറുള്ളത്. ഒന്നാമതായി നാം അറിയേണ്ടത് ഈ തത്ത്വം പുരുഷനെക്കൊണ്ട് സ്ത്രീ ‘അസ്വബ’യായി മാറുന്ന അവസരത്തിൽ മാത്രമാണ് ബാധകം എന്നാണ്.

ഉദാഹരണം കാണുക:

| അനന്തരവകാശികൾ | 3 |
|---|---|
| മകൻ | 2 |
| മകൾ | 1 |

| അനന്തരവകാശികൾ | 3 |
|---|---|
| മകന്റെ മകൻ | 2 |
| മകന്റെ മകൾ | 1 |

മേൽവിവരിച്ച രണ്ട് അവസ്ഥകളിലും സഹോദരിമാർ എന്ന നിലയ്ക്ക് അവരുടെ സാമ്പത്തിക ബാധ്യതയും ഉത്തരവാദിത്തവും അവരുടെ സഹോദരന്മാരിലാണ് ഇസ്‌ലാം ചുമതലപ്പെടുത്തിയിട്ടുള്ളത്. അതിന്റെ ഭാഗമായാണ് സഹോദരിമാരെക്കാൾ ഒരു ഓഹരി കൂടുതലായി സഹോദരനു നൽകാനുള്ള കാരണം.

2. ഒരാൾ മരണപ്പെടുമ്പോൾ അനന്തരാവകാശികളായുള്ളത് ഉപ്പയും ഉമ്മയും ഒത്ത സഹോദരനും സഹോദരിയുമാവുക. അല്ലെങ്കിൽ ഉപ്പയൊത്ത സഹോദരനും സഹോദരിയുമാവുക.

| അനന്തരവകാശികൾ | 3 |
|---|---|
| ഉപ്പയും ഉമ്മയും ഒത്ത സഹോദരൻ | 2 |
| ഉപ്പയും ഉമ്മയും ഒത്ത സഹോദരി | 1 |

| അനന്തരവകാശികൾ | 3 |
|---|---|
| ഉപ്പയൊത്ത സഹോദരൻ | 2 |
| ഉപ്പയൊത്ത സഹോദരി | 1 |

'ആണിന് രണ്ടു പെണ്ണിന്റെ ഓഹരിക്ക് തുല്യമായതുണ്ട്' എന്ന പൊതുതത്ത്വമല്ലെങ്കിലും സ്ത്രീകൾക്കുള്ളതിന്റെ ഇരട്ടി പുരുഷന് എന്ന് തോന്നാവുന്ന രണ്ട് അവസ്ഥകൾ:

1. ഒരാൾ മരണപ്പെടുമ്പോൾ അനന്തരവകാശികളായി അയാൾക്കുള്ളത് മാതാവും പിതാവും മാത്രമാകുക.

ഈ ഘട്ടത്തിൽ മാതാവ് നിശ്ചിത ഓഹരിക്കാരിയും പിതാവ് ശിഷ്ടം ഓഹരിക്കാരനുമാണ്. അല്ലാഹു പറയുന്നത് കാണുക:

'ഇനി അയാൾക്ക് സന്താനമില്ലാതിരിക്കുകയും മാതാപിതാക്കൾ അയാളുടെ അനന്തരവകാശികളായിരിക്കയുമാണെങ്കിൽ അയാളുടെ മാതാവിനു മൂന്നിലൊരുഭാഗമുണ്ടായിരിക്കും.'

നിശ്ചിത ഓഹരിക്കാരിയായ ഉമ്മ മൂന്നിലൊന്നെടുത്താൽ ബാക്കിവരുന്ന രണ്ട് ഓഹരി ശിഷ്ടമോഹരിക്കാരനായ പിതാവിനായിരിക്കും ലഭിക്കുക.

| അനന്തരവകാശികൾ | അവകാശം | 3 |
|---|---|---|
| മാതാവ് | ⅓ | 1 |
| പിതാവ് | ബാക്കി | 2 |

ഇവിടെ അനന്തരാവകാശികൾ തമ്മിലുള്ള ബന്ധം നോക്കൂ. അവർ ഭാര്യയും ഭർത്താവുമാണ്. സ്വാഭാവികമായും ഭാര്യയെ സംരക്ഷിക്കേണ്ട ബാധ്യതയും ഉത്തരവാദിത്തവും അവളുടെ ഭർത്താവിനു തന്നെയാണുള്ളത്. ഈ ഭാരിച്ച ഉത്തരവാദിത്തം ഏൽപിക്കപ്പെട്ടതിനാൽ അതിനുള്ള സഹായം എന്ന നിലയ്ക്ക് തന്നെയാണ് തന്റെ ഭാര്യയെക്കാൾ ഇരട്ടി ഓഹരി ഭർത്താവിന് അഥവാ പരേതന്റെ പിതാവിന് ഇസ്‌ലാം വകവച്ചുനൽകിയത് എന്ന് വ്യക്തമാണ്.

2. ഭാര്യയുടെയും ഭർത്താവിന്റെയും ഓഹരികൾ തമ്മിലുള്ള അനുപാതത്തിലും സ്ത്രീയുടെ ഇരട്ടി ഓഹരി ലഭിക്കുന്ന അവസ്ഥയാണുള്ളത്. എന്നാൽ ഇവർ രണ്ടുപേരും ഒന്നിച്ച് അനന്തരവകാശികളാകുന്ന അവസ്ഥയുണ്ടാവുകയില്ല.

"നിങ്ങളുടെ ഭാര്യമാർ വിട്ടേച്ചുപോയതിന്റെ പകുതി നിങ്ങൾക്കാകുന്നു; അവർക്ക് സന്താനമില്ലെങ്കിൽ. എനി, അവർക്ക് സന്താനമുണ്ടായിരുന്നാൽ, അവർ വിട്ടേച്ചുപോയതിൽനിന്നും നാലിലൊന്ന് നിങ്ങൾക്കുണ്ടായിരിക്കും. അവർ ചെയ്യുന്ന വസ്വിയ്യത്തിന്റെയോ, അല്ലെങ്കിൽ കടത്തിന്റെയോ ശേഷമാണ് (ഇതെല്ലാം). നിങ്ങൾക്ക് സന്താനമില്ലെങ്കിൽ നിങ്ങൾ വിട്ടുപോയതിൽനിന്നും അവർക്ക് നാലിലൊന്നുമുണ്ടായിരിക്കും. എനി, നിങ്ങൾക്ക് സന്താനം ഉണ്ടായിരുന്നെങ്കിൽ, അപ്പോൾ നിങ്ങൾ വിട്ടുപോയതിൽനിന്നും അവർക്ക് എട്ടിലൊന്നുണ്ടായിരിക്കും."

| അവകാശികൾ | മക്കളുള്ള അവസ്ഥ | മക്കളില്ലാത്ത അവസ്ഥ |
|---|---|---|
| ഭർത്താവ് | ¼ | ½ |
| ഭാര്യ | ⅛ | ¼ |

## സ്തീപുരുഷ വ്യത്യാസമില്ലാതെ അനന്തരമെടുക്കുന്ന അവസ്ഥകൾ

സ്ത്രീപുരുഷ വ്യത്യാസമില്ലാതെ സ്വത്ത് അനന്തരമെടുക്കുന്ന അവസ്ഥയുണ്ടെന്ന് നാം മനസ്സിലാക്കി. അത് അൽപം വിശദമായി മനസ്സിലാക്കാം. അവയിൽ പ്രഥമവിഭാഗം മാതാവും പിതാവുമാണ്.

1. ഒരാൾ മരണപ്പെടുമ്പോൾ അയാൾക്ക് അനന്തരാവകാശികളായുള്ളത് പിതാവും മാതാവും ആൺമക്കളുമാകുക: പിതാവും മാതാവും തുല്യമായാണ് അനന്തരമെടുക്കുക. ആൺ, പെൺ വ്യത്യാസം പരിഗണിക്കപ്പെടുകയില്ല.

| അവകാശികൾ | അവകാശം | 6 |
|---|---|---|
| പിതാവ് | ⅙ | 1 |
| മാതാവ് | ⅙ | 1 |
| ആൺമക്കൾ | ബാക്കി | 4 |

2. ഒരാൾ മരണപ്പെടുമ്പോൾ അയാൾക്ക് അനന്തരാവകാശികളായുള്ളത് പിതാവും മാതാവും രണ്ടോ അതിലധികമോ പെൺമക്കളുമാവുക:

| അവകാശികൾ | അവകാശം | 6 |
|---|---|---|
| പിതാവ് | ⅙ | 1 |
| മാതാവ് | ⅙ | 1 |
| 2+ പെൺമക്കൾ | ⅔ | 4 |

3. ഒരാൾ മരണപ്പെടുമ്പോൾ അയാൾക്ക് അനന്തരാവകാശികളായി പിതാവും മാതാവും ഭാര്യയും മകളും ഉണ്ടാവുക:

| അവകാശികൾ | അവകാശം | 12 | ഔൽ 13 |
|---|---|---|---|
| പിതാവ് | ⅙ + ബാക്കി | 2 | 2 |
| മാതാവ് | ⅙ | 2 | 2 |
| ഭർത്താവ് | ¼ | 3 | 3 |
| മകൾ | ½ | 6 | 6 |

ഈ ഗണത്തിൽ വരുന്ന മറ്റൊന്ന് കാണുക:

4. ഒരാൾ മരണപ്പെടുമ്പോൾ അയാൾക്ക് അനന്തരാവകാശികളായി പിതാവും മാതാമഹിയും (മാതാവിന്റെ മാതാവ്) ആൺമക്കളോ, രണ്ടിൽകൂടുതൽ പെൺമക്കളോ ഉണ്ടാവുക. പിതാവുണ്ടായിരിക്കെതന്നെ പരേതനിലേക്ക് ബന്ധംകൊണ്ട് അകന്നുനിൽക്കുന്ന മാതാവിന്റ മാതാവിന് പിതാവിന്റെ അതേ അവകാശമാണ് ഇസ്‌ലാം നൽകുന്നത്.

| അവകാശികൾ | അവകാശം | 6 |
|---|---|---|
| പിതാവ് | ⅙ | 1 |
| മാതാമഹി | ⅙ | 1 |
| ആൺമക്കൾ | ബാക്കി | 4 |

| അവകാശികൾ | അവകാശം | 6 |
|---|---|---|
| പിതാവ് | ⅙ + ബാക്കി | 1 |
| മാതാമഹി | ⅙ | 1 |
| 2+ പെൺമക്കൾ | ⅔ | 4 |

2. ഉമ്മയൊത്ത സഹോദരി സഹോദരൻമാർക്കിടയിൽ ആൺ പെൺ വ്യത്യാസമില്ലാതെയാണ് അനന്തരസ്വത്ത് ഓഹരിവെക്കേണ്ടത്. അല്ലാഹു പറയുന്നത്കാണുക:

"അനന്തരമെടുക്കുന്ന പുരുഷനോ സ്ത്രീയോ പിതാവും മക്കളുമില്ലാത്ത ആളായിരിക്കുകയും, അയാൾക്ക് (മാതാവൊത്ത) ഒരുസഹോദരനോ സഹോദരിയോ ഉണ്ടായിരിക്കുകയും ചെയ്താൽ അവരിൽ (ആ സഹോദര-സഹോദരിമാരിൽ) ഓരോരുത്തർക്കും ആറിൽ ഒരംശം ലഭിക്കുന്നതാണ്. ഇനി അവർ അതിലധികംപേരുണ്ടെങ്കിൽ അവർ മൂന്നിലൊന്നിൽ സമാവകാശികളായിരിക്കും."

ഇതിന്റെ രൂപം ചാർട്ടിലൂടെ നമുക്ക് എളുപ്പം മനസ്സിലാക്കാം.

| അവകാശികൾ | അവകാശം | 6 |
|---|---|---|
| ഭർത്താവ് | ½ | 3 |
| മാതാവ് | ⅓ | 2 |
| മാതാവൊത്ത സഹോദരൻ | ⅙ | 1 |

| അവകാശികൾ | അവകാശം | 6 |
|---|---|---|
| ഭർത്താവ് | ½ | 3 |
| മാതാവ് | ⅓ | 2 |
| മാതാവൊത്ത സഹോദരി | ⅙ | 1 |

ഇവിടെനോക്കൂ; സഹോദരനും സഹോദരിയും ഒരുപോലെയാണ് അനന്തരമെടുത്തത്. അവരുടെ അവകാശം തുല്യമാണ്. യാതൊരു വ്യത്യാസവുമില്ല. **(അവസാനിച്ചില്ല)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 56, ഭാഗം 1

# അൽവാഖിഅ (സംഭവം)

(മക്കയിൽ അവതരിച്ചത്)

1. ആ സംഭവം സംഭവിച്ചു കഴിഞ്ഞാൽ.
2. അതിന്റെ സംഭവ്യതയെ നിഷേധിക്കുന്ന ആരും ഉണ്ടായിരിക്കുകയില്ല.
3. (ആ സംഭവം, ചിലരെ) താഴ്ത്തുന്നതും (ചിലരെ) ഉയർത്തുന്നതുമായിരിക്കും.
4. ഭൂമി കിടുകിടാ വിറപ്പിക്കപ്പെടുകയും,
5. പർവതങ്ങൾ ഇടിച്ച് പൊടിയാക്കപ്പെടുകയും;
6. അങ്ങനെ അത് പാറിപ്പറക്കുന്ന ധൂളിയായിത്തീരുകയും,
7. നിങ്ങൾ മൂന്നു തരക്കാരായിത്തീരുകയും ചെയ്യുന്ന സന്ദർഭമത്രെ അത്.
8. അപ്പോൾ ഒരു വിഭാഗം വലതുപക്ഷക്കാർ. എന്താണ് ഈ വലതുപക്ഷക്കാരുടെ അവസ്ഥ!
9. മറ്റൊരു വിഭാഗം ഇടതുപക്ഷക്കാർ. എന്താണ് ഈ ഇടതുപക്ഷക്കാരുടെ അവസ്ഥ!
10. (സത്യവിശ്വാസത്തിലും സൽപ്രവൃത്തികളിലും) മുന്നേറിയവർ (പരലോകത്തും) മുന്നാക്കക്കാർ തന്നെ.
11. അവരാകുന്നു സാമീപ്യം നൽകപ്പെട്ടവർ.
12. സുഖാനുഭൂതികളുടെ സ്വർഗത്തോപ്പുകളിൽ.
13. പൂർവികൻമാരിൽ നിന്ന് ഒരു വിഭാഗവും
14. പിൽക്കാലക്കാരിൽനിന്ന് കുറച്ചുപേരുമത്രെ ഇവർ.
15. സ്വർണനൂലുകൊണ്ട് മെടഞ്ഞുണ്ടാക്കപ്പെട്ട കട്ടിലുകളിലായിരിക്കും അവർ.
16. അവയിൽ അവർ പരസ്പരം അഭിമുഖമായി ചാരിയിരിക്കുന്നവരായിരിക്കും.

إِذَا وَقَعَتِ ٱلْوَاقِعَةُ ﴿١﴾
لَيْسَ لِوَقْعَتِهَا كَاذِبَةٌ ﴿٢﴾
خَافِضَةٌ رَّافِعَةٌ ﴿٣﴾
إِذَا رُجَّتِ ٱلْأَرْضُ رَجًّا ﴿٤﴾
وَبُسَّتِ ٱلْجِبَالُ بَسًّا ﴿٥﴾
فَكَانَتْ هَبَآءً مُّنۢبَثًّا ﴿٦﴾
وَكُنتُمْ أَزْوَٰجًا ثَلَٰثَةً ﴿٧﴾
فَأَصْحَٰبُ ٱلْمَيْمَنَةِ مَآ أَصْحَٰبُ ٱلْمَيْمَنَةِ ﴿٨﴾
وَأَصْحَٰبُ ٱلْمَشْـَٔمَةِ مَآ أَصْحَٰبُ ٱلْمَشْـَٔمَةِ ﴿٩﴾
وَٱلسَّٰبِقُونَ ٱلسَّٰبِقُونَ ﴿١٠﴾
أُو۟لَٰٓئِكَ ٱلْمُقَرَّبُونَ ﴿١١﴾
فِى جَنَّٰتِ ٱلنَّعِيمِ ﴿١٢﴾
ثُلَّةٌ مِّنَ ٱلْأَوَّلِينَ ﴿١٣﴾
وَقَلِيلٌ مِّنَ ٱلْءَاخِرِينَ ﴿١٤﴾
عَلَىٰ سُرُرٍ مَّوْضُونَةٍ ﴿١٥﴾
مُّتَّكِـِٔينَ عَلَيْهَا مُتَقَٰبِلِينَ ﴿١٦﴾

1-3). സംഭവിക്കുമെന്നുറപ്പുള്ള ആ സംഭവത്തിന്റെ അവസ്ഥയെക്കുറിച്ചാണ് അല്ലാഹു പറയുന്നത്. സംഭവമെന്നത് അന്ത്യനാളാണ്. (അതിന്റെ സംഭവ്യതയെ നിഷേധിക്കുന്ന ആരും ഉണ്ടായിരിക്കുകയില്ല). അതിൽ സംശയമില്ല. പറഞ്ഞുകേട്ടതും ബുദ്ധിപരവുമായ തെളിവുകൾകൊണ്ട് വ്യക്തമായ ഒരു വസ്തുതയാണത്. അല്ലാഹുവിന്റെ യുക്തിജ്ഞാനവും അതിന് തെളിവുതന്നെയാണ്. (-ആ സംഭവം ചിലരെ- താഴ്ത്തുന്നതും (ചിലരെ) ഉയർത്തുന്നതുമായിരിക്കും). ചിലരെ അധമരിൽ അധമരാക്കി താഴ്ത്തുന്നതാണ്. ഉന്നതമായ ഇല്ലിയ്യൂൻ വരെ മനുഷ്യരെ അത് ഉയർത്തുന്നതുമാണ്. മറ്റൊരർഥം; അതിന്റെ ശബ്ദം താഴുമ്പോൾ അത് അടുത്തുള്ളവരെ കേൾപ്പിക്കും, ഉയരുമ്പോൾ ദൂരെയുള്ളവരെയും.

4-6). (ഭൂമി കിടുകിടാ വിറപ്പിക്കപ്പെടുകയും) അത് ചലിപ്പിക്കപ്പെടുകയും ഇളക്കി മറിക്കപ്പെടുകയും ചെയ്യുക. (പർവതങ്ങൾ ഇടിച്ച് പൊടിയാക്കപ്പെടുകയും) ചിന്നിച്ചിതറപ്പെടും. (അങ്ങനെ അത് പാറിപ്പറക്കുന്ന ധൂളികളായിത്തീരുകയും) പർവതങ്ങളോ അതിന്റെ അടയാളങ്ങളോ ഇല്ലാതായിത്തീരും.

قَاعًا صَفْصَفًا ﴿١٠٦﴾ لَا تَرَىٰ فِيهَا عِوَجًا وَلَا أَمْتًا

"എന്നിട്ട് അവർ അതിനെ സമനിരപ്പായ മൈതാനമാക്കി വിടുന്നതാണ്. ഇറക്കമോ കയറ്റമോ നീ അവിടെ കാണുകയില്ല" (ത്വാഹ 106,107).

7-9). (നിങ്ങൾ ആയിത്തീരും). ഓ, സൃഷ്ടികളേ. (മൂന്നു തരക്കാർ) നിങ്ങൾ ചെയ്ത നന്മ തിന്മകളുടെ അടിസ്ഥാനത്തിൽ മൂന്നു വിഭാഗങ്ങളായി വേർതിരിയും. തുടർന്ന് വിശദീകരിക്കുന്നത് ഈ മൂന്ന് വിഭാഗത്തിന്റെ അവസ്ഥകളാണ്. (അപ്പോൾ ഒരു വിഭാഗം വലതുപക്ഷക്കാർ. എന്താണ് ഈ വലതുപക്ഷക്കാരുടെ അവസ്ഥ?) അവരുടെ മഹത്ത്വവും അവരനുഭവിക്കുന്ന സാഹചര്യങ്ങളുടെ വലുപ്പവുമാണ് പറയുന്നത്. (മറ്റൊരു വിഭാഗം ഇടതുപക്ഷക്കാർ) ഇടത്. (എന്താണ് ഈ ഇടതുപക്ഷക്കാരുടെ അവസ്ഥ?) ഇത് അവരുടെ അവസ്ഥയുടെ ഭയാനകതയെ കുറിക്കുന്നു).


10-14). സത്യവിശ്വാസത്തിലും സൽപ്രവൃത്തികളിലും (മുന്നേറിയവർ മുന്നാക്കക്കാർ തന്നെ). സ്വർഗപ്രവേശനത്തിലും പരലോകത്തും മുന്നേറുക തന്നെ ചെയ്യും. അല്ലാഹുവിന്റെ അടുക്കൽ സാമീപ്യം സിദ്ധിച്ചവരുടെ പ്രത്യേകതകളാണിത്. (സുഖാനുഭൂതികളുടെ സ്വർഗത്തോപ്പുകളിൽ). ഇല്ലിയ്യൂൻ എന്ന സ്വർഗപദവിയുടെ ഉന്നതങ്ങളിൽ ഉന്നത സ്ഥാനങ്ങളിൽ; അതിനു മുകളിൽ സ്ഥാനങ്ങളില്ല. അവരാരാണെന്ന് പറയുന്നു: (പൂർവികരിൽനിന്ന് ഒരു വിഭാഗം) ഈ സമുദായത്തിൽനിന്നും മറ്റു സമുദായങ്ങളിൽ നിന്നും മുൻ



കഴിഞ്ഞുപോയവരിൽ ധാരാളം ആളുകൾ ഉൾക്കൊള്ളുന്ന ഒരു സംഘം.

(പിൽക്കാലക്കാരിൽനിന്ന് കുറച്ചു പേരുമത്രെ ഇവർ) ശേഷം വരുന്ന ഈ വാചകത്തിൽനിന്ന് ഈ സമുദായത്തിന്റെ തുടക്കക്കാരുടെ മഹത്ത്വം തെളിയുന്നുണ്ട്. കാരണം, പിൽക്കാലക്കാരെക്കാൾ സാമീപ്യം സിദ്ധിച്ചവർ കൂടുതലുള്ളത് മുൻകാലക്കാരിലാണ്. പടപ്പുകളിലെ സവിശേഷരാണ് സാമീപ്യം സിദ്ധിച്ചവർ.

15-16). (സ്വർണനൂലുകൊണ്ട് മെടഞ്ഞുണ്ടാക്കപ്പെട്ട കട്ടിലുകളിലായിരിക്കും അവർ) സ്വർണവും വെള്ളിയും മുത്തും പവിഴവുംകൊണ്ട് നെയ്തത്. അല്ലാഹുവിന് മാത്രം അറിയുന്ന അലങ്കാരവും ആഭരണങ്ങളും. (അതിലവർ ചാരിയിരിക്കുന്നവരായിരിക്കും) അതായത്, ആ കട്ടിലുകളിൽ, സൗകര്യപ്രദവും സമാധാനപരവും സന്തോഷഭരിതവും സുസ്ഥിരതയുള്ളതുമായ ഇരുത്തം. (അഭിമുഖമായി) ഓരോരുത്തരുടെയും മുഖം തന്റെ കൂട്ടുകാരന്റെ മുഖത്തേക്ക് തിരിഞ്ഞായിരിക്കും. അവരുടെ ഹൃദയശുദ്ധിയും പരസ്പര സ്നേഹവും നല്ല പെരുമാറ്റവും ഹൃദയബന്ധവുമെല്ലാമാണ് അതിന്റെ കാരണം.



വിവർത്തനം

ഡോ. സ്വാലിഹ് ബിൻ ഫൗസാൻ
mail@nerpatham.com

# ബിദ്അത്തിന്റെ ഇനങ്ങളും അവയുടെ വിധികളും

മുൻമാതൃകയിലല്ലാതെ ഒന്ന് ഉണ്ടാക്കുന്നതിനാണ് ഭാഷാപരമായി 'ബിദ്അത്ത്' എന്ന് പറയുക. 'ബദഅ' എന്ന പദത്തിൽ നിന്നാണ് അതുണ്ടായിട്ടുള്ളത്. അല്ലാഹു പറയുന്നു:

"(നബിയേ,) പറയുക: ഞാൻ ദൈവദൂതൻമാരിൽ ഒരു പുതുമക്കാര(ബിദ്അൻ)നൊന്നുമല്ല. എന്നെക്കൊണ്ടോ നിങ്ങളെക്കൊണ്ടോ എന്ത് ചെയ്യപ്പെടും എന്ന് എനിക്ക് അറിയുകയുമില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെ പിന്തുടരുക മാത്രമാകുന്നു ഞാൻ ചെയ്യുന്നത്. ഞാൻ വ്യക്തമായ താക്കീതുകാരൻ മാത്രമാകുന്നു" (അൽഅഹ്ക്വാഫ്: 9).

എനിക്ക് മുമ്പും ദൂതന്മാരുണ്ടായിട്ടുണ്ട് എന്നർഥം. മുമ്പ് ആരും ചെയ്യാത്ത ഒരു പ്രവർത്തനം ആരെങ്കിലും തുടങ്ങിയാൽ അതിന് 'ഇബ്തദഅ' എന്ന് പറയാറുണ്ട്.

പുതുനിർമിതികൾ (ഇബ്തിദാഅ്) രണ്ടുതരമുണ്ട്.

1) ഭൗതിക കാര്യങ്ങളിൽ. ആധുനിക കണ്ടുപിടുത്തങ്ങൾ ഇതുനുദാഹരണമാണ്. ഇത് അനുവദനീയമാണ്.

2) മതകാര്യങ്ങളിൽ. ഇത് നിഷിദ്ധമാണ്. കാരണം മതവിഷയങ്ങളിൽ അല്ലാഹുവും അവന്റെ റസൂലും പറഞ്ഞേടത്ത് നിൽക്കണം. നബിﷺ പറയുന്നു:"നമ്മുടെ ഇക്കാര്യത്തിൽ അതിലില്ലാത്തത് ആരെങ്കിലും ഉണ്ടാക്കിയാൽ അതു തള്ളപ്പെടേണ്ടതാണ്" (ബുഖാരി, മുസ്‌ലിം).

മറ്റൊരു റിപ്പോർട്ടിൽ "നമ്മുടെ കൽപനയില്ലാത്ത ഒരു കാര്യം ആരെങ്കിലും ചെയ്താൽ അതു തള്ളപ്പെടേണ്ടതാകുന്നു" (മുസ്‌ലിം) എന്നാണുള്ളത്.

മതവിഷയങ്ങളിലുള്ള ബിദ്അത്തുകൾ രണ്ടുതരമുണ്ട്:

1) വിശ്വാസപരവും വാചികവുമായ ബിദ്അത്ത്: ജഹ്മിയാക്കൾ, മുഅ്തസലിയാക്കൾ, റാഫിളികൾ... തുടങ്ങിയ സർവ പിഴച്ചകക്ഷികളുടേയും വിശ്വാസങ്ങളും വാദങ്ങളും ഇതിന്നുദാഹരണമാണ്.

2) ആരാധനകളിലെ ബിദ്അത്ത്: അല്ലാഹു പറയാത്ത രൂപത്തിൽ അവനെ ആരാധിക്കൽ ഇതിന്നുദാഹരണമാണ്. ഈ ബിദ്അത്തിന്റെ പല ഇനങ്ങളുമുണ്ട്.

എ) മതത്തിൽ അടിസ്ഥാനമില്ലാത്ത നോമ്പ്, നമസ്കാരം, ജന്മദിനാഘോഷം തുടങ്ങി ആരാധനയുടെ പേരിൽ ചെയ്യുന്ന പുതിയ കാര്യങ്ങൾ.

ബി) മതത്തിൽ അടിസ്ഥാനമുള്ള ആരാധനകളിൽ വർധനവ് വരുത്തുക. ഉദാ: നാല് റക്അത്തുള്ള ദുഹ്റും അസ്റും 5 റക്അത്തായി വർധിപ്പിക്കുക.

സി) നബിﷺയുടെ സുന്നത്തിൽനിന്നും പുറത്തുപോയിക്കൊണ്ടുള്ള രൂപത്തിൽ സ്വന്തത്തെ ബുദ്ധിമുട്ടിച്ചുകൊണ്ടും സംഘം ചേർന്നും ഉച്ചത്തിലും ദിക്റുകൾ ഉരുവിട്ടുകൊണ്ടും ദീനിൽ പഠിപ്പിക്കാത്ത രൂപത്തിൽ ആരാധന നിർവഹിക്കുക.

ഡി) മതം നിശ്ചയിക്കാത്ത, പ്രത്യേക സമയങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ആരാധന നിർവഹിക്കൽ. ശഅ്ബാൻ 15ലെ നോമ്പും അന്നത്തെ രാത്രിയിലെ നമസ്കാരവും ഇതിന്നുദാഹരണമാണ്. നോമ്പും നമസ്കാരവും നല്ല കാര്യങ്ങളാണെങ്കിലും അതിന് പ്രത്യേകമായ സമയം നിശ്ചയിക്കാൻ തെളിവ് വേണം.

## മതത്തിൽ പുതുനിർമിതി നടത്തുന്നതിന്റെ വിധി

എല്ലാ ബിദ്അത്തുകളും (പുതുനിർമിതികൾ) നിഷിദ്ധവും വഴികേടുമാണ്. നബിﷺ പറയുന്നു: "പുതുനിർമിതികളെ നിങ്ങൾ സൂക്ഷിക്കുക. കാരണം എല്ലാ പുതുനിർമിതികളും ബിദ്അത്താണ്. എല്ലാ ബിദ്അത്തുകളും വഴികേടിലാണ്" (അബൂദാവൂദ്, തിർമിദി).

ഈ വിഷയത്തിൽ മറ്റു രണ്ട് ഹദീഥുകൾ മുകളിൽ ഉദ്ധരിച്ചിട്ടുണ്ട്. ഈ ഹദീഥുകളെല്ലാംതന്നെ മതത്തിൽ പുതുതായുണ്ടാക്കുന്ന കാര്യങ്ങളെല്ലാം ബിദ്അത്താണെന്നും എല്ലാ ബിദ്അത്തുകളും വഴികേടിലും തള്ളപ്പെടേണ്ടതുമാണെന്നും സുതരാം വ്യക്തമാക്കുന്നു. ആരാധനകളിലും വിശ്വാസങ്ങളിലുമുള്ള ബിദ്അത്തുകൾ നിഷിദ്ധമാണെന്നർഥം. എന്നാൽ ബിദ്അത്തിന്റെ ഇനങ്ങളനുസരിച്ച് അതിൽ ഏറ്റക്കുറച്ചിലുകളുണ്ടാകും.

ഉദാഹരണമായി, ക്വബ്റാളിയുടെ സാമീപ്യംനേടുക എന്ന ഉദ്ദേശ്യത്തിൽ ക്വബ്റുകളെ ത്വവാഫ് ചെയ്യുക, നേർച്ച വഴിപാടുകളും അറവും നടത്തുക, അവരോട് പ്രാർഥിക്കുകയും സഹായം ചോദിക്കുകയും ചെയ്യുക തുടങ്ങിയവയെല്ലാം വ്യക്തമായ കുഫ്റാണ്.

ശിർക്കിന് കാരണമായിത്തീരുന്നതും അതിലേക്ക് എത്തിക്കുന്നതുമായ ബിദ്അത്തുകളും ഉണ്ട്. ക്വബ്റുകൾ കെട്ടി ഉയർത്തുക, അവിടെവെച്ച് നമസ്കാരവും പ്രാർഥനയും നിർവഹിക്കുക തുടങ്ങിയവയെല്ലാം ആ ഗണത്തിൽ പെട്ടവയാണ്.

> **മദീനയിൽനിന്നുള്ള അകലമനുസരിച്ച് കൊണ്ടായിരുന്നു ബിദ്അത്തുകളുടെ ഉത്ഭവം. ഉസ്മാൻ(റ)വിന്റെ വധം നടന്നതോടെ ഭിന്നകക്ഷികൾ രൂപപ്പെട്ടപ്പോൾ ഹറൂറിയാക്കളുടെ ബിദ്അത്തുകൾക്കും തുടക്കമായി. അതേസമയം മദീന ഇത്തരം ബിദ്അത്തുകളിൽനിന്നും മുക്തമായിരുന്നു. എന്നാൽ ഇത്തരം ബിദ്അത്തുകളെ മനസ്സിൽ ഒളിപ്പിച്ച് നടക്കുന്നവരുണ്ടായിരുന്നു. ക്വദ്‌രിയ്യത്തും ശീഈയത്തും മുർജിഅതും പ്രത്യക്ഷത്തിൽ കൊണ്ടുവരപ്പെട്ടപോലെ മദീനക്കാർക്കത് സാധിച്ചില്ല. ക്വദ്‌രിയ്യത്തിന്റെ ആളുകൾ മദീനയിലുണ്ടായിരുന്നു. പക്ഷേ, അവർ അടക്കി ഒതുക്കപ്പെട്ടവരായിരുന്നു.**

**ഹദീഥ് എഴുതിവെക്കുന്നതിന് മതത്തിൽ അടിസ്ഥാനമുണ്ട്. നബിﷺ തന്റെ ചില സ്വഹാബിമാരോട് ചില ഹദീഥുകൾ എഴുതിവെക്കാൻ കൽപിച്ചിരുന്നു. സ്വഹാബിമാരുടെ ആവശ്യപ്രകാരം തന്നെയായിരുന്നു അത്. ക്വുർആനുമായി അതിലില്ലാത്തത് കൂടിക്കലരുമോ എന്ന ഭയമായിരുന്നു പ്രവാചകന്റെ കാലഘട്ടത്തിൽ മൊത്തത്തിലുള്ള വിലക്കിനുള്ള കാരണം. എന്നാൽ നബിﷺയുടെ മരണത്തോടെ ഈ പ്രശ്നം അവസാനിച്ചു. പ്രവാചകന്റെ മരണത്തിന് മുമ്പുതന്നെ ക്വുർആൻ പൂർത്തിയാവുകയും വ്യവസ്ഥപ്പെടുത്തുകയും ചെയ്തു. അങ്ങനെ സംരക്ഷണാർഥം മുസ്‌ലിംകൾ ഹദീഥും ക്രോഡീകരിച്ചു. നാശത്തിൽനിന്നും നാശകാരികളുടെ കരങ്ങളിൽനിന്നും അല്ലാഹുവിന്റെ ഗ്രന്ഥത്തെയും റസൂലിﷺന്റെ സുന്നത്തിനെയും സംരക്ഷിച്ച അവർക്ക് അല്ലാഹു നന്മ പ്രതിഫലം നൽകുമാറാകട്ടെ.**

ഖവാരിജുകൾ, ക്വദ്‌രിയാക്കൾ (ക്വദ്റിനെ-വിധിയെ- നിഷേധിക്കുന്നവർ), മുർജിഉകൾ (ലാഇലാഹ ഇല്ലല്ലാഹു അംഗീകരിച്ചാൽ പിന്നെ എന്തു തെറ്റും ചെയ്യാം എന്ന വാദക്കർ) തുടങ്ങിയവർ അവരുടെ വാക്കുകളിലും വിശ്വാസങ്ങളിലും വെച്ചുപുലർത്തുന്ന തെളിവുകളില്ലാത്ത കാര്യങ്ങൾ. ഇവ വിശ്വാസത്തിൽ വന്നുപോകുന്ന അധർമമാണ്.

വെയിലത്ത് നിന്ന്കൊണ്ട് നോമ്പെടുക്കുക, വികാരം ഇല്ലാതാകാൻ ഷണ്ഡത്വം ചെയ്യുക, ബ്രഹ്മചര്യം സ്വീകരിക്കുക തുടങ്ങിയ ബിദ്അത്തുകൾ അല്ലാഹുവോടുള്ള അനുസരണക്കേടുകളാണ് (മഅ്സ്വിയത്).

ബിദ്അത്തുകളെ നല്ലത്, ചീത്തത് എന്നിങ്ങനെ ആരെങ്കിലും ഇനങ്ങളായി തിരിച്ചാൽ തെറ്റാണവർ ചെയ്തത്. മാത്രമല്ല, എല്ലാ ബിദ്അത്തുകളും വഴികേടിലാണെന്ന പ്രവാചക വചനത്തെ എതിർക്കുന്നവനുമാണവൻ. കാരണം എല്ലാ ബിദ്അത്തുകളും വഴികേടാണ് എന്ന് നബിﷺ പറഞ്ഞിരിക്കെ, അല്ല; ചില ബിദ്അത്തുകൾ നല്ലതാണെന്നുള്ള വാദമാണ് അവന്റെത്.

ഹാഫിള് ഇബ്നുറജബ് പറയുന്നു: 'കുല്ലു ബിദ്അത്തിൻ ളലാല' (എല്ലാ ബിദ്അത്തുകളും വഴികേടാണ്) എന്നത് 'ജവാമിഉൽകലാമിൽ' പെട്ടതാണ്. (ചുരുക്കം വാക്കുകളിൽ വിശദങ്ങളായ കാര്യങ്ങൾ ഉൾക്കൊള്ളുന്നതിനാണ് 'ജവാമിഉൽകലാം എന്ന് പറയുക. ഇത് നബിﷺക്ക് നൽകപ്പെട്ട പ്രത്യേകതയാണ്). ഇതിൽനിന്ന് ഒന്നും ഒഴിവല്ല. (എല്ലാ ബിദഅത്തും പെടും എന്നർഥം). മതത്തിന്റെ അടിസ്ഥാനങ്ങളിലെ മുഖ്യമായ ഒന്നാണിത്. മാത്രമല്ല, 'നമ്മുടെ ഈ കാര്യത്തിൽ അതിലില്ലാത്തത് ആരെങ്കിലും പുതുതായി ചേർത്താൽ അത് തള്ളപ്പെടേണ്ടതാണ്' എന്ന ഹദീഥിനു സമാനമാണ് ഇതും. ദീനിൽ അടിസ്ഥാനമില്ലാത്ത വല്ലതും ആരെങ്കിലും കൂട്ടിച്ചേർത്താൽ അത് വഴികേടാണ്. മതം അതിൽനിന്നും ഒഴിവാണ്. അത് വിശ്വാസപരമോ കർമപരമോ ബാഹ്യവും ആന്തരികവുമായ വാക്കുകളോ എന്തോ ആകട്ടെ. (അടിസ്ഥാനമില്ലെങ്കിൽ സ്വീകാര്യമല്ല).

'നല്ല ബിദഅത്തിന്റെ' വാദക്കാർക്ക് അവരുടെയടുക്കൽ തെളിവുകളൊന്നുമില്ല. 'ഇത് എത്ര നല്ല ബിദ്അത്ത്' എന്ന് തറാവീഹ് നമസ്കാരത്തെക്കുറിച്ച് ഉമർ‍ؓ പറഞ്ഞ വാക്കാണവരുടെ അവലംബം. മാത്രമല്ല, ചിലർ ഇത്രകൂടി പറയുന്നു: 'ഒരു പാട് പുതിയ കാര്യങ്ങൾ ഉണ്ടായിട്ടുണ്ടല്ലോ. അതിനെയൊന്നും മുൻഗാമികൾ (സലഫുകൾ) എതിർത്തിട്ടില്ലല്ലോ. ഒറ്റഗ്രന്ഥമായി ക്വുർആൻ ക്രോഡീകരിക്കൽ, ഹദീഥ് എഴുതിവെക്കൽ, അതിന്റെ ക്രോഡീകരണം തുടങ്ങിയവയൊക്കെ ഇതിന് ഉദാഹരണങ്ങളല്ലേ?'

യഥാർഥത്തിൽ ഇതൊന്നും പുതുനിർമിതികളല്ല. മറിച്ച് മതത്തിൽ അടിസ്ഥാനമുള്ള കാര്യങ്ങളാണ്. ഉമർ‍ؓ ഇതു പറഞ്ഞത് മതപരമായ അർഥത്തിലല്ല. മറിച്ച് ഭാഷാപരമായ അർഥത്തിലാണ്. കാരണം ഇവിടെ മതത്തിൽ മടക്കപ്പെടാവുന്ന ഒരു അടിസ്ഥാനമുണ്ട്. (നബിﷺ സംഘംചേർന്ന് തറാവീഹ് നിർവഹിച്ചിട്ടുണ്ട്). മതത്തിൽ മടക്കപ്പെടാവുന്ന ഒരു അടിസ്ഥാനം ഇല്ലാത്തതിനാണ് മതപരമായി ബിദ്അത്ത് പറയുക.

ക്വുർആൻ ക്രോഡീകരണത്തിനും 'അസ്‌ല്' (അടിസ്ഥാനമുണ്ട്). കാരണം നബിﷺ ക്വുർആൻ എഴുതിവെക്കാൻ കൽപിച്ചിരുന്നു. പക്ഷേ, വേറെവേറെയായിക്കൊണ്ട് വിവിധ വസ്തുക്കളിലായിരുന്നു അതെഴുതിവെച്ചിരുന്നത്. എന്നാൽ ക്വുർആനിനെ സംരക്ഷിക്കുക എന്ന നിലക്ക് സ്വഹാബികൾ അങ്ങനെ ഒറ്റ ഗ്രന്ഥത്തിൽ സമാഹരിച്ചു.

നബിﷺ തന്റെ സ്വഹാബത്തിനോടൊപ്പം തറാവീഹ് നമസ്കരിച്ചിട്ടുണ്ട്. പക്ഷേ, അത് നിർബന്ധമായേക്കുമോ എന്ന ഭയത്താൽ നബിﷺ അതിൽനിന്നും വിട്ടുനിന്നു. നബിﷺയുടെ ജീവിതകാലത്തും ശേഷവും

സ്വഹാബാക്കൾ വേറിട്ട് നിന്നുകൊണ്ട് തറാവീഹ് നമസ്കരിച്ചുപോന്നു. ഉമർ(റ)വിന്റെ കാലത്ത് നബിﷺയുടെ കാലത്തുണ്ടായിരുന്നപോലെ ഒരൊറ്റ ഇമാമിന്റെ കീഴിൽ അവരെ ഒരുമിച്ചുകൂട്ടി. ഇത് മതത്തിൽ ബിദ്അത്തുണ്ടാക്കലല്ല.

ഹദീഥ് എഴുതിവെക്കുന്നതിനും മതത്തിൽ അടിസ്ഥാനമുണ്ട്. നബിﷺ തന്റെ ചില സ്വഹാബിമാരോട് ചില ഹദീഥുകൾ എഴുതിവെക്കാൻ കൽപിച്ചിരുന്നു. സ്വഹാബിമാരുടെ ആവശ്യപ്രകാരം തന്നെയായിരുന്നു അത്. ക്വുർആനുമായി അതിലില്ലാത്തത് കൂടിക്കലരുമോ എന്ന ഭയമായിരുന്നു പ്രവാചകന്റെ കാലഘട്ടത്തിൽ മൊത്തത്തിലുള്ള വിലക്കിനുള്ള കാരണം. എന്നാൽ നബിﷺയുടെ മരണത്തോടെ ഈ പ്രശ്നം അവസാനിച്ചു. പ്രവാചകന്റെ മരണത്തിന് മുമ്പുതന്നെ ക്വുർആൻ പൂർത്തിയാവുകയും വ്യവസ്ഥപ്പെടുത്തുകയും ചെയ്തു. അങ്ങനെ സംരക്ഷണാർഥം മുസ്‌ലിംകൾ ഹദീഥും ക്രോഡീകരിച്ചു. നാശത്തിൽനിന്നും നാശകാരികളുടെ കരങ്ങളിൽനിന്നും അല്ലാഹുവിന്റെ ഗ്രന്ഥത്തെയും റസൂലിﷺന്റെ സുന്നത്തിനെയും സംരക്ഷിച്ച അവർക്ക് അല്ലാഹു നന്മ പ്രതിഫലം നൽകുമാറാകട്ടെ.

## ബിദ്അത്തുകളുടെ ഉത്ഭവം

രണ്ട് വസ്തുതകൾ ഇവിടെ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്.

## ഒന്ന്) ബിദ്അത്തുകൾ തുടങ്ങിയ സമയം

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ(റഹി) പറയുന്നു: "അറിയുക, സച്ചരിതരായ ഖലീഫമാരുടെ അവസാന കാലങ്ങളിലാണ് പൊതുവായുള്ള ബിദ്അത്തുകൾ വിജ്ഞാനങ്ങളിലും ആരാധനകളിലും ഉണ്ടായിത്തുടങ്ങുന്നത്. നബിﷺ പറഞ്ഞല്ലോ; 'എനിക്കുശേഷം ആരെങ്കിലും ജീവിച്ചാൽ ഒരുപാട് ഭിന്നതകൾ കാണാം. അപ്പോൾ നിങ്ങൾ എന്റെയും സച്ചരിതരായ ഖലീഫമാരുടെയും ചര്യയെ മുറുകെപ്പിടിക്കുക' എന്ന്. ഖവാരിജുകളുടെയും ശിയാക്കളുടെയും മുർജിയാക്കളുടെയും ക്വദ്‌രിയാക്കളുടെയും ബിദ്അത്തുകളാണ് ആദ്യമാദ്യം രംഗത്ത് വന്നുതുടങ്ങിയത്. രണ്ടാം നൂറ്റാണ്ടിലായിരുന്നു ഇത്. സ്വഹാബാക്കൾ ജീവിച്ചിരുന്ന കാലഘട്ടമായിരുന്നു അത്. ബിദ്അത്തുമായി വന്നവരെ സ്വഹാബാക്കൾ എതിർക്കുകയുമുണ്ടായിട്ടുണ്ട്.

പിന്നീടാണ് മുഅ്തസിലിയാക്കളുടെ ബിദ്അത്തുകൾ തുടങ്ങുന്നത്. മുസ്‌ലിംകൾക്കിടയിൽ ഫിത്നകളും തുടങ്ങി. അഭിപ്രായങ്ങളിലെ ഭിന്നതകളും അതുമൂലം ബിദ്അത്തുകളിലേക്കും ഇച്ഛകളിലേക്കുമുള്ള ചായ്‌വുകളും തുടങ്ങി. ആദ്യ ഉത്തമ നൂറ്റാണ്ടുകൾക്ക് ശേഷമാണ് സ്വൂഫിയാക്കളുടെ ബിദ്അത്തുകളും ക്വബ്റുകളുമായി ബന്ധപ്പെട്ട ബിദ്അത്തുകളും തുടങ്ങിയത്. ഇങ്ങനെ കാലത്തിന്റെ മുന്നോട്ടുള്ള ഗമനത്തിൽ ബിദ്അത്തുകൾക്ക് വർധനവും പുതിയതായ രൂപങ്ങളും ഭാവങ്ങളും വന്നുതുടങ്ങി.

## രണ്ട്) ബിദ്അത്തുകൾ തുടങ്ങിയ സ്ഥലം

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) പറയുന്നു: "നബിﷺയുടെ അനുചരന്മാർ താമസമാക്കുകയും വിജ്ഞാനവും വിശ്വാസവും നിർഗളിക്കുകയും ചെയ്ത പ്രദേശങ്ങൾ അഞ്ചെണ്ണമാകുന്നു. മക്ക, മദീന, കൂഫ, ബസ്വറ, ശാം തുടങ്ങിയവയാകുന്നു അത്. ക്വുർആനും ഹദീഥും കർമശാസ്ത്രവും ആരാധനകളും തുടങ്ങി ഇസ്‌ലാമുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം അവിടെനിന്നാണ് പുറപ്പെട്ടത്. എന്നാൽ ബിദ്അത്തുകളുടെ അടിസ്ഥാനങ്ങളും പുറപ്പെട്ടത് ഇവിടങ്ങളിൽനിന്നുതന്നെയാണ്. മദീനമാത്രം ഇക്കാര്യത്തിൽനിന്നും ഒഴിവാണ്. ശിയാഇസവും മർജിഅതും തുടങ്ങിയത് കൂഫയിൽനിന്നാണ്. പിന്നീടത് എല്ലായിടങ്ങളിലും വ്യാപിച്ചു. ക്വദ്‌രിയ്യത്തും മുഅ്തസിലിയ്യത്തും പല ദുഷിച്ച കർമങ്ങളും തുടങ്ങുന്നത് ബസ്വറയിൽ നിന്നാണ്. പിന്നീടാണ് മറ്റിടങ്ങളിൽ അവയുടെ വ്യാപനമുണ്ടാകുന്നത്. ക്വദ്‌രിയ്യത്തിന്റെ ഉത്ഭവത്തിൽ ശാമിനും പങ്കുണ്ട്. ജഹ്മിയ്യാക്കളുടെ ബിദ്അത്തുകൾ തുടങ്ങുന്നത് ഖുറാസാനിന്റെ ഭാഗത്തുനിന്നാണ് ബിദ്അത്തുകളിൽ ഏറ്റവും മോശമായിരുന്നു അത്.

മദീനയിൽനിന്നുള്ള അകലമനുസരിച്ച് കൊണ്ടായിരുന്നു ബിദ്അത്തുകളുടെ ഉത്ഭവം. ഉസ്മാൻ(റ)വിന്റെ വധം നടന്നതോടെ ഭിന്നകക്ഷികൾ രൂപപ്പെട്ടപ്പോൾ ഹറൂറിയാക്കളുടെ ബിദ്അത്തുകൾക്കും തുടക്കമായി. അതേസമയം മദീന ഇത്തരം ബിദ്അത്തുകളിൽനിന്നും മുക്തമായിരുന്നു. എന്നാൽ ഇത്തരം ബിദ്അത്തുകളെ മനസ്സിൽ ഒളിപ്പിച്ച് നടക്കുന്നവരുണ്ടായിരുന്നു. ക്വദ്‌രിയ്യത്തും ശീഈയത്തും മുർജിഅതും പ്രത്യക്ഷത്തിൽ കൊണ്ടുവരപ്പെട്ടപോലെ മദീനക്കാർക്കത് സാധിച്ചില്ല. ക്വദ്‌രിയ്യത്തിന്റെ ആളുകൾ മദീനയിലുണ്ടായിരുന്നു. പക്ഷേ, അവർ അടക്കി ഒതുക്കപ്പെട്ടവരായിരുന്നു. ദജ്ജാൽ മദീനയിൽ പ്രവേശിക്കുകയില്ലെന്ന് ഹദീഥിൽ സ്ഥിരപ്പെട്ട് വന്നതാണല്ലോ. ഇ

> ഖവാരിജുകളുടെയും ശിയാക്കളുടെയും മുർജിയാക്കളുടെയും ക്വദ്‌രിയാക്കളുടെയും ബിദ്അത്തുകളാണ് ആദ്യമാദ്യം രംഗത്ത് വന്നുതുടങ്ങിയത്. രണ്ടാം നൂറ്റാണ്ടിലായിരുന്നു ഇത്. സ്വഹാബാക്കൾ ജീവിച്ചിരുന്ന കാലഘട്ടമായിരുന്നു അത്. ബിദ്അത്തുമായി വന്നവരെ സ്വഹാബാക്കൾ എതിർക്കുകയുമുണ്ടായിട്ടുണ്ട്. പിന്നീടാണ് മുഅ്തസിലിയാക്കളുടെ ബിദ്അത്തുകൾ തുടങ്ങുന്നത്. മുസ്‌ലിംകൾക്കിടയിൽ ഫിത്‌നകളും തുടങ്ങി. അഭിപ്രായങ്ങളിലെ ഭിന്നതകളും അതുമൂലം ബിദ്അത്തുകളിലേക്കും ഇച്ഛകളിലേക്കുമുള്ള ചായ്‌വുകളും തുടങ്ങി. ആദ്യ ഉത്തമ നൂറ്റാണ്ടുകൾക്ക് ശേഷമാണ് സ്വൂഫിയാക്കളുടെ ബിദ്അത്തുകളും ക്വബ്‌റുകളുമായി ബന്ധപ്പെട്ട ബിദ്അത്തുകളും തുടങ്ങിയത്. ഇങ്ങനെ കാലത്തിന്റെ മുന്നോട്ടുള്ള ഗമനത്തിൽ ബിദ്അത്തുകൾക്ക് വർധനവും പുതിയതായ രൂപങ്ങളും ഭാവങ്ങളും വന്നുതുടങ്ങി.

മാം മാലികിന്റെ കാലഘട്ടംവരെ വിജ്ഞാനവും വിശ്വാസവും അവിടെനിന്ന് ത്രസിച്ചുകൊണ്ടേയിരുന്നു. 4ാം നൂറ്റാണ്ടുകാരായിരുന്നു അവർ. ഉത്തമ മൂന്ന് നൂറ്റാണ്ടുകാലത്ത് മദീനയിൽ പ്രത്യക്ഷരീതിയിലുള്ള ഒരു ബിദ്അത്തും ഉണ്ടായിരുന്നില്ല. മറ്റു പട്ടണങ്ങളിൽനിന്നും ദീനിന്റെ അടിസ്ഥാന വിഷയങ്ങളിൽ ബിദ്അത്തുകളുടലെടുത്തത് പോലെ ഇവിടെനിന്നുണ്ടായിട്ടില്ല.

### ബിദ്അത്തുകളുടെ ഉത്ഭവ കാരണങ്ങൾ

ബിദ്അത്തുകളിൽനിന്നും വഴികേടുകളിൽനിന്നും രക്ഷപ്പെടാനുള്ള ഏകമാർഗം ക്വുർആനും സുന്നത്തും മുറുകെപ്പിടിക്കലാണെന്നതിൽ സംശയമില്ല:

ഇബ്‌നു മസ്ഊദിﷺൽനിന്നും നിവേദനം ചെയ്യപ്പെടുന്ന ഒരു ഹദീഥിൽ നബിﷺ അത് വ്യക്തമാക്കിയതായി കാണാം. നബിﷺ ഒരു വര വരച്ചശേഷം പറഞ്ഞു: 'ഇത് അല്ലാഹുവിന്റെ മാർഗമാണ്.' എന്നിട്ട് അതിന്റെ ഇടത്തും വലത്തും ഒരുപാട് വരകൾ വരച്ചു. എന്നിട്ട് പറഞ്ഞു: 'ഈ ഓരോ വഴിയിലുംഅതിലേക്ക് ക്ഷണിച്ചുകൊണ്ട് പിശാച് ഉണ്ടായിരിക്കും.' ശേഷം പ്രവാചകൻﷺ ഓതി: "ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിൻതുടരുക. മറ്റു മാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽനിന്ന് നിങ്ങളെ ചിതറിച്ചുകളയും. നിങ്ങൾ സൂക്ഷ്മത പാലിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണ്" (അൽഅൻആം: 153).

ക്വുർആനിനെയും സുന്നത്തിനെയും ആരെങ്കിലും അവഗണിച്ചാൽ പിഴച്ച വഴികളും പുതിയ പുതിയ ബിദ്അത്തുകളും അവനെ തകർക്കുകതന്നെ ചെയ്യും.

ബിദ്അത്തുകളുടെ ഉത്ഭവത്തിനുള്ള കാരണങ്ങൾ നമുക്കിപ്രകാരം ഗ്രഹിക്കാം:

#### 1. മതത്തിന്റ വിധിവിലക്കുകളെക്കുറിച്ചുള്ള അജ്ഞത

കാലം മുന്നോട്ട് പോവുകയും പ്രവാചകന്റെ കാൽപാടുകളിൽനിന്ന് ആളുകൾ അകലുകയും ചെയ്തതോടെ വിജ്ഞാനം കുറയുകയും അജ്ഞത വർധിക്കുകയും ചെയ്തു. നബിﷺ അത് പഠിപ്പിച്ച് തന്നിട്ടുമുണ്ട്: 'എനിക്ക് ശേഷം ജീവിച്ചിരിക്കുന്നവർക്ക് ഒരുപാട് ഭിന്നതകൾ കാണാം...' (അബൂദാവൂദ്, തിർമിദി).

നബിﷺ ഇപ്രകാരം കൂടി പറഞ്ഞു: 'അടിമകളിൽനിന്നും ഊരിയെടുത്തു കൊണ്ടല്ല അല്ലാഹു അറിവിനെ പിടിച്ചെടുക്കുക. മറിച്ച് പണ്ഡിതന്മാരെ പിടികൂടുന്നതിലൂടെ(അവരുടെ മരണത്തിലൂടെ)യാണത്. അങ്ങനെ ഒരു പണ്ഡിതനും അവശേഷിക്കാത്ത കാലം വന്നാൽ ജാഹിലുകളെ (അറിവില്ലാത്തവരെ) ജനങ്ങൾ നേതാക്കന്മാരാക്കിവെക്കും. അവരോട് ചോദിക്കും. അവർ അറിവില്ലാതെ ഫത്‌വ കൊടുക്കും. അവരും പിഴച്ചു. മറ്റുള്ളവരെയും പിഴപ്പിച്ചു.'

ഇൽമും (അറിവ്) ഉലമാക്കളു(പണ്ഡിതൻമാർ)മാണ് ബിദ്അത്തുകളോടേറ്റുമുട്ടുന്നത്. ഇൽമും ഉലമാക്കളും ഇല്ലാതായാൽ ബിദ്അത്തുകൾ കടന്നുവരാനും അത് വ്യാപിക്കാനും അതിന്റെ വക്താക്കൾക്ക് വിഹരിക്കാനുമുള്ള അവസരമായി.

#### 2. ഇച്ഛയെ പിൻപറ്റൽ

ക്വുർആനിനെയും സുന്നത്തിനെയും ആരെങ്കിലും അവഗണിച്ചാൽ അവൻ പിന്നെ തന്റെ ഇച്ഛയെ പിൻപറ്റുകയായി. അല്ലാഹു പറയുന്നു:

"ഇനി നിനക്ക് അവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക. അല്ലാഹു

വിൽ നിന്നുള്ള യാതൊരു മാർഗദർശനവും കൂടാതെ തന്നിഷ്ടത്തെ പിൻതുടർന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല, തീർച്ച!" (ക്വുർആൻ 28:50). ഇച്ഛയാൽ വാർത്തെടുക്കപ്പെട്ടതാണ് യഥാർഥത്തിൽ ബിദ്അത്ത്

### 3. വ്യക്തികളോടും അഭിപ്രായങ്ങളോടുമുള്ള കക്ഷിത്വം

ഈ പ്രവണത സത്യം മനസ്സിലാക്കുന്നതിൽനിന്നും തെളിവിനെ പിൻപറ്റുന്നതിൽനിന്നും മനുഷ്യനെ തടഞ്ഞുനിർത്തുന്നു:

"അല്ലാഹു അവതരിപ്പിച്ചത് നിങ്ങൾ പിൻപറ്റി ജീവിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ, അല്ല, ഞങ്ങളുടെ പിതാക്കൾ സ്വീകരിച്ചതായി കണ്ടതേ ഞങ്ങൾ പിൻപറ്റുകയുള്ളൂ എന്നായിരിക്കും അവർ പറയുന്നത്. അവരുടെ പിതാക്കൾ യാതൊന്നും ചിന്തിച്ച് മനസ്സിലാക്കാത്തവരും നേർവഴി കണ്ടെത്താത്തവരുമായിരുന്നെങ്കിൽ പോലും (അവരെ പിന്തുടരുകയാണോ?)" (ക്വുർആൻ 2:170).

സ്വൂഫികളുടെയും ക്വബ്റാരാധകരുടെയും മദ്ഹബുകളെ പിൻപറ്റുന്നവരുടെയുമൊക്കെ ഇന്നത്തെ അവസ്ഥ ഇതുതന്നെയാണ്. ക്വുർആനിലേക്കും സുന്നത്തിലേക്കും അവരെ വിളിക്കുകയുംഅതിനു വിരുദ്ധമായി അവർ സ്വീകരിച്ചിട്ടുള്ള കാര്യങ്ങളെ വലിച്ചറിയാനാവശ്യപ്പെടുകയും ചെയ്താൽ തങ്ങളുടെ മദ്ഹബുകളെയും ശൈഖുമാരെയും പൂർവപിതാക്കളെയും തെളിവായി അവർ നിരത്തുന്നതാണ്.

### 4. സത്യനിഷേധികളോട് സാദൃശ്യം സ്വീകരിക്കൽ

മനുഷ്യനെ ബിദ്അത്തിൽകൊണ്ടെത്തിക്കാൻ ഉപകരിക്കുന്ന വളരെ പ്രധാനപ്പെട്ട ഒന്നാണിത്. അബൂവാഖിദുല്ലൈസിؓ ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഇപ്രകാരം കാണാം: "ഞങ്ങൾ നബിﷺയുടെ കൂടെ ഹുനൈനിലേക്ക് പുറപ്പെട്ടു. തൊട്ടടുത്തകാലംവരെ ഞങ്ങൾ സത്യനിഷേധത്തിലായിരുന്നു. മുശ്രിക്കുകൾ ഭജനമിരിക്കുകയും വാൾ തൂക്കിയിടുകയും ചെയ്യുന്ന ഒരു മരമുണ്ടായിരുന്നു. ദാതു അൻവാത്എന്നായിരുന്നു അതിന്റെ പേര്. ഞങ്ങൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ; അവർക്ക് ദാത് അൻവാത്വുള്ളപോലെ ഞങ്ങൾക്കും ഒരു ദാതു അൻവാത്വുണ്ടാക്കി തന്നുകൂടേ?' അപ്പോൾ അല്ലാഹുവിന്റെ പ്രവാചകൻﷺ പറഞ്ഞു: 'അല്ലാഹു അക്ബർ! എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, മൂസാനബിയോട് ബനൂഇസ്റാഈല്യർ പറഞ്ഞതുപോലെയാണ് നിങ്ങൾ പറഞ്ഞത്: 'ഇവർക്ക് ദൈവങ്ങൾ ഉള്ളതുപോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നീ ഏർപ്പെടുത്തിത്തരണം. അദ്ദേഹം പറഞ്ഞു. തീർച്ചയായും നിങ്ങൾ വിവരമില്ലാത്ത ഒരു ജനവിഭാഗ



മാകുന്നു' (അഅ്റാഫ് 138). മുമ്പുണ്ടായിരുന്നവരുടെ ചര്യ നിങ്ങൾ സ്വീകരിക്കുകതന്നെ ചെയ്യും" (തിർമിദി).

സത്യനിഷേധികളോടുള്ള സാദൃശ്യമാണ് ബനൂ ഇസ്റാഈല്യരെയും മുഹമ്മദ് നബിﷺയുടെ ചില അനുയായികളെയും ഈ മോശമായ കാര്യം ആവശ്യപ്പെടാൻ പ്രേരിപ്പിച്ചത്. അല്ലാഹുവിന്ന് പുറമെ ആരാധനക്കായി ആരാധ്യവസ്തുക്കളുണ്ടാക്കലും ബറകത്തെടുക്കാൻ അവയെ സ്വീകരിക്കലുമാണത്.

ഇതുതന്നെയാണ് ഇന്നും സമൂഹത്തിൽ നിലവിലുള്ളത്. ശിർക്ക് ബിദ്അത്തുകളിൽ മുസ്ലിം സഹോദരന്മാർ അന്യമതസ്ഥരെ പിൻപറ്റിക്കൊണ്ടിരിക്കയാണ്. ജന്മദിനാഘോഷങ്ങൾ, ആഴ്ചകൾക്കും ദിവസങ്ങൾക്കും പ്രത്യേകത നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ, മതപരവും അനുസ്മരണപരവുമായ ചടങ്ങുകളുടെ പേരിലുള്ള പ്രവർത്തനങ്ങൾ, സ്തൂപങ്ങളും സ്മരണക്കായി ഉണ്ടാക്കപ്പെടുന്ന വസ്തുക്കളും, ജനാസ സംസ്കരണവുമായി ബന്ധപ്പെട്ട നൂതനാചാരങ്ങൾ, ക്വബ്റിൻമേൽ കെട്ടിടമുണ്ടാക്കൽ തുടങ്ങിയവയെല്ലാം ചില ഉദാഹരണങ്ങൾ മാത്രം.



# ബ്രഹ്മചര്യം പ്രകൃതിവിരുദ്ധം

അബൂഅമീൻ
mail@nerpatham.com

ലേഖനം

**വൈ**വാഹിക ജീവിതത്തെ ആത്മീയ ജീവിതത്തിന് തടസ്സമായി കാണുന്ന ചിലരുണ്ട് ബ്രഹ്മചര്യമാണ് ദൈവത്തിലേക്കടുക്കാൻ ഏറ്റവും ഉത്തമമെന്ന് അവർ അനുമാനിക്കുന്നു. എന്നാൽ സ്രഷ്ടാവ് ഇണകളായിട്ടാണ് മനുഷ്യരെയും മറ്റെല്ലാ ജീവികളെയും സൃഷ്ടിച്ചിട്ടുള്ളത്. മനുഷ്യവംശത്തിന്റെ നിലനിൽപിന്നും ഒട്ടനവധി നന്മകൾക്കും നിമിത്തമായ ആ പാരസ്പര്യത്തെ സൃഷ്ടികർത്താവിന്റെ അനുഗ്രഹമായിട്ടാണ് വിശുദ്ധ ക്വുർആൻ പലയിടത്തും എടുത്തുകാണിച്ചിട്ടുള്ളത്.

"നിങ്ങളെ നാം ഇണകളായി സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു"(78:8).

"അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ കൂട്ടത്തിൽനിന്ന് തന്നെ ഇണകളെ ഉണ്ടാക്കുകയും, നിങ്ങളുടെ ഇണകളിലൂടെ അവൻ നിങ്ങൾക്ക് പുത്രൻമാരെയും പൗത്രൻമാരെയും ഉണ്ടാക്കിത്തരികയും, വിശിഷ്ട വസ്തുക്കളിൽനിന്നും അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തിരിക്കുന്നു. എന്നിട്ടും അവർ അസത്യത്തിൽ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തെ നിഷേധിക്കുകയുമാണോ ചെയ്യുന്നത്?" (16:72).

ഭാര്യാഭർതൃ ബന്ധത്തെയും അതിൽനിന്നുണ്ടാവുന്ന കുടുംബ ബന്ധത്തെയുമെല്ലാം പവിത്രമായി കാണുന്ന ഇസ്‌ലാം ആ വിശുദ്ധ ബന്ധങ്ങളിലെ കടമകളും കടപ്പാടുകളും നിർവഹിച്ച് അവ മാന്യമായി പാലിക്കണമെന്നും പ്രത്യേകം ഉണർത്തിയിട്ടുണ്ട്. അല്ലാഹു പറയുന്നു:

“മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും, അതിൽനിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽനിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക). തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു” (4:1).

വ്യഭിചാരം നിഷിദ്ധമാക്കിയ ഇസ്‌ലാം ലൈംഗികതയെന്ന പ്രകൃതിപരമായ വികാരത്തിനു നേരെ കണ്ണടക്കുകയല്ല ചെയ്യുന്നത്. മറിച്ച് വിശുദ്ധമായ വിവാഹജീവിതത്തിലൂടെ മാത്രം അത് ആസ്വദിക്കുവാനാണ് പറയുന്നത്. അതാകട്ടെ ശാരീരികവും മാനസികവുമായി ഏറ്റവും ഗുണകരവുമാണ്.

അല്ലാഹു പറയുന്നു: “നിങ്ങൾക്ക് സമാധാനപൂർവ്വം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്.” (30:21)

വിവാഹത്തിന് ശേഷിയുള്ള യുവസമൂഹത്തോട് വിവാഹം കഴിക്കാൻ നിർദേശിച്ച മുഹമ്മദ് നബിﷺ അത് കണ്ണിനും ലൈംഗികാവയവത്തിനും സുരക്ഷയാണെന്ന് ഉണർത്തുകകൂടി ചെയ്തു. വിവാഹം ദൈവികമായ അനുഗ്രഹമാണ്. ആനന്ദവും ആഹ്ലാദവും നിറഞ്ഞൊഴുകുന്ന ഒരു ഉൽകൃഷ്ട ബന്ധം. പരസ്പരമുള്ള കടമകളും കടപ്പാടുകളും പ്രവാചകൻ പഠിപ്പിച്ചതനുസരിച്ച് പിന്തുടരാൻ സാധിച്ചാൽ ആ ആനന്ദവും ആഹ്ലാദവും നിലനിർത്താൻ കഴിയും. ദൈവികമായ വിധിവിലക്കുകൾ പാലിച്ചുകൊണ്ടുള്ള ദാമ്പത്യവല്ലരിയിൽ വിരിയുന്ന കുസുമങ്ങളും ആനന്ദദായകമായിരിക്കും. അങ്ങനെ സ്വസ്ഥവും സുഭദ്രവുമായ ഒരു കുടുംബത്തെ രൂപപ്പെടുത്താൻ പടച്ചവന്റെ അനുഗ്രഹത്തോടെ മനുഷ്യന് സാധിക്കുന്നതാണ്.

എന്നാൽ കുടുംബത്തെയും വിവാഹത്തെയുമൊക്കെ മോക്ഷത്തിന്റെ വീഥിയിലെ വിലങ്ങുതടികളായി കാണുന്നവർ പ്രകൃതിവിരുദ്ധവും മതവിരുദ്ധരുമായ ഒരു ആശയത്തെയാണ് പിൻപറ്റുന്നത്. അത് പ്രായോഗികമോ മോക്ഷദായകമോ അല്ലെന്നതാണ് വാസ്തവം. ബ്രഹ്മചര്യത്തെ നന്മയുമായിക്കണ്ട് അത് സ്വീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരു ‘ഉപദേശി’യുടെ സ്വന്തം മാതാപിതാക്കൾ ആ ‘നന്മ’ സ്വീകരിച്ചിരുന്നുവെങ്കിൽ ഈ ഒരു ‘ഉപദേശി’ തന്നെ ഉണ്ടാകുമായിരുന്നില്ല എന്ന കേവലസത്യം അയാൾ പോലും മറന്നുപോവുകയാണ്. മനുഷ്യരൊക്കെ ആ ‘നന്മ’ സ്വീകരിച്ചാൽ എന്തായിരിക്കും അവസ്ഥ? ബ്രഹ്മചാരികളിൽ പലരുടെയും രഹസ്യജീവിതം തന്നെ ബ്രഹ്മചര്യം അപ്രായോഗികമായ ഒന്നാണെന്ന് വ്യക്തമാക്കുന്നുണ്ട് എന്നതും പരസ്യമായ രഹസ്യമാണ്.

ദൈവികമതമോ ദൈവദൂതന്മാരോ ബ്രഹ്മചര്യം പഠിപ്പിച്ചിട്ടില്ല. അത് ദൈവത്തിലേക്കടുക്കുവാൻ സഹായിക്കുമെന്ന വികലചിന്തയെ തിരുത്തിയ ചരിത്രമാണ് പ്രവാചക ജീവിതത്തിൽ നമുക്ക് ദർശിക്കാനാവുന്നത്. പ്രവാചകൻമാരെക്കുറിച്ചുള്ള ഒരു പൊതുപ്രസ്താവനയിലൂടെ അല്ലാഹു ഈ ചിന്താഗതിയെ തിരുത്തുന്നത് കാണുക:


“നിനക്ക് മുമ്പും നാം ദൂതൻമാരെ നിയോഗിച്ചിട്ടുണ്ട്. അവർക്ക് നാം ഭാര്യമാരെയും സന്താനങ്ങളെയും നൽകിയിട്ടുണ്ട്...”(13:38)

പ്രകൃതിവിരുദ്ധവും ദൈവികമാർഗനിർദേശങ്ങൾക്ക് കടകവിരുദ്ധവുമായ ഇത്തരം പുത്തനാശയങ്ങൾ അതിന്റെ വക്താക്കൾക്കുപോലും പ്രയോഗവൽക്കരിക്കാൻ സാധിക്കുകയില്ലെന്ന പരമാർഥത്തിലേക്ക് വിശുദ്ധ ക്വുർആൻ വിരൽ ചൂണ്ടുന്നത് ശ്രദ്ധേയമാണ്:

“പിന്നീട് അവരുടെ പിന്നിലായി നാം നമ്മുടെ ദൂതൻമാരെ തുടർന്നയച്ചു. മർയമിന്റെ മകൻ ഈസായെയും നാം തുടർന്നയച്ചു. അദ്ദേഹത്തിന് നാം ഇഞ്ചീൽ നൽകുകയും ചെയ്തു. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ നാം കൃപയും കരുണയും ഉണ്ടാക്കി. സന്യാസജീവിതത്തെ അവർ സ്വയം പുതുതായി നിർമിച്ചു. അല്ലാഹുവിന്റെ പ്രീതി തേടേണ്ടതിന് (വേണ്ടി അവരതു ചെയ്തു) എന്നല്ലാതെ, നാം അവർക്കത് നിയമമാക്കിയിട്ടുണ്ടായിരുന്നില്ല. എന്നിട്ട് അവരത് പാലിക്കേണ്ട മുറപ്രകാരം പാലിച്ചതുമില്ല. അപ്പോൾ അവരുടെ കൂട്ടത്തിൽനിന്ന് വിശ്വസിച്ചവർക്ക് അവരുടെ പ്രതിഫലം നാം നൽകി. അവരിൽ അധികപേരും ദുർമാർഗികളാകുന്നു” (57:27)

പി.എൻ സോമൻ
mail@nerpatham.com

അനുഭവം



# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

8

**ഈ** സമയം, വീട്ടിൽ വരാറുള്ള ഒരു പാസ്റ്റർ എന്നെ കൈയാട്ടി വിളിച്ചു. ഞാൻ ഇറങ്ങിച്ചെന്നപ്പോൾ ‘വാ, നിങ്ങളെ പാസ്റ്റർ അന്വേഷിക്കുന്നു’ എന്നു പറഞ്ഞു. അയാളോടൊപ്പം പള്ളിയിലെ ഓഫീസ് മുറിയിലെത്തി. അവിടെ അപ്രതീക്ഷിതമായ രംഗം അരങ്ങേറുകയായി. ഞാൻ കയറിച്ചെല്ലുമ്പോൾ മുഖ്യപാസ്റ്റർ എന്നെ രൂക്ഷമായി നോക്കി. അടുത്തുചെന്നപ്പോൾ ഒരു പൊട്ടിത്തെറിയോടെ കയർത്തു: ‘എടോ, ഇത് നിയമസഭയല്ല, ദൈവസഭയാണ്. താൻ ഇഞ്ഞോട്ടു വന്നയുടനെ തോക്കിൽകയറി വെടിവെക്കുന്നോ? അറിയുക, അനുസരിക്കുക, വിശ്വസിക്കുക... ഇതാണ് ഒരു വിശ്വാസിയുടെ കടമ. ക്രിസ്തുമതവും വിശുദ്ധ ബൈബിളും ഇന്നലെ ഉണ്ടായതല്ല. ഞങ്ങളൊക്കെ ഇത് വിശ്വസിച്ചും ആരാധിച്ചും നടക്കാൻ തുടങ്ങിയിട്ട് കാലം കുറെയായി. ഞങ്ങൾ ഇതിൽ പ്രവർത്തിക്കുന്നത് മനുഷ്യവർഗത്തിന്റെ പരിവർത്തനത്തിനുവേണ്ടിയാണ്.’

പാസ്റ്ററുടെ ശകാരം മൂർച്ഛിക്കുകയാണ്. എന്റെയുള്ളിൽ വല്ലാത്തൊരു വിറയൽ ഉണ്ടായി. നിയന്ത്രണം വിട്ടു; ഉള്ളിലെ വിങ്ങലും തേങ്ങലും കടിഞ്ഞാൺപൊട്ടി കണ്ണുനീരായി ഉതിർന്നുവീഴാൻ തുടങ്ങി. എന്റെ ദയനീയാവസ്ഥ കണ്ടു വീട്ടിൽ വരാറുള്ള ഉപദേശിമാർ കളം ശാന്തമാക്കാൻ ശ്രമിച്ചു. അവർ പറഞ്ഞു: 'പോട്ടെ പാസ്റ്ററേ, ശിശുവല്ലേ; പഠിച്ചു വരുന്നതല്ലേയുള്ളൂ.'

പിന്നെ എന്റെ തോളിൽതട്ടിക്കൊണ്ട് പറഞ്ഞു: 'സാരമില്ല സഹോദരാ, ഈ ദൈവദാസൻ അൽപം മുൻകോപിയാണ്. പക്ഷേ, ആൾ ശുദ്ധപാവമാണ്.'

കണ്ണുനീർ തുടച്ചുകൊണ്ട് വളരെ ദയനീയമായി ഞാൻ പാസ്റ്ററോട് ചോദിച്ചു: 'സംശയങ്ങൾ ചോദിച്ചുകൊള്ളാൻ അങ്ങ് പറഞ്ഞതുകൊണ്ടല്ലേ ഞാൻ ചോദിച്ചത്?'

കുറ്റബോധം തോന്നിയ പാസ്റ്റർ കസേര ചൂണ്ടിക്കൊണ്ട് ഇരിക്കാൻ പറഞ്ഞു. ഞാൻ ഇരുന്നു. മേശപ്പുറത്തിരിക്കുന്ന നാരങ്ങ വെള്ളം കുടിക്കാൻ എന്നോട് ആവശ്യപ്പെട്ടു.

മനസ്സിളകി മറിയുന്ന നിമിഷങ്ങൾ. ഒരു പ്രതികാരത്തിന്റെ തീജ്വാല പെരുവിരലിൽനിന്നും എന്റെ തലച്ചോറിലെത്തി. ഞാൻ ശബ്ദം താഴ്ത്തി പറഞ്ഞു:

'പാസ്റ്റർ! എന്റെ സംശയത്തിന് അങ്ങ് ഉത്തരം തന്നില്ലല്ലോ? അത് പറയൂ, എന്നിട്ട് വെള്ളം കുടിക്കാം.'

പാസ്റ്റർ വളരെ ശാന്തനായി, സൗമ്യതയോടുകൂടി പറഞ്ഞു: 'സഹോദരാ, സത്യാത്മാവ് എന്ന കാര്യസ്ഥൻ യേശുവിൽനിന്നുള്ള പ്രതിഭാസമാണ്. പരിശുദ്ധാത്മാവ് അരൂപിയായ പ്രതിഭാസവും. ഇവയൊന്നും നഗ്നനേത്രംകൊണ്ട് നമുക്ക് ദർശിക്കാൻ കഴിയില്ല. വിശ്വസിക്കുകയും സ്നാനപ്പെടുകയും ചെയ്യുന്ന ഓരോ വിശ്വാസിയിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഉണ്ടാകും. പരിശുദ്ധാത്മാവിന്റെ പരിരക്ഷ ലഭിക്കുന്നവർ അവിശ്വസനീയമായ അത്ഭുതങ്ങൾ പ്രവർത്തിക്കും. ഇതാണ് യേശു മുന്നറിയിപ്പ് തന്നിട്ടുള്ള സത്യാത്മാവ്. എന്തായി? ഇപ്പോൾ സംശയങ്ങൾ തീർന്നില്ലേ?'

ഈ സമയം ഭക്ഷണം കഴിക്കുവാനായി മുറിക്കുള്ളിൽനിന്നും പോകാൻ ധൃതി കൂട്ടുകയാണ് മറ്റുള്ളവർ. എന്റെ അന്തരാത്മാവാകട്ടെ പുകഞ്ഞു പുകഞ്ഞ് ചൂടുപിടിച്ച് വരികയാണ്. നിരപരാധിയായ എന്നെ ഇയാൾ വല്ലാതെ വേദനിപ്പിച്ചു. മറ്റുള്ളവരുടെ മുമ്പിൽവച്ചു കരയിപ്പിച്ചു, അവഹേളിച്ചു. കൈയിൽ കിട്ടിയ ആയുധംകൊണ്ട് തന്നെ പൊരുതുക. ഞാൻ പറഞ്ഞു:

'പാസ്റ്ററേ, നിങ്ങൾ പറഞ്ഞ ഉത്തരം എനിക്കു വിശ്വസനീയമല്ല. ജീവനുള്ള സകല ആത്മാവിലും ആത്മാവ് എന്ന ഒന്ന് ഉണ്ട്. പക്ഷേ, കണ്ണുകൊണ്ടു കാണാൻ കഴിയില്ലല്ലോ. വായു, ചൂട്, തണുപ്പ്, സുഗന്ധം, ദുർഗന്ധം തുടങ്ങിയവയെല്ലാം പ്രപഞ്ചത്തിലുണ്ട്. ഇവയും കണ്ണുകൊണ്ട് കാണാൻ കഴിയാത്തവയാണ്. കണ്ണുകൊണ്ട് കാണാൻ പറ്റാത്ത ഒരു വസ്തുവിനെ 'അവൻ,' 'അവൾ' എന്നിങ്ങനെ സ്ത്രീലിംഗ- പുല്ലിംഗ രൂപത്തിൽ ആരെങ്കിലും വിളിക്കുമോ? കാറ്റിനെ ആരെങ്കിലും അവൻ എന്ന് വിളിക്കുമോ? ചൂടിനെയോ തണുപ്പിനെയോ അങ്ങനെ വിളിക്കുമോ? (ബൈബിൾ നിവർത്തിക്കൊണ്ട് ഞാൻ തുടർന്നു). ഇതാ നോക്കൂ; പ്രഭു, കാര്യസ്ഥൻ, സത്യാത്മാവ് എന്നൊക്കെ വിശേഷിപ്പിച്ചത് ആരെയാണോ അദ്ദേഹത്തെ ഇതിൽ അവൻ, എന്ന് പലതവണ പറഞ്ഞിരിക്കുന്നു. ഇത് താങ്കൾ പറയുന്ന അരൂപിയല്ല. ഇത് ഒരു മനുഷ്യനെക്കുറിച്ചാണ്. സത്യസന്ധനായ ഒരു പുരുഷനെക്കുറിച്ചാണ്. കാരണം യേശുവിന്റെ ഈലോകജീവിതം അവസാനിച്ചെന്നും യേശുവിന്റെ ദൗത്യം മറ്റൊരാൾക്ക് കൈമാ

> **പാസ്റ്ററിനോടൊപ്പം പള്ളിയിലെ ഓഫീസ് മുറിയിലെത്തി. അവിടെ അപ്രതീക്ഷിതമായ രംഗം അരങ്ങേറുകയായി. ഞാൻ കയറിച്ചെല്ലുമ്പോൾ മുഖ്യപാസ്റ്റർ എന്നെ രൂക്ഷമായി നോക്കി. അടുത്തുചെന്നപ്പോൾ ഒരു പൊട്ടിത്തെറിയോടെ കയർത്തു: 'എടോ, ഇത് നിയമസഭയല്ല, ദൈവസഭയാണ്. താൻ ഇങ്ങോട്ടു വന്നയുടനെ തോക്കിൽകയറി വെടിവെക്കുന്നോ? അറിയുക, അനുസരിക്കുക, വിശ്വസിക്കുക... ഇതാണ് ഒരു വിശ്വാസിയുടെ കടമ. ക്രിസ്തുമതവും വിശുദ്ധ ബൈബിളും ഇന്നലെ ഉണ്ടായതല്ല. ഞങ്ങളൊക്കെ ഇത് വിശ്വസിച്ചും ആരാധിച്ചും നടക്കാൻ തുടങ്ങിയിട്ട് കാലം കുറെയായി. ഞങ്ങൾ ഇതിൽ പ്രവർത്തിക്കുന്നത് മനുഷ്യവർഗത്തിന്റെ പരിവർത്തനത്തിനുവേണ്ടിയാണ്.' പാസ്റ്ററുടെ ശകാരം മൂർച്ഛിക്കുകയാണ്. എന്റെയുള്ളിൽ വല്ലാത്തൊരു വിറയൽ ഉണ്ടായി. നിയന്ത്രണം വിട്ടു; ഉള്ളിലെ വിങ്ങലും തേങ്ങലും കടിഞ്ഞാൺപൊട്ടി കണ്ണുനീരായി ഉതിർന്നുവീഴാൻ തുടങ്ങി.**

റുകയാണെന്നുമാണ് യേശുവിന്റെ ഉദ്ദേശ്യവും മുന്നറിയിപ്പും. വരാൻപോകുന്ന ആൾ ലോകത്തിന്റെ പ്രഭു ആണെന്നും കാര്യസ്ഥനാണെന്നും സത്യസന്ധനാണെന്നും പാപവും നീതിയും വേർതിരിച്ച് ജനങ്ങളെ പഠിപ്പിക്കാൻ പ്രാപ്തനാണെന്നുമാണ് യേശു പറഞ്ഞിരിക്കുന്നത്. ഇയാൾ വന്നുപോയോ ഇല്ലേ എന്നാണ് എനിക്കറിയേണ്ടത്.'

കടന്നൽ കുത്തേറ്റ വിഭ്രാന്തിയോടെ പാസ്റ്റർ അട്ടഹസിച്ചു: 'നിർത്തെടാ നിന്റെ പ്രസംഗം! ഇവൻ അഹങ്കാരിയും സത്യനിഷേധിയുമാണ്; വിശ്വാസിയല്ല. ഇവൻ ശരിയല്ല. ഇവിടെ സഭയിൽ ആള് കുറവൊന്നുമില്ല. ഇവനെപ്പോലുള്ളവർ സഭയ്ക്ക് മഹാനാശമാണ്. നഷ്ടമാണ്. ഇറങ്ങിപ്പോടാ...'

ഞാനും ഒട്ടും വിട്ടില്ല: 'താങ്കൾ പറയുന്നതെല്ലാം കണ്ണടച്ചു വിശ്വസിക്കാൻ വന്നതല്ല ഞാൻ. ഈ മഹാപ്രപഞ്ചത്തിന് ഒരു ഉടമസ്ഥൻ ഉണ്ടോ? ഉണ്ടെങ്കിൽ ആര്? എവിടെ? ആണോ പെണ്ണോ? മനുഷ്യനോ മൃഗമോ? ഇതൊന്നുമല്ലാത്ത മറ്റെന്തെങ്കിലുമോ? സത്യം സത്യമായിത്തന്നെ തിരിച്ചറിയുകയാണ് എന്റെ ലക്ഷ്യം. ഞാൻ ശരിയല്ലെങ്കിൽ അതുപോലെ താങ്കളും ശരിയല്ല. താങ്കളുടെ ഗ്രന്ഥവും ശരിയല്ല.'

ഞാൻ കൈയിലിരുന്ന ബൈബിൾ മേശപ്പുറത്തെറിഞ്ഞിട്ട് അടി കിട്ടുന്നതിനുമുമ്പ് മുറിക്ക് പുറത്തു ചാടി; പ്രതികാരം ചെയ്ത ആത്മസംതൃപ്തിയോടെ.

വിശന്ന് ഭക്ഷണം കഴിക്കാൻ എന്നെ കാത്തു നിൽക്കുകയായിരുന്ന ഭാര്യയെയും മക്കളെയും വിളിച്ച് റോഡിൽ ഇറങ്ങി. ഈ സമയം, എന്റെ വീട്ടിൽ നാലു വർഷമായി വന്നുകൊണ്ടിരുന്ന പാസ്റ്റർ പിറകെ ഓടി വന്നു. അയാൾ വിളിച്ചുപറഞ്ഞു:

'നിൽക്കൂ സഹോദരാ...തിരിച്ചുവരൂ. സ്നാനം മുങ്ങേണ്ടേ?'

ഞാൻ തിരിഞ്ഞുനിന്നുകൊണ്ട് പറഞ്ഞു: 'ഹോ. തന്റെയൊരു സ്നാനവും കുളിപ്പിക്കലും! പമ്പാനദി എന്റെ വീട്ടുപടിക്കൽ കൂടിയാണ് ഒഴുകുന്നത്. ഞങ്ങൾ അവിടെ മുങ്ങിക്കുളിച്ചോളാം. നിങ്ങൾ കുളിപ്പിച്ചതു മതി. ഞാൻ ഒരു കാര്യം പറഞ്ഞേക്കാം. ഇത്രനാളും നിങ്ങൾ പറഞ്ഞു പഠിപ്പിച്ച പാപപരിഹാര കള്ളക്കഥകളുമായി മേലിൽ എന്റെ കോളനിയിലും വീട്ടിലും കയറിപ്പോയേക്കരുത്. നമ്മുടെ സകല വിശ്വാസബന്ധങ്ങളും ഇവിടെവച്ച് ഇന്ന് അവസാനിച്ചിരിക്കുന്നു.'

ഏഴു കിലോ മീറ്റർ ദൂരം വിശപ്പുസഹിച്ച് നടന്നു വീട്ടിലെത്തിയ ഉടൻ ദൈവത്വം വിശ്വസിച്ചു വീട്ടിൽ അലങ്കരിച്ചിരുന്ന യേശുവിന്റെയും മാതാവിന്റെയും ഫോട്ടോകളും പടങ്ങളുമെല്ലാം എടുത്തുമാറ്റി.

ഈ സമയം എന്റെ അമ്മയും ഭാര്യയും തമ്മിൽ നടന്ന സംഭാഷണം:

ഭാര്യ: 'ഞങ്ങൾ സ്നാനം മുങ്ങാൻ പോയതാ. ഞങ്ങൾക്കുവേണ്ടി അവർ ഭക്ഷണമെല്ലാം ഉണ്ടാക്കിയതാ.'

അമ്മ: 'എന്നിട്ട് ഭക്ഷണം കഴിച്ചില്ലേ?'

ഭാര്യ: 'ഹോ! എങ്ങനെ കഴിക്കാൻ. ഇദ്ദേഹത്തിന്റെ കാര്യം എന്തു പറയാനാ! ബൈബിളിന്റെ വചനക്കാര്യം പറഞ്ഞു വാക്കുതർക്കം ഏതാണ്ട് ഉണ്ടാക്കിയിട്ടു വന്നതാ. അടുത്ത ആഴ്ച മുതൽ ആ പാവം ഉപദേശിമാർ ഇവിടെ കയറിപ്പോകരുതെന്നും പറഞ്ഞു. അവർ ഇനി വരത്തില്ല.'

അമ്മ എന്റെ നേരെ തിരിഞ്ഞു: 'നിനക്കെന്താടാ... വട്ടുപിടിച്ചോ? എവിടെയെങ്കിലും വിശ്വസിച്ച് ഉറച്ചു നിൽക്കത്തില്ലേ? ഇപ്പോൾ എത്ര പള്ളിയായി? മൂന്നാലുവർഷം വീട് പള്ളിയാക്കിയിട്ടു. ഇനി അതും വേണ്ടെന്നോ? നാണക്കേട്! വല്ല മനുഷ്യരും അറിഞ്ഞാൽ എന്തു മറുപടിപറയും? ഞങ്ങളെയെല്ലാം കൂട്ടി ഇത്രനാളും വിശ്വസിച്ച് ആരാധിച്ചിട്ട് ഇപ്പോൾ ഇതൊന്നും വേണ്ടെന്നോ എന്ന് മറ്റുള്ളവർ ചോദിച്ചാൽ എന്തുപറയും? ഛെ! ഇനി മനുഷ്യന്റെ മുഖത്തെങ്ങനെ നോക്കും. എന്തു സന്തോഷവും സമാധാനവുമായിരുന്നു. വേറെ ധാരാളം കുടുംബങ്ങൾ കൂടാനായിരിക്കുകയായിരുന്നു. നാളെപ്പോയി പാസ്റ്ററന്മാരോട് ക്ഷമപറഞ്ഞു തിരിച്ചുവിളിക്കണം. ആരാധന തുടരണം. ഇതൊന്നും കുഞ്ഞുകളിയല്ല. ദൈവകോപം ഉണ്ടാകും.'

ഇതെല്ലാം കേട്ട് ആകെ അസ്വസ്ഥനായി തലറങ്ങി നിൽക്കുമ്പോൾ അടുത്ത ബോംബ് പൊട്ടി!

മൂന്നാം ക്ലാസ്സുകാരനായ ഇളയ മകൻ എന്റെ കൈയിൽ പിടിച്ചുകൊണ്ട് പറഞ്ഞു: 'ചാച്ചേ, (മക്കളെല്ലാം എന്നെ ചാച്ചേ എന്നാണ് വിളിക്കുന്നത്) ശിവഭഗവാൻ ദൈവത്തിനെയും അയ്യപ്പൻ ദൈവത്തിനെയും കളഞ്ഞു. ഇപ്പോൾ യേശു ദൈവത്തിനെയും മറിയം ദൈവത്തിനെയും കളഞ്ഞു. ഇനി ഏതാ നമ്മുടെ ദൈവം?'

തലക്ക് ഇരുമ്പുചുറ്റികകൊണ്ട് അടിച്ച ഷോക്ക്! ഇവനോട് എന്തുപറയും? ഒരു നിമിഷം പകച്ചു നിന്നുപോയി. പിന്നെ അവന്റെ കുഞ്ഞുകൈയിൽ പിടിച്ചുകൊണ്ട് 'ഇങ്ങോട്ട് വാടാ' എന്നു പറഞ്ഞു. മകൻ ഒന്ന് പരുങ്ങി.



'ദൈവത്തിന്റെ കുഞ്ഞാടേ, എന്തു പറ്റി, തനിക്കെന്താ വല്ല മാനസിക രോഗവുമുണ്ടോ' എന്ന് ചില സുഹൃത്തുക്കൾ പരിഹാസത്തോടെ ചോദിക്കാൻ തുടങ്ങി. വീട്ടുകാരുടെയും നാട്ടുകാരുടെയും പരിഹാസവും അടക്കംപറച്ചിലും! പരാജയങ്ങളും നഷ്ടബോധവും വല്ലാതെ വിഷമിപ്പിച്ചു. ഞാൻ ഒരുതരം മാനസിക വിഭ്രാന്തിയിലായി.

ദൈവവിശ്വാസികളെ കാണുന്നതും കേൾക്കുന്നതും അസഹ്യം. റേഡിയോ ശബ്ദം, കോഴി കൂവുന്നത്, പക്ഷികൾ ചിലയ്ക്കുന്നത്, പട്ടി കുരക്കുന്നത് എല്ലാം അസഹനീയമായി! അടുക്കളയിൽ പാത്രങ്ങൾ ഉരസിയാലുണ്ടാകുന്ന ശബ്ദത്തിന് ഭാര്യക്ക് പീഡനം! ഈ ദുരവസ്ഥ കുറെക്കാലം തുടർന്നു. പുറത്തേക്കുള്ള യാത്രയും ജനസമ്പർക്കവുമെല്ലാം അത്യാവശത്തിനു മാത്രം. ആരോടും ബന്ധപ്പെടാതെ ഒരു രഹസ്യജീവിതം. കഴിവതും ഒറ്റക്കു കഴിയുവാൻ ശ്രമിച്ചു. താമസംവിനാ നിരീശ്വരവാദിയായി.

ദൈവം എന്നത് വെറും സാങ്കൽപികവും കുതന്ത്രശാലികളുടെ കണ്ടുപിടുത്തവുമാണെന്നും മതങ്ങൾ ഒരു ജാലവിദ്യയാണെന്നും പ്രപഞ്ചത്തിൽ കാണുന്നതും കേൾക്കുന്നതും വെറും മായയും തോന്നലുകളുമാണെന്നും ഉറപ്പിച്ചു. ഇഷ്ടാനുസരണം പണമുണ്ടെങ്കിൽ എല്ലാം വരുതിയിൽ വരുത്താമെന്ന തോന്നൽ. കുറുക്കുവഴിയിലൂടെ പണം ധാരാളം കണ്ടെത്തണം. പല വഴികളും ചിന്തിച്ചു നോക്കി. ഒരിടത്തും എത്തിയില്ല.

വെറുതെയിരുന്ന് കാലം തള്ളിനീക്കുമ്പോൾ അടുപ്പിൽ തീ പുകയുന്നത് ക്രമേണ കുറഞ്ഞു തുടങ്ങി. മക്കളുടെ വിദ്യാഭ്യാസം, വീട്ടുചെലവ്... എല്ലാം അവതാളത്തിലായപ്പോൾ പൂർവസ്ഥിതിയിലേക്ക് മടങ്ങിപ്പോകാൻ നിർബന്ധിതനായി. വീണ്ടും വനത്തിലെ ജോലികൾ ചെയ്യുന്നതിനും ചെയ്യിക്കുന്നതിനും തയ്യാറായി.

മലയാളം ഒരുവിധം വശമുള്ളതു കൊണ്ടും എന്തുകിട്ടിയാലും വായിക്കുക എന്ന ശീലം ഉള്ളതു കൊണ്ടും ജീവിതത്തിൽ പല വഴിത്തിരിവുകളും ഉണ്ടായിട്ടുണ്ട്. വാർത്തകളും പ്രസംഗ

'എടാ, ശബരിമലയിൽവച്ച് അയ്യപ്പവിഗ്രഹത്തിൽ നോക്കി നീ വിളിച്ചിട്ടു മിണ്ടിയില്ലെന്നും, നീ ചിരിച്ചിട്ട് നിന്നോട് ചിരിച്ചില്ലെന്നും, പണംവച്ച് നീട്ടിയിട്ടു മേടിച്ചില്ലെന്നും ദൈവം അനങ്ങിയതുപോലും ഇല്ലെന്നും ഇതാണോ ചാച്ചേ ദൈവം എന്നൊക്കെ നീ പറഞ്ഞത് ഓർക്കുന്നുണ്ടോ? ദൈവം സൈക്കിൾ തരുമെന്ന് ചാച്ച പറഞ്ഞിട്ട് തന്നില്ലല്ലോ, മിണ്ടാത്ത ദൈവത്തിനു ഞാൻ പൈസ കൊടുക്കില്ല എന്നു പറഞ്ഞ് നീ കരഞ്ഞത് മറന്നുവോ? അന്നു തുടങ്ങിയതാ മിണ്ടുന്ന ദൈവത്തിനെ തിരക്കി നടക്കൽ. എനിക്കു മടുത്തു. എന്നെയിട്ട് വെള്ളം കുടിപ്പിക്കുവാ എല്ലാരും. നിനക്കിന്നു ദൈവത്തിനെ കാണിച്ചു തരാം. അതാ ഒരു ദൈവം കിടക്കുന്നു. (വാറ്റുചാരായം അടിച്ചു ഫിറ്റായി ബെഞ്ചിൽ ചുരുണ്ടുകിടക്കുന്ന എന്റെ അച്ഛനെ ചൂണ്ടിയിട്ട്) ആ... കിടക്കുന്നതാ ഇവിടുത്തെ ഏറ്റവും വലിയ ദൈവം. (വെറ്റില മുറുക്കിക്കൊണ്ടിരിക്കുന്ന എന്റെ അമ്മയെ ചൂണ്ടിയിട്ട്) ഇത് ഇവിടുത്തെ വല്ല്യമ്മ ദൈവം. ഞാൻ തന്ത ദൈവം. അതു നിന്റെ തള്ള ദൈവം. മകളെ ചൂണ്ടിയിട്ട് അത് ചെറു പെൺ ദൈവം. നീ ഏറ്റവും കുഞ്ഞുദൈവം. കേട്ടോടാ? മേലിൽ എന്നോട് വേറെ ദൈവത്തെ ചോദിച്ചേക്കരുത്.'

എന്റെ ദേഷ്യം കണ്ടിട്ടായിരിക്കാം. ഞാൻ കാണിച്ചതും പറഞ്ഞതുമെല്ലാം മകൻ തലകുലുക്കി സമ്മതിച്ചു. ഹോ എന്തൊരു വിഡ്ഢിത്തം! പത്തു പന്ത്രണ്ടു വർഷത്തോളമായ കഠിനാദ്ധ്വാനം ഒരിടത്തും എത്താതെ പര്യവസാനിച്ചിരിക്കുന്നു.

ങ്ങളും ചർച്ചകളും പുതിയ അറിവുകൾ കണ്ടെത്തുന്നതുമെല്ലാം വളരെ താൽപര്യമുള്ളവയാണിപ്പോഴും.

ഏതൊരു മനുഷ്യനും പൂർവകാല സംഭവങ്ങൾ അയവിറക്കുക സ്വാഭാവികമാണല്ലോ. ഈ ലോകം എന്താണ്? രാത്രിയും പകലും മാറി മാറി വരുന്നു.


'ഒരിടത്തു ജനനം
ഒരിടത്തു മരണം
ചുമലിൽ ജീവിതഭാരം
ഈ യാത്ര തുടങ്ങിയതെവിടെനിന്നോ?
ഇനിയൊരു വിശ്രമം എവിടെ ചെന്നോ?
മോഹങ്ങൾ അവസാന നിമിഷംവരെ.
മനുഷ്യബന്ധങ്ങൾ ചുടലവരെ'

ഈ റേഡിയോ ഗാനത്തെ വളരെയെറെ ചിന്തിച്ചു വിശകലനം ചെയ്തിട്ടുണ്ട്.

'ഈശ്വരചിന്തയിതൊന്നേ മനുജന് ശാശ്വതമീ ഉലകിൽ.' ഈശ്വരൻ ഒന്നാണെന്നു ചിന്തിച്ച് ജീവിക്കുന്നവർക്ക് നിലനിൽപുള്ള ജീവിതമുണ്ട് ഭൂമിയിൽ! ഏകനായൊരു പരശക്തിയെ ഹൈന്ദവതയിലും ഈശൻ എന്ന ഏകനായൊരു പരശക്തിയെ ക്രൈസ്തവതയിൽ യഹോവയായും മനസ്സിലാക്കാൻ കഴിയും. പക്ഷേ, ഈ രണ്ടുപേരിൽ പറയുന്ന ഒന്നായ പരാശക്തിയെ നേരിട്ട് ദർശിക്കുക അസാധ്യമാണ്. ഏകനായ ഈശ്വരൻ അനേക മനുഷ്യരൂപത്തിലും ഏകനായ യഹോവ മനുഷ്യരൂപത്തിൽ യേശുവായും പ്രത്യക്ഷപ്പെടുമ്പോൾ ഒന്നായ പരാശക്തിയെ എങ്ങനെ കണ്ടെത്തും?

സാക്ഷാൽ യഹോവ പ്രപഞ്ചത്തിൽ നിലകൊള്ളുന്നതും മനുഷ്യനായി രൂപാന്തരപ്പെടുന്നതുമായ ചരിത്ര സംഭവങ്ങൾ ഒന്നുകൂടി സ്വയം അന്വേഷിക്കണമെന്ന തോന്നൽ മറ്റു പല നഗ്നസത്യങ്ങളും കണ്ടെത്താൻ കാരണമായി. അതിൽ പ്രധാനപ്പെട്ട ചില സംഭവങ്ങൾ പറയാതെ വയ്യ.

ഒരു സത്യവിശ്വാസിക്ക് തന്റെ വിശ്വാസത്തിന് ആധാരമായ വേദഗ്രന്ഥത്തെക്കുറിച്ച് (ദൈവവചനം) അറിവും വിശ്വാസവും ഉൾക്കാഴ്ചയും ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണല്ലോ. അത് ബോധ്യപ്പെടാത്തവർ വിശ്വാസികളല്ല, കൂടെക്കൂടികളാണ്. ഏതു വസ്ത്രം കിട്ടിയാലും ഉടുക്കുകയും ഏതു ഭക്ഷണം കിട്ടിയാലും കഴിക്കുകയും ഏതു കിടക്കയിലും കിടക്കുകയും ചെയ്യുന്നവർ വിശ്വാസികളുടെ പട്ടികയിലില്ല.



ബിഷപ്പ്, പാതിരിമാർ, പള്ളിവികാരികൾ, പണ്ഡിതൻമാർ, പാസ്റ്റർമാർ തുടങ്ങിയവരുടെ പ്രസംഗങ്ങളും ഉപദേശങ്ങളും ഉത്തരവുകളും വേഷവും അധികാരവുമെല്ലാം വിശ്വാസത്തിന്റെ അടിത്തറയും അംഗീകാരവുമായി സ്വീകരിച്ചുകഴിയുമ്പോൾ ലക്ഷ്യവും സത്യവും രണ്ടു ദിശകളിലേക്കാണെന്ന് തിരിച്ചറിയണം. താൻ പോകുന്നവഴി, താൻ എടുക്കുന്ന ചുമട്, തന്റെ സുഹൃത്ത് തന്റെ ജീവിതം അർപ്പിച്ചിരിക്കുന്ന ദൈവിക നിയമഗ്രന്ഥം എന്നിവയെക്കുറിച്ച് പ്രായപൂർത്തിയാകുമ്പോഴെങ്കിലും ബോധ്യപ്പെടണം.

'കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ. എല്ലാം കേട്ടു തലകുലുക്കി വിശ്വസിക്കുന്നവരും ഭാഗ്യവാന്മാർ.' കാരണം ഒന്നും അന്വേഷിക്കുകയോ, മെനക്കെടുകയോ വേണ്ടല്ലോ! ഏറ്റുപറഞ്ഞു തലകുലുക്കി അംഗീകരിക്കുന്നതോടുകൂടി എല്ലാം പൂർത്തിയായി!

യേശു പറഞ്ഞു: 'നിങ്ങൾ അന്വേഷിക്കുവിൻ, കണ്ടെത്തും.' യേശുവിന്റെ മുന്നറിയിപ്പു സദയം സ്വീകരിച്ചതാണ് ഈ ലേഖനമെഴുതാൻ എന്നെ പ്രേരിപ്പിച്ചത്. **(അവസാനിച്ചില്ല)**

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം




# വഞ്ചനയുടെ ഓൺലൈൻ കാലം

ഓൺലൈൻ കാലത്തിന്റെ അനന്തസാധ്യതകൾ അനുഭവിക്കാത്തവരായി ഇന്ന് ആരുമില്ല. പുരോഗതിയുടെ അളവുകോൽ സാങ്കേതികവിദ്യയായി മാറിക്കഴിഞ്ഞു. നാമേവരെയും നാല് ചുവരുകൾക്കുള്ളിൽ കെട്ടിയിട്ട മഹാമാരിക്കാലത്ത് ലോകത്തോട് സംവദിച്ചതും സമ്പാദിച്ചതും ഓൺലൈൻ മോഡിലായിരുന്നു. എല്ലാം ഓൺലൈനായി, ലോകം കയ്യിലൊതുങ്ങി. ആർക്കും ആരെയും എപ്പോഴും കാണാനും കേൾക്കാനും സംവദിക്കാനും എന്ന് മാത്രമല്ല ധനസമ്പാദനത്തിനും ജോലിക്കും ഇന്ന് ഓൺലൈൻ പ്ലാറ്റ്ഫോം അനന്ത സാധ്യതകളാണ് നമുക്ക് മുന്നിൽ തുറന്നുതരുന്നത്. സ്വന്തമായി യൂട്യൂബ് ചാനൽ ഇല്ലാത്തവർ ഇന്ന് വിരളം. കൊറോണമൂലം വരുമാനം നിലച്ച ആയിരങ്ങൾക്ക് ഇത് വലിയ ആശ്വാസം നൽകിയെന്നത് യാഥാർഥ്യമാണ്. കോവിഡ് ഭീതി വിട്ടുമാറുംവരെ ജോലി ഓൺലൈനിൽ തുടരട്ടെ എന്ന് തീരുമാനിച്ച സ്ഥാപനങ്ങൾ നിരവധിയുണ്ട്.

അതിരുകളില്ലാത്ത ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലോകത്തെവിടെയുമുള്ള ഉപഭോക്താക്കളിലേക്ക് എത്താനും അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് വികസിക്കാനും സംരംഭകർക്ക് സാധിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, ഓൺലൈൻ അനന്ത സാധ്യതകളുടെ ലോകമാണ്. ഏതൊരു കാര്യത്തിനും ഇരുവശങ്ങൾ ഉണ്ടാവും; നന്മയും തിന്മയും. ഓൺലൈൻ പ്ലാറ്റ്ഫോമിനുമുണ്ട് ഈ രണ്ടു വശങ്ങൾ. മുകളിൽ സൂചിപ്പിച്ച പോലെ എണ്ണിയാലൊടുങ്ങാത്ത പ്രയോജനങ്ങൾ ഓൺലൈൻ ലോകം നമുക്ക് നൽകുന്നുണ്ട്. ദുരന്ത മുഖങ്ങളിൽ രക്ഷകരാവാനും ആശയവിനിമയത്തിൽ വേഗതയും വ്യക്തതയും ലഭിക്കാനും പ്രതിസന്ധികളെ തരണം ചെയ്യാനും സമയവും ആരോഗ്യവും ക്രിയാത്മകമായി ഉപയോഗപ്പെടുത്താനും നന്മയുടെ പ്രചാരകരാവാനുമൊക്കെയുള്ള അവസരങ്ങൾ ലഭിക്കുക എന്നത് ആധുനിക സാങ്കേതിക വിദ്യകളുടെ നേട്ടമാണ്.

എന്നാൽ ഓൺലൈൻ പ്ലാറ്റ്ഫോം ഇന്ന് വലിയ ദുരന്തമുഖം കൂടിയാണ്. തിന്മയുടെ കുത്തൊഴുക്കിൽ ആയിരങ്ങൾക്ക് ജീവൻ നഷ്ടപ്പെടാനും ആധുനിക സാങ്കേതിക വിദ്യകളുടെ ദുരുപയോഗം കാരണമായിട്ടുണ്ട്. ഏതൊരു കാര്യവും അത് ഉപയോഗിക്കുന്നവർക്കനുസരിച്ച് നന്മയോ തിന്മയോ ആവാം. സ്വാദിഷ്ടമായ ഭക്ഷണത്തിനുവേണ്ടി പച്ചക്കറി മുറിക്കാൻ ഉപയോഗിക്കേണ്ട കത്തി മറ്റൊരാളുടെ ജീവനെടുക്കാൻ കൂടി ചിലർ ഉപയോഗിക്കുന്നു എന്നത് ഓരോ വസ്തുവും അത് ഉപയോഗിക്കുന്നവനനുസരിച്ച് നന്മയോ തിന്മയോ ആവാം

എന്നതിന് ഉദാഹരണമായി നാം പലപ്പോഴും കേട്ടതാണ്. ഇത് സാങ്കേതിക വിദ്യകളുടെ ലോകത്ത് വലിയ ദുരന്തങ്ങൾക്ക് കാരണമാവുന്നു. സമ്പത്തും അഭിമാനവും ജീവനും കവർന്നെടുക്കുന്ന ക്രൂരന്മാരുടെ വിഹാരകേന്ദ്രമായി ഇന്ന് സൈബറിടം മാറിക്കഴിഞ്ഞു. ആർക്കും എവിടെനിന്നും ആരെയും ഉപദ്രവിക്കാൻ സാധിക്കുന്നു എന്നത് ഈ കുറ്റകൃത്യങ്ങളുടെ ആഴവും ഗൗരവവും വർധിപ്പിക്കുന്നു. ശക്തമായ നിയമങ്ങളും ബോധവൽക്കരണവും ജാഗ്രതയും ആണ് ഇത്തരം തിന്മകളെ ഒരു പരിധിവരെ തടയാനുള്ള മാർഗം. അവിവേകവും അപക്വതയും ചോരത്തിളപ്പുമാണ് പലപ്പോഴും ഇളംതലമുറയെ ഇത്തരം ദുരന്തങ്ങളിലേക്ക് വലിച്ചിഴക്കുന്നതും ഇരയോ വേട്ടക്കാരനോ ആക്കിത്തീർക്കുന്നതും.

എന്നാൽ വിവരവും വിവേകവും വിദ്യാഭ്യാസവും പക്വതയും ഉണ്ടെന്ന് തോന്നുന്നവർപോലും ഇത്തരം കുറ്റകൃത്യങ്ങളിലും ഇരയോ കുറ്റവാളിയോ ആയിത്തീരുന്നതിനെ അവിവേകമായി മാത്രം കാണാൻ വയ്യ. പണം മനുഷ്യനെ മയക്കുന്ന കറുപ്പാണ്. പണത്തിനായി എന്തും ചെയ്യാൻ മനുഷ്യ മനസ്സുകൾ പ്രേരിപ്പിച്ചുകൊണ്ടിരിക്കും. അത് അവനെ വലിയ ദുരന്തങ്ങളിലേക്ക് തള്ളിവിടുകയും ചെയ്യും. സാഹചര്യങ്ങളോ അതിമോഹങ്ങളോ ആണ് പലപ്പോഴും അനഭിലഷണീയ മാർഗത്തിൽ ധനസമ്പാദനത്തിന് ആളുകളെ പ്രേരിപ്പിക്കുന്നത്. പ്രതീക്ഷകളുടെ കൊടുമുടിയിലേക്ക് കൊണ്ടെത്തിച്ച് ദുരന്തങ്ങളുടെ അഗാധ ഗർത്തങ്ങളിലേക്ക് തള്ളിയിടുന്ന ഒരു ലോകമാണ് ഓൺലൈൻ കുറ്റകൃത്യങ്ങൾ തീർക്കുന്നത് എന്ന് ഏതൊരു സംഭവവും വിശകലനം ചെയ്യുന്നവർക്ക് ബോധ്യമാവും.

എളുപ്പത്തിൽ പണക്കാരനാക്കാനോ അതല്ലെങ്കിൽ ആകർഷകമായ സഹായ വാഗ്ദാനങ്ങളോ ആയിട്ടാണ് തട്ടിപ്പുസംഘങ്ങൾ ഇരകളിലേക്ക് എത്തുന്നത്. പണം എന്ന് കേട്ടാൽ സ്വയം മറക്കുന്ന അൽപന്മാരായി പലരും മാറിപ്പോകുന്നു എന്നതുതന്നെ വല്ലാത്തൊരു ദുരന്തമാണ്. പണം സമ്പാദിക്കാൻ എളുപ്പവഴികൾ ഒന്നുമില്ലെന്ന അടിസ്ഥാനപരമായ തിരിച്ചറിവ് നഷ്ടപ്പെടുന്നതാണ് ഇത്തരം വിപത്തിലേക്ക് എടുത്തുചാടാൻ ഇവരെ പ്രേരിപ്പിക്കുന്നത്. സ്വന്തത്തോടും കൂടെയുള്ളവരോടും നിരന്തരം പറയേണ്ടതും ബോധ്യപ്പെടുത്തേണ്ടതുമായ കാര്യമാണ് പണം സമ്പാദിക്കാൻ എളുപ്പവഴികൾ ഒന്നുമില്ല എന്നുള്ളത്. കഠിനാധ്വാനവും ആത്മാർഥമായ പരിശ്രമങ്ങളും മാത്രമാണ് അതിനുള്ള മാർഗം. അതിനപ്പുറമുള്ളതെല്ലാം താൽക്കാലിക പ്രതിഭാസങ്ങളും ദുരന്തങ്ങളിലേക്കുള്ള വാതിലുകളും മാത്രമാണ്.

ഈയിടെ ഒരുദിവസം ഇറങ്ങിയ മലയാള പത്രങ്ങളിൽ മിക്കതിലും ആദ്യപേജിൽ വന്ന പരസ്യം ഓൺലൈൻ റമ്മിയുടേതായിരുന്നു. ചൂതാട്ടത്തിന്റെ ഓൺലൈൻ വേർഷൻ! പണംവെച്ച് ചീട്ട് കളിക്കുന്നത് നിയമവിരുദ്ധമാണ് നമ്മുടെ നാട്ടിൽ. ഇത്തരക്കാരെ പോലീസ് ഓടിച്ചിട്ട് പിടിക്കുന്നത് പലപ്പോഴും കണ്ടിട്ടുണ്ട്. എന്നാൽ പരസ്യം നൽകി നടക്കുന്ന ഇത്തരം ചൂതാട്ടത്തിന് തടയിടുന്നതിൽ നിയമപാലകരും സർക്കാരും നിസ്സംഗത കാണിക്കുന്നത് എന്തിനെന്നത് വ്യക്തമല്ല. പാവങ്ങൾ കുറ്റം ചെയ്താലുള്ള ചടുലത വമ്പന്മാരിലേക്കെത്തുമ്പോൾ പലപ്പോഴും കാണാറില്ല. നിയമത്തെ വെല്ലുവിളിച്ച് വമ്പന്മാർ നടത്തുന്ന കുറ്റകൃത്യങ്ങളെ കണ്ടില്ലെന്ന് നടിക്കുന്ന ഇരട്ടത്താപ്പ് അധികാരികളുടെ വീഴ്ചയായേ കാണാൻ സാധിക്കുകയുള്ളൂ. ഓൺലൈൻ ലോട്ടറിയും അന്യസംസ്ഥാന ലോട്ടറിയും കേരളത്തിന്റെ സാമ്പത്തിക ഭദ്രതയെ തകർക്കുന്നു എന്നു പറഞ്ഞ് അതിനെതിരെ നിയമംകൊണ്ടുവന്ന സർക്കാർ ആധുനിക കാലത്തെ ഇത്തരം സാമ്പത്തിക കുറ്റകൃത്യങ്ങൾക്ക് തടയിടാൻ ശക്തമായ നിയമനിർമാണം നടത്താൻ തയ്യാറാവാത്തത് പ്രതിഷേധാർഹമാണ്. സമൂഹത്തിന്റെ പുരോഗതിയിൽ വലിയ പങ്കുവഹിക്കുന്ന മാധ്യമങ്ങൾ സാമൂഹിക പ്രതിബദ്ധതയില്ലാതെ ചൂഷണങ്ങൾക്കും തട്ടിപ്പുകൾക്കും തങ്ങളുടെ മാധ്യമങ്ങളിൽ ഇടം നൽകുന്നു എന്നത് അനഭിലഷണീയമാണ്.

മറ്റൊന്ന് സഹായവാഗ്ദാന തട്ടിപ്പുകളാണ്. കഴിഞ്ഞ ഏതാനും മാസങ്ങളായി കേരളത്തിലെ നൂറുകണക്കിന് ആളുകളുടെ ഉറക്കം നഷ്ടപ്പെടുത്തിയ കാര്യമാണ് ഓൺലൈൻ വായ്പാ തട്ടിപ്പ്. മൈ ക്യാഷ്, ഒറോറ ലോൺ, കിക്ക് ലോൺ, ഡിമണി, റാപ്പിഡ് ലോൺ, ഈസി ക്യാഷ്, ന്യൂ റൂപ്പി തുടങ്ങി നിരവധി ആപ്പുകളാണ് ഈ തട്ടിപ്പിനായി ഉപയോഗിച്ചത്. ചെറിയ തുകകൾ വായ്പ നൽകി പണവും മാനവും അപഹരിക്കുന്ന പുത്തൻ തട്ടിപ്പുരീതി. പന്ത്രണ്ടായിരം രൂപ കടമെടുത്ത് പന്ത്രണ്ട് ലക്ഷം രൂപയുടെ കടക്കാരനായ ചെറുപ്പക്കാരന്റെ കഥ ആരെയും അമ്പരപ്പിക്കും. ചെന്നൈയിൽനിന്ന് ഐടി കമ്പനിയുടമ അടക്കം എട്ട് പേരെയും കൊൽക്കത്ത, ബാംഗ്ലൂർ സ്വദേശികളെയും പോലീസ് അറസ്റ്റ് ചെയ്തു. ചൈനീസ് പൗരനടക്കം പിന്നീട് പോലീസ് പിടിയിലായി. ഐജി ഗോപേഷ് ആഗർവാളിന്റെ നേ

തൃത്വത്തിൽ ഡിഐജിയും എസ്പി മാരും അടങ്ങുന്ന ക്രൈംബ്രാഞ്ച് സംഘമാണ് കേസ് അന്വേഷിക്കുന്നത്. വിവിധ ജില്ലാ പോലീസ് മേധാവികൾക്ക് ധാരാളം പരാതികളാണ് ഇതിനകം ലഭിച്ചിട്ടുള്ളത്. പലരും കോവിഡ് കാരണം സാമ്പത്തിക പ്രതിസന്ധിയിലായവരും അഭ്യസ്ഥവിദ്യരും ഒക്കെയാണ്! ദുരന്തങ്ങളെ അവസരങ്ങളായി കാണുന്ന ക്രൂരന്മാരാണ് ഇത്തരം തട്ടിപ്പുസംഘങ്ങൾ.

ഇവിടെയും അവിവേകവും അപക്വതയും പണത്തിനുള്ള എളുപ്പമാർഗങ്ങൾ തേടിയുള്ള അന്വേഷണങ്ങളുമാണ് വില്ലൻ. സ്വാർഥത നിറഞ്ഞ ലോകത്താണ് നാം ജീവിക്കുന്നത്. മറ്റുള്ളവർ നന്നാവണം എന്നാഗ്രഹിക്കുന്നർ വിരളം. ഞാൻ എന്ന വലിയലോകത്ത് അഭിരമിക്കുവാനാണ് എല്ലാവർക്കും ഇഷ്ടം. ഞാൻ, എനിക്ക്, എന്റെ എന്നതിനപ്പുറത്തേക്ക് ചിന്തിക്കാനുള്ള മാനസികവും വൈകാരികവുമായ വളർച്ച ഇന്ന് പലർക്കുമില്ല. അത്കൊണ്ടുതന്നെ ആരെങ്കിലും വെറുതെ സഹായിക്കാൻ വരുമെന്ന് വിചാരിക്കുന്നത് മൗഢ്യമാണ്. മോഹനവാഗ്ദാനങ്ങളിൽ കണ്ണ് മഞ്ഞളിച്ചുപോകരുത്. രക്തബന്ധുക്കളോ ഉറ്റ സുഹൃത്തുക്കളോ നിഷ്കളങ്കരായ ചില മനുഷ്യരോ ഒഴികെ നമ്മെ സഹായിക്കാൻ വ്യഗ്രതപ്പെടുന്നവർ അവരുടെ നേട്ടങ്ങൾക്ക് വേണ്ടിയാണിത് ചെയ്യുന്നത് എന്ന യാഥാർഥ്യം സ്വയം ബോധ്യപ്പെടണം. തേൻ പുരട്ടിയ വാക്കുകളുമായി നമ്മെ സഹായിക്കാൻ എത്തുന്ന വേട്ടക്കാരെ തിരിച്ചറിഞ്ഞേ മതിയാവൂ. അവരുടെ കെണിയിൽ അകപ്പെടാതിരിക്കാനുള്ള നിതാന്ത ജാഗ്രത പുലർത്തണം. സാമ്പത്തിക ഇടപാടുകളിൽ അതീവ സൂക്ഷ്മത കാണിക്കാതിരുന്നാൽ കടം പെരുകുകയും അഭിമാനവും ജീവിതവും നഷ്ടപ്പെടുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിക്കുകയും ചെയ്യും. മൊബൈൽ ആപ്പുകളിൽ സ്വകാര്യത എന്നത് വലിയ ചോദ്യ ചിഹ്നമാണ്. വാട്സാപ്പ് സ്വകാര്യവിവരങ്ങൾ പങ്കുവെക്കുന്നു എന്ന വാർത്ത വലിയ പ്രതിഷേധങ്ങൾക്ക് കാരണമാവുകയും ഇതിൽ നിന്നും അവർ പിന്മാറുകയും ചെയ്തു. എന്നാൽ നമ്മുടെ മൊബൈലിൽ ഉള്ള പല ആപ്പുകളും ഈ ചൂഷണം നിർബാധം തുടർന്നുകൊണ്ടിരിക്കുന്നു.

മറ്റൊന്ന് മദ്യവും മയക്കുമരുന്നുകളും മറ്റു ദുശ്ശീലങ്ങളും തീർക്കുന്ന ബാധ്യതകൾ ഉണ്ടാക്കുന്ന മാനസിക, സാമ്പത്തിക പ്രതിസന്ധികളാണ്. അതിനെ സമർഥമായി ചൂഷണം ചെയ്ത് ചിലർ കെണികൾ വിരിച്ചുതരും. അത് കുറ്റകൃത്യങ്ങളിലോ ആത്മഹത്യയിലോ ഒക്കെ പര്യവസാനിക്കുന്ന കാഴ്ചയാണ് പലപ്പോഴും കാണാറുള്ളത്. ലഹരിവിതയ്ക്കുന്ന ദുരന്തങ്ങളുടെ ആഴം അഗാധമാണ്. തിരിച്ചുവരാൻ സാധ്യമാവാത്തവിധം മറ്റു കുറ്റകൃത്യങ്ങളിലേക്ക് ഇത് ഇരകളെ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. സ്വയം ഉണ്ടാക്കുന്ന കുരുക്കുകൾ ജീവിതം തന്നെ അവസാനിപ്പിക്കുന്ന വിധത്തിലേക്ക് പരിണമിക്കുന്നു എന്നത്



തിരിച്ചറിയാനും നമുക്ക് ചുറ്റുമുള്ളവരെ ബോധ്യപ്പെടുത്താനും നിതാന്ത ജാഗ്രത പുലർത്താനും കുടുംബവും സമൂഹവും സർക്കാരുകളും ബോധപൂർവവും ശക്തവുമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ഓരോ നാടും സുരക്ഷിതമാണെന്ന് ഉറപ്പാക്കാൻ ആ നാട്ടുകാർക്ക് കൂടി ബാധ്യതയുണ്ട്. പ്രാദേശിക ഭരണകൂടങ്ങളും മത, സാമൂഹിക, സാംസ്കാരിക സംഘടനകളും ഈ രംഗത്ത് തങ്ങളുടെ ഉത്തരവാദിത്തം മറക്കരുത്.

ചൂഷണമുക്തമായ സമൂഹം എന്നത് എല്ലാവരുടെയും ആവശ്യമാണ്. പരിസരങ്ങളിലുള്ള അസ്വസ്ഥതകൾ സാമൂഹികജീവികൾ എന്ന നിലയ്ക്ക് എല്ലാവരെയും ബാധിക്കും. അത്കൊണ്ടുതന്നെ നമ്മുടെ സ്വസ്ഥത തകർക്കുന്ന ലഹരി, സാമ്പത്തിക ചൂഷണം അടക്കമുള്ള തിന്മകളെ ഇല്ലായ്മ ചെയ്യാനുള്ള ബാധ്യത നമുക്കെല്ലാം ഉണ്ട്. നമ്മൾ തെരഞ്ഞെടുത്ത ഭരണകൂടത്തെക്കൊണ്ട് നിയമ നിർമാണം നടത്തിക്കാനും ഭരണനിർവഹണ ചാനലുകൾ അവ ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്താനും എല്ലാ പൗരൻമാരും തങ്ങളാൽ കഴിയുന്ന പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. സാമൂഹിക സന്തുലിതാവസ്ഥയെ തകർക്കുന്ന പ്രവണതയ്ക്കെതിരെ ക്രിയാത്മകമായി പ്രതികരിക്കാനും ഫലവത്തായ നടപടികൾക്കു വേണ്ടി കൂട്ടായ പരിശ്രമം നടത്താനും നമുക്ക് സാധ്യമാകട്ടെ.

ജാലകം

# പോസിറ്റീവ്

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

'പോസിറ്റീവ്' എന്ന പദം ശുഭസൂചനയുടെതായിരുന്നു ഇക്കാലമത്രയും. കൊറോണ വൈറസ് എല്ലാ കണക്കുകൂട്ടലുകളെയും തെറ്റിച്ച കൂട്ടത്തിൽ ഈ പദത്തെയും അർഥം തെറ്റിച്ചു. പോസിറ്റീവ് എന്ന് കേൾക്കുമ്പോൾ ഞെട്ടുന്ന സ്ഥിതിയായി. നെഗറ്റീവ് റിസൾട്ട് വന്നാൽ മതിയായിരുന്നു എന്ന് ചിന്തിച്ചുതുടങ്ങി. നമുക്കിനി പോസിറ്റീവിലേക്കുതന്നെ തിരിച്ചുവരണം. വിചാരത്തിലും വികാരത്തിലും സമീപനത്തിലും പ്രതീക്ഷയിലും പോസിറ്റീവായിത്തന്നെ പുനരവതരിക്കണം.

ദൃശ്യ, ശ്രവണ, പാരായണങ്ങളിലൊക്കെയും നെഗറ്റീവ് കാര്യങ്ങളേയുള്ളൂ. സന്തോഷത്തിന്ന് വകനൽകുന്നത് വളരെ വിരളമാണ്. അത്കൊണ്ടുതന്നെ മനസ്സുകളുടെ പിരിമുറുക്കങ്ങളും പ്രതികരണ ചിന്തകളും പരസ്പര വിദ്വേഷങ്ങളും ജീവിതത്തിൽനിന്നുതന്നെയുള്ള ഒളിച്ചോട്ടങ്ങളും വർധിച്ചുവരികയാണ്. ഇങ്ങനെ വേവും ചൂടുമായി അസ്വസ്ഥജീവിതം നയിക്കാനല്ല ബുദ്ധിയും വിവേകവും കൊണ്ട് അനുഗൃഹീതനായ മനുഷ്യനെ അല്ലാഹു പടച്ചത്. "എന്റെ പക്കൽ നിന്ന് 'ഹുദാ' (നേർവഴി) വരുമ്പോൾ, അത് പിന്തുടർന്നവന്ന് പേടിക്കാനും ദുഃഖിക്കാനുമില്ല" (ക്വുർആൻ 2:38) എന്ന് മനുഷ്യജീവിതത്തിന്റെ തുടക്കംകുറിക്കുമ്പോൾ അല്ലാഹു പറഞ്ഞിട്ടുണ്ട്. പ്രതീക്ഷ കൈവിടാതെ വിവേകപൂർവം ജീവിതത്തെ സമീപിക്കാനാണ് ക്വുർആൻ കൽപിക്കുന്നത്. രാത്രിയിൽ നേരത്തെ കിടന്നുറങ്ങി, നിശാന്ത്യയാമങ്ങളിൽ ഉണർന്നെഴുന്നേറ്റ് നമസ്കരിക്കാൻ ശക്തമായി പ്രേരിപ്പിച്ച പ്രവാചകൻﷺ ആ നിശാനമസ്കാരത്തിലെ പ്രാരംഭ പ്രാർഥനയിൽ ഉരുവിട്ടിരുന്ന ചില വരികൾ ഇങ്ങനെയായിരുന്നു: 'ആകാശഭൂമികളെ സൃഷ്ടിച്ചവന്റെ നേർക്കുനേരെ ഞാനിതാ വിധേയപൂർവം മുഖം തിരിച്ചിരിക്കുന്നു. അവന്റെ പരമാധികാരത്തിലും അവനോടുള്ള വിധേയത്വത്തിലും അവന്റെ സവിശേഷതകളിലും മറ്റാരെയും ഞാൻ പങ്കുചേർക്കുന്നവനല്ല. എന്റെ പ്രാർഥന, പുണ്യകർമങ്ങൾ, എന്റെ ജീവിതവും മരണവും എല്ലാം ലോകപരിപാലകനായ അല്ലാഹുവിന്നു മാത്രമാണ്...'

ഇങ്ങനെ സമ്പൂർണ സമർപ്പിത പ്രതിജ്ഞയെടുത്തുകൊണ്ട് പ്രാർഥിച്ചു നേരംപുലരുന്ന ഒരു വിശ്വാസിക്ക് ലഭിക്കുന്ന മനശ്ശാന്തിയും ആത്മവിശ്വാസവും എന്തുമാത്രം ഉൽകൃഷ്ടമായിരിക്കുമെന്ന് സ്വയം അനുഭവിച്ചാസ്വദിച്ചാൽ പിന്നെ, നിരാശക്കും മനസ്സിന്റെ അലോസരങ്ങൾക്കും എവിടെയും ഇടമുണ്ടായിരിക്കില്ല. ഇമാം അഹ്മദ് ഉദ്ധരിച്ച ഒരു നബിവചനത്തിൽ കാണാം: "നിശ്ചയം, അല്ലാഹുവിങ്കൽനിന്ന് സഹായം ലഭിക്കുന്നത് ക്ഷമയോടൊപ്പമാണ്." ഇഷ്ടപ്പെട്ടവർ അപകടത്തിൽ പെടുമ്പോൾ കരയാതിരിക്കുക മാത്രമല്ല ക്ഷമ എന്നത്; മനസ്സിനെ പതറാതെ പിടിച്ചുനിർത്താനുള്ള കഴിവാണ് ക്ഷമ. ഈയൊരു ഒറ്റമൂലി മതി ജീവിതം എപ്പോഴും പോസിറ്റീവായിരിക്കാൻ.

അൻതറബ്നു ശദ്ദാദ് എന്ന പ്രസിദ്ധ അറബി കവിയെപ്പറ്റി ഒരു കഥയുണ്ട്. അസാമാന്യ ധീരത പ്രകടിപ്പിച്ച കവിയായിരുന്നു അദ്ദേഹം. ഈ മഹാധീരതക്ക് പാരിതോഷികമായി യജമാനൻ അയാളെ മോചിപ്പിക്കുകയും പിന്നീട് തന്റെ നാട്ടുകാർക്ക് നേതാവാക്കുകയും ചെയ്തുവത്രെ. ഒരിക്കൽ ഒരാൾ അൻതറയോട് ചോദിച്ചു: 'താങ്കളെങ്ങനെയാണ് ഇത്ര ധീരത കാണിക്കുന്നത്?' അദ്ദേഹം പറഞ്ഞു: 'ക്ഷമകൊണ്ട്.' അന്നാട്ടിലെ മഹാധീരനായി വിലസിയിരുന്നയാൾ ഒരിക്കൽ അദ്ദേഹത്തോട് പറഞ്ഞു: 'ഞാനാണ് നിന്നെക്കാൾ ധീരൻ.' അൻതറ പറഞ്ഞു: 'ശരി. നമുക്കൊന്ന് പരീക്ഷിക്കാം.' അൻതറ തന്റെ കൈവിരൽ അദ്ദേഹത്തിന്റെ വായിൽ വെച്ചു. അയാളുടെ കൈവിരൽ പിടിച്ചു തന്റെ വായിലും വെച്ചു. പിന്നീട് അതിന്മേൽ അൻതറ ഒരു കടി കൊടുത്തു. ഇതിൽ ക്ഷുഭിതനായി അപരനായ ധീരൻ അൻതറയുടെ കൈവിരൽ ശക്തിയോടെ കടിച്ചു ഞെരിച്ചു. അൻതറയും അക്ഷോഭ്യനായി അയാളുടെ വിരൽ കടിച്ചുപിടിച്ചു. ഒടുവിൽ അപരൻ നിലവിളിച്ചു. അൻതറ കടിവിട്ടുകൊണ്ട് ചോദിച്ചു: 'എന്തിനാണ് ഇത്ര ധീരനായ താങ്കൾ കരഞ്ഞത്?' 'വേദന സഹിക്കാനായില്ല' അയാൾ പറഞ്ഞു. 'എനിക്കും നല്ല വേദനയുണ്ടായിരുന്നു. പക്ഷേ, ഞാനത് സഹിച്ചു' പുഞ്ചിരിയോടെ അൻതറ പറഞ്ഞു. ഇതൊരു കഥയാണ് എന്നാൽ തനിക്ക് വേദന വരുമ്പോൾ ക്ഷമ കൈവിട്ടുപോകുകയാണ് നമ്മിൽ പലർക്കും.

ഒരിക്കൽ ഒരു ക്വബ്റിന്നടുത്തിരുന്ന് കരയുന്ന ഒരു സ്ത്രീയോട്, ആ വഴിക്കു നടക്കവെ നബിﷺ പറഞ്ഞു: 'അല്ലാഹുവെ സൂക്ഷിക്കൂ, ക്ഷമിക്കൂ.' ആ സ്ത്രീ പറഞ്ഞു: 'എന്റേതുപോലൊരു ദുരിതം താങ്കൾക്കു വരാത്തതുകൊണ്ടാണിപ്പറയുന്നത്.' നബിയാണതെന്ന് ആ സ്ത്രീ അറിഞ്ഞിരുന്നില്ല. പിന്നീട് ആളെ അറിഞ്ഞപ്പോൾ അവർ നബിﷺയുടെ അടുത്തുചെന്ന് മാപ്പു പറഞ്ഞു: 'താങ്കളാണെന്ന് ഞാനറിഞ്ഞില്ല.' നബിﷺ പറഞ്ഞു: 'ആദ്യഘട്ടത്തിലാണ് ക്ഷമ വേണ്ടിയിരുന്നത്' (ബുഖാരി, മുസ്‌ലിം).

ജീവിതത്തെ ഏതു സന്ദർഭത്തിലും പോസിറ്റീവായി കാണുകയാണ് നാം വേണ്ടത്. നമ്മുടെ വിശ്വാസവും ആരാധനാകർമങ്ങളും ദിക്റുകളും ദുആകളും അതിന്ന് സഹായകവുമാണ്.



GREEN VALLEY INSTITUTIONS

# GREEN HOME

## RESIDENTIAL CAMPUS FOR BOYS

## What is ?

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

**Affiliated to CBSE, New Delhi,** the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green Home Residential Program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special Features Included

- Curriculum focusing on quran, belief system, jurisprudence and Islamic history
- Guidelines prepared by panel experts in the field of Islamic education
- Quran memorizing with tajweed
- Communicative Arabic and English

**Registration Open for Grade 5-9**
**(Boys Only)**

0495-220 8770
+91 8606788882
www.greenvalleycampus.com

**Green Valley Campus**
**Nellikkaparamba, Mukkam,**
**Calicut, Pin: 673602**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 FEBRUARY 06

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

wisdomstudents

Scan here for Registration

WISDOM students

25th

# PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE



TO THE RIGHT GOAL...
THROUGH THE RIGHT PATH..

THIS TIME WE GO ONLINE

Live Streaming On www.profcon.in

2021 FEBRUARY 25 26 27 28

edifice
Centre for Islamic Studies & Guidance

peaceradio
Tune to reality

WISDOM students

CV Complex,
PV Sami Road, Kozhikkode
9562 01 40 50